കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2017 ഡിസംബർ
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





എണ്ണാം! പഠിക്കാം!
(പ്രൈമറി വിഭാഗം)
**ഡോ. രാധിക സി നായർ**
വില ₹40




നിലാവിലെ പാട്ടുകാർ
(പ്രൈമറി വിഭാഗം)
**സൈജ എസ്**
വില ₹55




അഞ്ചു പൂച്ചക്കുട്ടികൾ
(പ്രൈമറി വിഭാഗം)
**ഡോ. രാധിക സി നായർ**
വില ₹45




കരയിലും വെള്ളത്തിലും
(പ്രൈമറി വിഭാഗം)
**ചിഞ്ജു പ്രകാശ്**
വില ₹25




ലാ ജാ ...വ്
(പ്രൈമറി വിഭാഗം)
**ഷിനോജ് രാജ്**
വില ₹35




അപ്പുക്കുട്ടനും കട്ടുറുമ്പും
(പ്രൈമറി വിഭാഗം)
**രാധികാദേവി റ്റി ആർ**
വില ₹50

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34**, **ഫോൺ** 0471 -233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഡിസംബർ 2017
വില ₹20
വാർഷികവരിസംഖ്യ ₹200

ഉള്ളടക്കം

## മഞ്ഞണിഞ്ഞ ഒരു രാത്രിയിൽ

6

റോസ്മേരി



ബെത്‌ലഹേമിലെ പുൽക്കുടിലിൽ ലോകരക്ഷകനായി പിറന്നുവീണ ഉണ്ണി യേശു. ആ തിരുപ്പിറവിയുടെ മഹത്വ ത്തെക്കുറിച്ച് ഒരോർമപ്പെടുത്തൽ.

## നൊബേൽ സമ്മാനം 2017

20

ഡോ. എം എൻ ശ്രീധരൻനായർ

2017 ലെ നൊബേൽ പുരസ്കാര ത്തിന് അർഹരായവരെ പരിചയപ്പെടു ത്തുന്ന ലേഖനം.






## കിണർ

36

ജി ആർ ഇന്ദുഗോപൻ

പഠനത്തിന്റെ അമിതഭാരം ചുമക്കു ന്നവരാണ് ഇന്നത്തെ കുട്ടികൾ. ആ സത്യത്തിന്റെ ഒരു നേർക്കാഴ്ച യാണ് മനോഹരമായ ഈ കഥ.


മുൻമൊഴി ....4
സുഗതകുമാരി

ആനക്കാര്യം....5
രാജീവ് എൻ ടി

കവിതാപരിചയം....10
വിഷ്ണുനാരായണൻ നമ്പൂതിരി

കിളിയോട്....15
വിശ്വനാഥൻ വടയം

രക്തത്തിന്റെ നിറം....16
സുഗതകുമാരി

ഡോ. ജെ സി ബോസ്....28
കെ പി ലക്ഷ്മണൻ

മനുഷ്യാവകാശദിനം....32
പ്രൊഫ. വി കാർത്തികേയൻ നായർ

കടപയാദി....35
പള്ളിയറ ശ്രീധരൻ

ജനാലകൾ കറന്റുണ്ടാക്കുന്ന കാലം....36
പ്രൊഫ. എസ് ശിവദാസ്

എഴുത്തിലെ നാട്ടുപെരുമ....40
പയ്യന്നൂർ കുഞ്ഞിരാമൻ

മുഖസ്തുതിയല്ലേ....42
പീറ്റർ കുരിശിങ്കൽ

ധ്രുവക്കുറുക്കൻ....43
ജോസ് ജേക്കബ് മണ്ണിൽ

കുട്ടിപാചകം....44
സുമ ശിവദാസ്

എന്തുകൊണ്ട്?....46
പി പി കെ പൊതുവാൾ

ബാലകൃഷ്ണൻ മാഷ് കണ്ടെത്തിയ ഉഷ....48
സനിൽ പി തോമസ്

ഇളംതളിര്....52



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**കവിത ഭാമ**

ആർട്ട് & ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

കവർ
**ബാബുരാജൻ**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**

## മുൻമൊഴി

വീണ്ടും ക്രിസ്മസ് ആശംസകൾ നേരുന്നു. ഈശ്വരാനുഗ്രഹം എന്റെ കുഞ്ഞുങ്ങൾക്കുണ്ടാകട്ടെ.

'സ്നേഹം' എന്ന രണ്ടക്ഷരമാണ് ക്രിസ്തുദേവൻ. ആ കടൽപോലുള്ള സ്നേഹത്തിൽ നിന്നാണ് നിറഞ്ഞ കാരുണ്യവും ത്യാഗവും തെളിഞ്ഞുയർന്നത്. ഈ മൂന്നു വാക്കുകളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സ്നേഹമുണ്ടെങ്കിൽ മാത്രമേ കാരുണ്യമുണ്ടാവുകയുള്ളൂ. മറ്റുള്ളവരുടെ ദുഃഖദുരിതങ്ങൾ കാണുമ്പോൾ മനസ്സ് അലിയണം. ആ അലിവിൽ നിന്നത്രേ ത്യാഗം ഉത്ഭവിക്കുന്നത്. മനുഷ്യരെന്ന സഹോദരങ്ങളുടെ ദുരിതമകറ്റാൻ എന്നെക്കൊണ്ട് എന്തു ചെയ്യാനാവും എന്നാലോചിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നതാണ് ത്യാഗം. സ്വന്തം സുഖം, സൗകര്യം എന്ന സ്വാർത്ഥത മറന്ന് അന്യദുഃഖം അകറ്റാൻവേണ്ടിയുള്ള ശ്രമത്തിനെയാണ്, അതിനുവേണ്ടി സ്വയം തപിപ്പിക്കുന്നതിനെയാണ് നാം ത്യാഗം എന്നു വിളിക്കുന്നത്.



വര: സുധീർ പി വൈ

ഈ സ്നേഹകാരുണ്യ ത്യാഗങ്ങളുടെ മൂർത്തീഭാവമാണ് നാം യേശുനാഥനിൽ കാണുന്നത്. അദ്ദേഹം ദൈവപുത്രനെങ്കിലും മനുഷ്യപുത്രനുമായിരുന്നു. പാവപ്പെട്ടവൻ, പാവങ്ങളോടൊപ്പം ജീവിച്ചവൻ– അവിടുത്തെ കൈകളിൽ ഉളിപിടിച്ച തഴമ്പുണ്ടായിരുന്നു. ആ കൈകൾ കുഷ്ഠരോഗികളെയും അന്ധരെയും രോഗികളെയും ആശ്വസിപ്പിച്ചിരുന്നു. ആ കൈകളിലത്രേ പിന്നീട് ആണി അടിച്ചുകയറ്റിയത് എന്നോർക്കുക.

നമുക്കുവേണ്ടി ആ ദിവ്യശിശു പിറന്ന വേളയാണിത്. സ്മരിച്ചു വന്ദിക്കാം. അതോടൊപ്പം സ്നേഹം എന്ന വാക്ക് വെളിച്ചത്തിന്റെ അക്ഷരങ്ങളിൽ ഉള്ളിൽ കുറിച്ചിടാം.

സ്നേഹത്തോടെ,
**സുഗതകുമാരി**

**'സ്നേഹം' എന്ന രണ്ടക്ഷരമാണ് ക്രിസ്തുദേവൻ. ആ കടൽപോലുള്ള സ്നേഹത്തിൽ നിന്നാണ് നിറഞ്ഞ കാരുണ്യവും ത്യാഗവും തെളിഞ്ഞുയർന്നത്. ഈ മൂന്നു വാക്കുകളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സ്നേഹമുണ്ടെങ്കിൽ മാത്രമേ കാരുണ്യമുണ്ടാവുകയുള്ളൂ. മറ്റുള്ളവരുടെ ദുഃഖദുരിതങ്ങൾ കാണുമ്പോൾ മനസ്സ് അലിയണം. ആ അലിവിൽ നിന്നത്രേ ത്യാഗം ഉത്ഭവിക്കുന്നത്.**



# മഞ്ഞണിഞ്ഞ ഒരു രാത്രിയിൽ

**റോസ്മേരി**

പുൽത്തൊട്ടിലിൽ ശയിക്കുന്ന ഈ കുഞ്ഞിനെ കണ്ടുവോ? മുഖത്ത് എന്തൊരു ചൈതന്യം. എമ്പാടും ചൂഴ്ന്നു നിൽക്കുന്ന തണുപ്പിനെ വകവയ്ക്കാതെ അവൻ തന്റെ കൊച്ചുകൈകാലുകൾ മെല്ലെ ഇളക്കി, കളിക്കുകയാണ്.

ഓമനത്തം നിറഞ്ഞ ആ പൈതൽ. ഉണ്ണിയേശുവാണ്. ഒപ്പം അമ്മ മറിയവും അപ്പൻ ജോസഫുമുണ്ട്. ചുറ്റിനും ഏതാനും ആട്ടിടയന്മാർ. അവരുടെ ആട്ടിൻപറ്റവും പിന്നാലെ എത്തിയിട്ടുണ്ട്. പുൽമെത്തയിൽ കിടക്കുന്ന ആ പിഞ്ചുകുഞ്ഞിനെ ആടുകളും ഉറ്റുനോക്കുകയാണ്.

ബെത്‌ലഹേമിലെ ഒരു കാലിത്തൊഴുത്താണ് പശ്ചാത്തലം. ഡിസംബർ മാസം. എങ്ങും ശൈത്യം. ഇടയ്ക്കിടെ വീശിയെത്തുന്ന തണുതണുത്ത കാറ്റ്. പുറത്ത് മഞ്ഞുപെയ്യുന്നുണ്ട്. മകരത്തിലെ ഇത്തരമൊരു ശൈത്യരാവിൽ ജോസഫും മറിയവും എങ്ങനെ ഈ കാലിത്തൊഴുത്തിൽ വന്നുപെട്ടു?

അതിനു പിന്നിൽ പ്രസക്തമായ ചില സംഭവവികാസങ്ങളുണ്ട്. ഇസ്രായേല്യരായ മറിയം ഗലീലിയയിലെ നസ്രത്തു പട്ടണത്തിലായിരുന്നു താമസം. തികഞ്ഞ ദൈവഭക്തയും സൗശീല്യവതിയുമായ ഒരു ചെറുപ്പക്കാരി.

ഒരു വൈകുന്നേരം അവൾ തന്റെ മുറിയിൽ ഒറ്റയ്ക്കിരിക്കുകയാണ്. പെട്ടെന്ന് ഗബ്രിയേൽ എന്ന ദൈവദൂതൻ അവൾക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടു. യഹോവയാണ് ഗബ്രിയേൽ മാലാഖയെ അവിടേക്കയച്ചത്. ഒരു പ്രത്യേക സന്ദേശവുമായാണ് ദൂതന്റെ വരവ്.

''നന്മനിറഞ്ഞവളേ,



വര: ബാബുരാജൻ

നിനക്കു വന്ദനം! ദൈവത്തിന്റെ അനുഗ്രഹം നിന്റെ മേൽ പതിച്ചിരിക്കുന്നു. യഹോവ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. നിനക്കു താമസിയാതെ ഒരു പുത്രൻ ജനിക്കും. ലോകത്തിന്റെ രക്ഷകനായ അവൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും. അവൻ എന്നേക്കും രാജാവായിരിക്കും. അവന്റെ രാജ്യം ഒരിക്കലും അവസാനിക്കയില്ല.'' മാലാഖ അരുൾചെയ്തു.

ഗബ്രിയേലിന്റെ ഗംഭീരമായ രൂപവും ഉറച്ച ശബ്ദവും കേട്ട് മറിയം പേടിച്ചുവിറച്ചു. അതിനും പുറമേ അദ്ദേഹം പ്രവചിച്ച കാര്യങ്ങൾ ആ സാധുയുവതിയെ പരിഭ്രാന്തയാക്കി. അക്കാര്യം എങ്ങനെ സംഭവിക്കും? താൻ വിവാഹം കഴിച്ചിട്ടില്ല. കന്യകയായ ഒരുവൾക്ക് എങ്ങനെയാണ് കുഞ്ഞു പിറക്കുക?

മറിയത്തിന്റെ ആശങ്ക തിരിച്ചറിഞ്ഞ ദൈവദൂതൻ അവളെ ധൈര്യപ്പെടുത്തി. ''ദൈവത്താൽ അസാധ്യമായത് എന്തുണ്ട്? ദൈവത്തിന്റെ ചൈതന്യം നിന്നിൽ നിറയും. പരിശുദ്ധാത്മാവിനാൽ നീ ഗർഭം ധരിക്കും. അവൻ യേശു (രക്ഷകൻ) എന്നു വിളിക്കപ്പെടും. ദാവീദിന്റെ സിംഹാസനം കർത്താവ്, അവനു നൽകും.''

ഇതുകേട്ട്, മറിയത്തിന്റെ ഹൃദയം സ്വസ്ഥമായി. ദൈവതിരുമുമ്പിൽ അവളുടെ ഉള്ളം വിനയാന്വിതമായി. ''ഇതാ ഞാൻ! അവിടത്തെ എളിയദാസി! കർത്താവിന്റെ തിരുവിഷ്ടം എന്നിൽ നിറവേറട്ടെ!''

കരങ്ങൾ ഉയർത്തിക്കൊണ്ട് അവൾ ദൈവത്തെ സ്തുതിച്ചു.

ദാവീദിന്റെ ഗോത്രത്തിൽ പിറന്ന ജോസഫ് എന്ന യുവാവുമായി മറിയത്തിന്റെ വിവാഹം നിശ്ചയിക്കപ്പെട്ടിരുന്നു. ആശാരിപ്പണിയായിരുന്നു അവന്റെ തൊഴിൽ.

ദൈവദൂതൻ പ്രവചിച്ചതുപോലെ ഏതാനും നാളുകൾക്കകം മറിയം ഗർഭിണിയായി. ഇതറിഞ്ഞപ്പോൾ, ജോസഫിന്റെ മനസ്സ് വല്ലാതെ അസ്വസ്ഥമായി. ഇന്നുവരെ മറിയത്തെ താൻ സ്പർശിക്കപോലും ചെയ്തിട്ടില്ല. പിന്നെ എങ്ങനെ അവൾ ഗർഭിണിയാകും?

ജോസഫിന് അവളുടെ വിശ്വസ്തതയെക്കുറിച്ചു സംശയമായി. അവൻ തന്റെ പ്രതിശ്രുതവധുവിനെ ഉപേക്ഷിക്കാൻ തന്നെ തീരുമാനിച്ചു.

ജോസഫ് മറിയത്തെ വളരെയേറെ സ്നേഹിച്ചിരുന്നു. അവളെ പിരിയുന്നതിൽ അവൻ അതീവ ദുഃഖിതനായിരുന്നു. അങ്ങനെയിരിക്കെ ഒരുരാത്രിയിൽ ജോസഫിന് സ്വപ്നദർശനമുണ്ടായി. സ്വപ്നത്തിൽ ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് ഇപ്രകാരം വെളിപ്പെടുത്തി.

''മറിയത്തെ ഭാര്യയാക്കാൻ നീ മടിക്കരുത്. അവൾ ഇന്നും കന്യകതന്നെ. ദൈവമാണ് അവൾക്കു കുഞ്ഞിനെ നൽകിയത്. അവന്റെ ചൈതന്യമാണ് ആ ഉദരത്തിൽ നിറഞ്ഞിരിക്കുന്നത്.''

പിറ്റേന്ന്, ഉറക്കമുണർന്ന ജോസഫ് തന്റെ തീരുമാനം മാറ്റി. മറിയത്തെ വിവാഹം ചെയ്യാൻ തന്നെ അവൻ തീരുമാനിച്ചു. കാർമേഘം ഒഴിഞ്ഞുപോയ ആകാശം പോലെ അവന്റെ മനസ്സ് സ്വച്ഛവും ശാന്തവുമായി.

ഏതാനും നാളുകൾക്കു ശേഷം അവർ വിവാഹിതരായി. മാസങ്ങൾ കടന്നുപോയി. അഗസ്റ്റസ് സീസറായിരുന്നു അന്നു റോമാസാമ്രാജ്യം ഭരിക്കുന്നത്. ചക്രവർത്തി ആയിടെ വളരെ പ്രധാനപ്പെട്ട ഒരു കല്പന പുറപ്പെടുവിച്ചു. റോമാസാമ്രാജ്യത്തിലെ സകല പ്രജകളും അവരവരുടെ ജന്മദേശത്തു മടങ്ങിച്ചെന്ന് ഒരു രജിസ്റ്ററിൽ തങ്ങളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തണം.

എല്ലാവരും കൃത്യമായ് നികുതിപ്പണം അടയ്ക്കുന്നുണ്ടോ എന്നൊക്കെ അറിയാനുള്ള ഒരു കണക്കെടുപ്പ്.

**മറിയത്തിന്റെ ആശങ്ക തിരിച്ചറിഞ്ഞ ദൈവദൂതൻ അവളെ ധൈര്യപ്പെടുത്തി. "ദൈവത്താൽ അസാധ്യമായത് എന്തുണ്ട്? ദൈവത്തിന്റെ ചൈതന്യം നിന്നിൽ നിറയും. പരിശുദ്ധാത്മാവിനാൽ നീ ഗർഭം ധരിക്കും. അവൻ യേശു (രക്ഷകൻ) എന്നു വിളിക്കപ്പെടും. ദാവീദിന്റെ സിംഹാസനം കർത്താവ്, അവനു നൽകും."**

നാടെങ്ങും കോളിളക്കമുണ്ടാക്കിയ വിളംബരം. ഇതിനായി റോമാസാമ്രാജ്യത്തിന്റെ പലദിക്കുകളിലും താമസിക്കുന്നവർ തങ്ങളുടെ ജന്മദേശത്തേക്കു യാത്ര ആരംഭിച്ചു. ജോസഫ് വല്ലാതെ കുഴങ്ങി. ബെത്‌ലഹേമാണ് അവന്റെ ജന്മദേശം. നസ്രത്തിൽ നിന്നും ഏറെ അകലെ. മറിയമാണെങ്കിൽ പൂർണഗർഭിണി. നസ്രത്തിൽ നിന്നും ബെത്‌ലഹേമിലേക്ക് ദൂരം കുറച്ചേറെയുണ്ട്. സഞ്ചരിക്കാൻ നല്ല പാതകളോ, വാഹനങ്ങളോ ഇല്ലാത്ത കാലം.

പക്ഷേ, ചക്രവർത്തി തികഞ്ഞ കർക്കശക്കാരനാണ്. നിശ്ചിതസമയത്തിനുള്ളിൽ കൽപ്പന നിറവേറ്റണം. അനു

സരിച്ചില്ലെങ്കിൽ കഠിനശിക്ഷ ഉറപ്പ്. അവർ പോകാൻ തന്നെ തീരുമാനിച്ചു. ജോസഫ് തന്റെ പറ്റത്തിൽനിന്നും ഏറ്റവും കരുത്തനായ കഴുതയെത്തന്നെ തിരഞ്ഞെടുത്തു. യാത്രയ്ക്കുള്ള ഭക്ഷണവും കുടിവെള്ളവും കരുതി.

കുന്നുകളും താഴ്‌വരകളും പാറക്കെട്ടുകളും പിന്നിട്ടായിരുന്നു യാത്ര. മൂന്നുദിവസത്തെ ക്ലേശം നിറഞ്ഞ സഞ്ചാരത്തിനുശേഷം അവർ ബെത്ലഹേമിൽ എത്തിച്ചേർന്നു. അവിടത്തെ കാര്യമാണ് ബഹുവിശേഷം. കാനേഷുമാരി കണക്കെടുപ്പിനായ് എത്തിച്ചേർന്നവരെക്കൊണ്ട് നഗരം നിറഞ്ഞുകവിഞ്ഞു. കാണുന്നിടത്തൊക്കെയും ജനപ്രവാഹം. സകല സത്രങ്ങളിലും വിശ്രമകേന്ദ്രങ്ങളിലും അവർ തമ്പടിച്ചിരിക്കുന്നു. പുതുതായ് എത്തുന്നവർക്കു താമസിക്കാൻ ഒരിഞ്ചുസ്ഥലം പോലും എങ്ങും ബാക്കിയില്ല.

മറിയത്തിനാണെങ്കിൽ വല്ലാത്ത ക്ഷീണം. ഒരു പകൽ മുഴുവൻ അലഞ്ഞിട്ടും ജോസഫിന് ഒരു വിശ്രമസ്ഥലം കണ്ടെത്താനായില്ല. ഒടുക്കം മറിയത്തിന്റെ അവസ്ഥകണ്ട് മനസ്സലിഞ്ഞ ഒരു സത്രം ഉടമ പറഞ്ഞു.

''എനിക്ക് നിങ്ങളെ സഹായിക്കണമെന്നുണ്ട്. പക്ഷേ സത്രത്തിനുള്ളിൽ ഒട്ടും സ്ഥലമില്ല. പിന്നിൽ മങ്ങിയ വെളിച്ചം കാണുന്നത് എന്റെ തൊഴുത്താണ്. അതിന്റെ ഒരു വശത്ത് ഈ രാത്രി വിശ്രമിച്ചുകൊള്ളൂ!''

അദ്ദേഹത്തിന് നന്ദി പറഞ്ഞുകൊണ്ട് അവർ സത്രത്തിന്റെ പിന്നാമ്പുറത്തേക്കു നടന്നു. ജോസഫ് തൊഴുത്തിന്റെ ഒരുഭാഗം വൃത്തിയാക്കി. എന്നിട്ട് വൈക്കോൽ കൊണ്ട് മൃദുലമായ ഒരു കിടക്ക തീർത്തു.

മറിയം ഗർഭക്ലേശത്താൽ തളർന്നിരുന്നു. താമസിയാതെ അവൾ പ്രസവിച്ചു. ആരോഗ്യവാനായ ഒരു ആൺകുഞ്ഞ്. ജോസഫ് അവനെ ഏറ്റുവാങ്ങി ആ പുൽത്തൊട്ടിയിൽ കിടത്തി. എന്നിട്ട് ഒരു തുണിക്കീറുകൊണ്ട് അവനെ പുതപ്പിക്കുകയും ചെയ്തു.

രാത്രി ഏറെയായി. മഞ്ഞിൽ കുളിച്ചുനിൽക്കുന്ന പ്രകൃതി എങ്ങും പരന്നൊഴുകുന്ന വെണ്ണിലാവ്. ബെത്ലഹേം പട്ടണത്തിന്റെ ലേശം തെക്കുള്ള ഒരു മലഞ്ചെരിവ്. ഒരുകൂട്ടം ഇടയന്മാർ തീക്കുണ്ഡത്തിനു ചുറ്റുമിരുന്ന് തണുപ്പകറ്റുകയാണ്. പിന്നിൽ പാതിമയക്കത്തിലാണ്ട അവരുടെ ആട്ടിൻപറ്റം.

ചുറ്റിനും ഹിമധൂളികൾ അടർന്നു പതിക്കുന്ന നേർത്ത മർമരം മാത്രം. പെട്ടെന്ന് അവർക്കു മുന്നിലായ് ഒരു ജ്വലപ്രകാശം. അതാ ഒരു ദൈവദൂതൻ. തേജോമയമായ ആ രൂപം കണ്ട് അവർ ഭയന്നുവിറച്ചു.

ദൈവദൂതൻ അവർക്കു സമാധാനം ആശംസിച്ചു.

''ഭയപ്പെടേണ്ട. സകല ജനത്തിനും സന്തോഷം നൽകുന്ന ഒരു സുവാർത്ത നിങ്ങളെ ഞാൻ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ ലോകത്തിന്റെ രക്ഷകൻ പിറന്നിരിക്കുന്നു. ഒരു കാലിത്തൊഴുത്തിലെ പുൽക്കൂട്ടിൽ ചെറിയ കച്ചകൊണ്ടു പുതപ്പിച്ച നിലയിൽ ദിവ്യശിശുവിനെ നിങ്ങൾ കണ്ടെത്തും. അവനെ ചെന്നുകണ്ട് വന്ദിക്കുക.''

ഇത്രയും പറഞ്ഞ് ദൈവദൂതൻ മേഘങ്ങൾക്കിടയിൽ മറഞ്ഞു. ഇടയന്മാർ ഭക്തിയും ആഹ്ലാദവും നിറഞ്ഞ ഹൃദയത്തോടെ ദിവ്യശിശുവിനെ തിരഞ്ഞുനടന്നു. ഒടുക്കം പുൽത്തൊട്ടിയിൽ ശയിക്കുന്ന പൈതലിനെ അവർ കണ്ടെത്തി.

ഉണ്ണിയേശു കിടക്കുന്ന ദിക്കിലെങ്ങും അഭൗമികമായ ഒരു വെളിച്ചം കാണപ്പെട്ടു. വിശുദ്ധ ചൈതന്യമാർന്ന ആ ശിശുവിനെ അവർ മുട്ടിന്മേൽ നിന്നു വണങ്ങി.

ദൈവദൂതൻ ഇടയന്മാരെ സുവാർത്ത അറിയിച്ച ഉടനെ വെൺമേഘങ്ങൾക്കിടയിലൂടെ മാലാഖമാർ പ്രത്യക്ഷപ്പെട്ടു. അവർ ഒത്തുചേർന്ന് ഇമ്പമാർന്ന ശബ്ദത്തിൽ സ്വർഗീയഗാനം പൊഴിച്ചു. ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ നല്ല മനസ്സുള്ളവർക്കു സമാധാനം!''

അന്ന് ഡിസംബർ ഇരുപത്തിയഞ്ചായിരുന്നു. ഇന്ന് ലോകമെമ്പാടും ക്രിസ്മസ് കൊണ്ടാടുന്ന സുദിനം. ഉണ്ണിയേശുവിന്റെ ജനനം മുതൽക്കാണ് ബൈബിളിലെ പുതിയനിയമം ആരംഭിക്കുന്നത്. ലോകചരിത്രത്തെ ക്രിസ്തുവിനു മുമ്പ് (ബിസി) ക്രിസ്തുവിനു ശേഷം

8

**ദൈവദൂതൻ ഇടയന്മാരെ സുവാർത്ത അറിയിച്ച ഉടനെ വെൺമേഘങ്ങൾക്കിടയിലൂടെ മാലാഖമാർ പ്രത്യക്ഷപ്പെട്ടു. അവർ ഒത്തുചേർന്ന് ഇമ്പമാർന്ന ശബ്ദത്തിൽ സ്വർഗീയഗാനം പൊഴിച്ചു. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ നല്ല മനസ്സുള്ളവർക്കു സമാധാനം!"**





(എ ഡി) എന്നിങ്ങനെ വിഭജിക്കുന്നതിന് ആധാരമായിത്തീർന്ന മഹദ്സംഭവം.

'കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ മനുഷ്യകുലത്തെ സകല പാപങ്ങളിൽ നിന്നും മോചിപ്പിക്കും' എന്ന് അനേക സംവത്സരങ്ങൾക്കുമുമ്പ് പ്രവാചകർ പറഞ്ഞുവച്ചത് അങ്ങനെ പൂർത്തീകരിക്കപ്പെട്ടു.

ഉണ്ണിയേശുവിന്റെ ജനനസമയത്തു കിഴക്കൻ ആകാശത്തു വെട്ടിത്തിളങ്ങുന്ന പ്രഭയോടുകൂടിയ ഒരു ഉജ്വലനക്ഷത്രം പ്രത്യക്ഷപ്പെട്ടു. രക്ഷകന്റെ പിറവിയെ വിളംബരം ചെയ്യുന്ന താരകം. പൗരസ്ത്യദേശത്തെ മൂന്നു ജ്ഞാനികൾ അതിനെ തിരിച്ചറിഞ്ഞു.

വേദശാസ്ത്രവും ജ്യോതിശാസ്ത്രവും ആഴത്തിൽ അറിയുന്ന ആ ജ്ഞാനികൾ രക്ഷകന്റെ വരവിനെക്കുറിച്ച് ഗ്രന്ഥങ്ങളിൽ നിന്നും വായിച്ചറിവുള്ളവരായിരുന്നു.

കിഴക്കുനിന്നുമുള്ള മൂന്നു രാജാക്കന്മാരായിരുന്നു അവരെന്നും പറയപ്പെടുന്നു. നക്ഷത്രം വാനവീഥിയിലൂടെ അവർക്കു മീതേ സഞ്ചരിച്ചു. ആ താരകം കാട്ടിയ വഴിയേ ലോകരക്ഷകനായ് പിറന്ന ശിശുവിനെ കണ്ടുവന്ദിക്കാനായ് അവർ യാത്രതിരിച്ചു. ഒട്ടകപ്പുറത്തായിരുന്നു യാത്ര. ദീർഘദൂരത്തെ സഞ്ചാരത്തിനുശേഷം അവർ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു.

ബെത്‌ലഹേമിലെ പുൽത്തൊഴുത്തിനു മീതെ ആകാശവിതാനത്തിൽ നക്ഷത്രം നിശ്ചലമായ് നിലകൊണ്ടു. അവർ ഉള്ളിൽ പ്രവേശിച്ച് ദിവ്യശിശുവിനെ വന്ദിച്ചു. പൊന്ന്, മീറ, കുന്തിരിക്കം എന്നിവ പൈതലിന് കാഴ്ചദ്രവ്യമായ് അർപ്പിച്ചു. തിരുപ്പിറവിയുടെ ചിത്രങ്ങളിൽ പൗരസ്ത്യദേശത്തു നിന്നുള്ള ഈ മൂന്നു ജ്ഞാനികളെയും കാണാനാവും.

സമാധാനമാണ് ക്രിസ്മസിന്റെ സന്ദേശം. സമാനമായ മറ്റൊരു വിളംബരം ലാളിത്യത്തിന്റേതാണ്. ദൈവപുത്രനായ യേശു പിറന്നത് ഒരെളിയ പുൽത്തൊഴുത്തിലാണ്. അതും ഒരാശാരിയുടെ മകനായി...

യേശു അധ്വാനിക്കുന്നവർക്കും കഷ്ടപ്പെടുന്നവർക്കും ഒപ്പമാണ് ജീവിച്ചത്. അവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേർന്ന് അവരിൽ ഒരാളായി അങ്ങനെ ലാളിത്യത്തിന്റെ മഹത്വവും കൂടിയാണ് ക്രിസ്മസ് വെളിപ്പെടുത്തുന്നത്.



വര: സുധീർ പി വൈ



# ഒരു ക്രിസ്മസ് ഗാനം

**വിഷ്ണുനാരായണൻ നമ്പൂതിരി**

ഇതൾ വിരിയുംപോലെ ദൂര-
ത്തരുവികൾ പാടുംപോലേ,
മഞ്ഞു പൊടിഞ്ഞുതീരുംരാവിൽ
ചിമ്മിനിനാളംപോലേ,
ഉരുനിശ്ചയമൊന്നെൻ മൃതമാ-
മുയിരിൽ നിമന്ത്രിക്കുന്നു.
'ഉണ്ണിക്കാൽ കണ്ടു കിഴക്കൊരു
വെള്ളിയുദിച്ചീടുന്നു!'
നിദ്രിതമെൻവീടും തൊടിയും
നിദ്രിതമിളയും വാനും
ചിതർനുരയും പതയും ചുഴിയും
ചിന്നിയൊലിക്കും പുഴയും
പകൽനീളെയിരമ്പിയുമാർത്തും
പടപൊരുതീടും തെരുവും
കൺപൊട്ടിയ കമ്പിക്കാലിൻ
കാതരമാമൊരു നിഴലും
അതിൽ മറ്റൊരു നിഴലായ് ചായും
കെടുജീവിതയാതനയും!

എങ്കിലുമൊരുനിശ്ചയമെന്നെയു-
മെൻപെരുവഴിയിലിറക്കി
ഉണ്ണിക്കാൽ കണ്ടുണരും പുലർ-
വെള്ളിക്കതിരിൻനാടേ!





നിൻതിരി പതിനായിരമെഴുവോ-
രമ്പലമേടണയാനായ്
ഉള്ളിൽച്ചെറുനാളം നീട്ടും
നിർമലബോധവുമായി
പാതയിലെൻകൂടെ വരാനിവർ
പാവം രണ്ടോ മൂന്നോ!''

കോടക്കാറ്റലറീടുന്നു
കൊടിയോരിരുൾ ചൂഴുന്നു
പാതയിതെൻ കാൽക്കൽ വിറപ്പൂ
പാഴിടി വാനിൽക്കേൾപ്പൂ!
ഇടികേട്ടു പിശാചുകൾ പാമ്പുക-
ളിളകിപ്പാഞ്ഞുനടപ്പൂ.
എന്തെരിവതു ദൂരേ- പെരുമീൻ-
ചെങ്കതിരേ നരിമിഴിയോ?

തുയിൽ മൂടിയ കണ്ണുകളോടെ
തുടൽപേറും കരളോടേ
മേടുകൾ മണലാഴികൾ താണ്ടിയ
വേരില്ലാക്കഴലോടേ
ഒരുവിധമീ നാട്ടുവെളിച്ചം
പെരുവഴിവക്കിലൊലിക്കേ
ചുരഗോപുരവാതിലിൽ മുട്ടി
പേർത്തുമലച്ചുവിളിപ്പേൻ:-

'നല്ലവരേ, വാതിൽ തുറക്കൂ,
വെള്ളിയുദിച്ചുകഴിഞ്ഞു!''

അത്ഭുതം! ഇരുൾമെത്തയിൽ നീളൻ-
കട്ടിക്കമ്പിളി മൂടി
പനിനീർക്കുളിർഗന്ധമുറഞ്ഞൊരു
മണിയറ ഭദ്രം പൂട്ടി
പാതി മരിച്ചമരുകയെന്നോ
പാപസുഷുപ്തിയിൽ നിങ്ങൾ,
മാനികളേ, പാരിളവെയിലിൽ
ജ്ഞാനസ്നാനം ചെയ്കേ?
ചെറ്റകളിൽ,ച്ചന്തകളിൽ, പ്പാഴ്-
ക്കുപ്പകളിൽ,പ്പുൽക്കൂട്ടിൽ
കാൽകുടയുകയല്ലേ കുഞ്ഞി-
ക്കയ്യു നുണയ്ക്കുകയല്ലേ
കോടി യുഗങ്ങളിലിള പേറിയ
വേദന പെറ്റൊരു പുണ്യം?
പുരവാതിൽ തുറക്കൂ: കുന്നുകൾ
പുഴകൾ കടന്നുവരുന്നോർ
ഉണ്ണി പിറന്നൊരു കഥ പറയാൻ
ഉയിർപിടയുന്നവർ ഞങ്ങൾ!

# കിണർ

ജി ആർ ഇന്ദുഗോപൻ




വര: സചീന്ദ്രൻ കാറഡുക്ക

അന്ന് വൈകിട്ട് കാർത്തിക്കിന്റെ ജീവിതത്തിൽ വലിയൊരു സംഭവമുണ്ടായി.

എന്നാൽ അങ്ങനൊരു കാര്യം സംഭവിക്കുമെന്നറിയാതെ, കാർത്തിക്കിന്റെ പാഠപുസ്തകങ്ങളുമായി അമ്മ ഉച്ചയ്ക്ക് മൂന്നരയ്ക്കു തന്നെ ഇരിക്കാൻ തുടങ്ങിയതാണ്. അവൻ വരുന്നതിനു മുമ്പു തന്നെ അവനെ എങ്ങനെയാണ് പഠിപ്പിക്കേണ്ടതെന്ന കാര്യത്തിൽ അമ്മ പദ്ധതി തയ്യാറാക്കും. അതിനായി ഒരു സെറ്റ് ടെക്സ്റ്റ്ബുക്കുകൾ അധികമായി വാങ്ങി വച്ചിട്ടുണ്ട്.

നാലരയ്ക്ക് കാർത്തിക് വീട്ടിലെത്തിയാൽ മുതൽ എന്തു ചെയ്യണം എന്ന കാര്യത്തിൽ ചിട്ടയുണ്ട്. ഉടുപ്പൂരിയിടാൻ ഇത്രസമയം, ബാത്ത് റൂമിൽ പോകാൻ ഇത്ര സമയം, ആഹാരം കഴിക്കാൻ ഇത്ര സമയം... രാത്രി 12വരെ അത് തുടരും. പിറ്റേന്ന് പുലർച്ചെ ആറു മണിക്ക് ട്യൂഷൻമാസ്റ്റർ വരും. ഏഴര വരെ അതിന്റെ ബഹളമാണ്. ഇങ്ങനെ അവന്റെ ഓരോ നിമിഷവും അമ്മയുടെ കസ്റ്റഡിയിലാണ്. അതുകൊണ്ടെന്താ. അഞ്ചാം ക്ലാസിലെ എല്ലാ ഡിവിഷനെടുത്താലും ഏറ്റവും കൂടുതൽ മാർക്കുള്ള കുട്ടി കാർത്തിക് ആണ്.

കുറച്ചു കൂടുതൽ പറമ്പുള്ള വീടാണ് കാർത്തിക്കിന്റേത്. മനോഹരമായ ഒരു ഉദ്യാനം മുറ്റത്തുണ്ട്. ചില നേരം അവിടെ കിളികളും ശലഭങ്ങളും വരുമ്പോൾ കുറച്ചു നേരം പുറത്തേക്കൊന്ന് ഇറങ്ങി അവയെ ഒക്കെ ഒന്ന് കണ്ട്, അതിന്റെ പിന്നാലെ ഓടിനടന്നെങ്കിലെന്ന് അവൻ ചിന്തിക്കും.

അടുത്ത സെക്കൻഡ് 'നീ എങ്ങോട്ടാടാ നോക്കിയിരിക്കുന്നതെന്ന്' അമ്മയുടെ അലർച്ച കേൾക്കുമ്പോൾ അവൻ വേഗം പാഠപുസ്തകത്തിലേക്ക് മടങ്ങിയെത്തും.

പക്ഷേ അന്ന് കാർത്തിക് ഇല്ലാതെയാണ് സ്കൂൾബസ് വന്നത്. ജംഗ്ഷൻ മുതൽ വീടു വരെ കഷ്ടിച്ച് മുന്നൂറ് മീറ്ററേയുള്ളൂ. എന്നാലും അത്രയും സമയം കൂടി പഠിപ്പിക്കാമല്ലോയെന്ന് കരുതി, അമ്മ അവനെ വിളിക്കാൻ ടൂവീലറിൽ കാത്തുനിൽക്കുകയാണ് പതിവ്. ബസ്സിൽ നിന്ന് അവസാന കുട്ടിയും ഇറങ്ങിയപ്പോഴും കാർത്തിക് ഇല്ല.

''കാർത്തിക് എവിടെ?''

അമ്മ കണ്ടക്ടറോട് വിളിച്ചുചോദിച്ചു.

''കാർത്തിക് സീറ്റിൽ ഇല്ല.'' അയാൾ പറഞ്ഞു.

അമ്മയുടെ ചങ്കൊന്ന് ആളി.

''ഒന്നൂടെ നോക്കിയേ.'' അമ്മ വിളിച്ചുപറഞ്ഞു.

''ഇല്ല.'' കണ്ടക്ടർ പറഞ്ഞു.

''അങ്ങനെ പറഞ്ഞാലെങ്ങനാ?'' അമ്മ ദേഷ്യപ്പെട്ടു.

''മാഡം കേറി നോക്ക്..'' കണ്ടക്ടർ പറഞ്ഞു.

അമ്മ അകത്തു കയറി. അവന്റെ ക്ലാസിൽ പഠിക്കുന്ന ചേതൻ രഹസ്യമായി സ്കൂളിൽ കൊണ്ടുവന്ന മൊബൈൽ എടുത്ത് ഗെയിം കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൻ പുറത്തു നടക്കുന്നതൊന്നും അറിയുന്നുണ്ടായിരുന്നില്ല.

'ചേതൻ..' എന്ന് കാർത്തിക്കിന്റെ അമ്മ വിളിച്ചപ്പോൾ അവൻ ഞെട്ടി മൊബൈൽ പെട്ടെന്ന് ബാഗിനുള്ളിൽ ഒളിപ്പിച്ചു.

''കാർത്തിക് എവിടെ മോനേ..?''

''കാർത്തിക് എന്റെ കൂടെ ഉണ്ടായിരുന്നല്ലോ. ആന്റീ.. ഞങ്ങൾ ഒരുമിച്ചാണ് ക്ലാസിൽ നിന്ന് ഇറങ്ങിയത്.''

''അവൻ ബസിൽ കയറിയോ..?''

''അത് കണ്ടില്ല. സ്റ്റോപ്പിലേക്ക് ഞങ്ങളൊരുമിച്ചാണ് നടന്നത്. ബസിൽ കയറിയോ എന്ന് ഓർക്കുന്നില്ല.''

കാർത്തിക്കിന്റെ അച്ഛൻ ബാങ്കിൽ ഓഫിസറാണ്.

അദ്ദേഹത്തെ അമ്മ ഫോൺ ചെയ്തു. അദ്ദേഹം അരമണിക്കൂറിനുള്ളിൽ എത്താമെന്നു പറഞ്ഞു.

അമ്മ ബസ്സിൽ നിന്നിറങ്ങി വേഗം സ്കൂളിലേക്ക് സ്കൂട്ടർ വിട്ടു.

സെക്യൂരിറ്റിക്കാർ മൂന്നു പേരുണ്ട്. അവരാരും കുട്ടിയെ കണ്ടിട്ടില്ല. അമ്മ കട്ടായം പറഞ്ഞു.

''കാർത്തിക് ബസ് ബേയ്ക്കടുത്തു വരെ എത്തിയെന്ന് ചേതൻ പറയുന്നു. അപ്പോൾ അവനീ കോമ്പൗണ്ടിൽ കാണും.''

വിശാലമായ കോമ്പൗണ്ടാണ്. അന്വേഷിക്കുന്ന കാര്യത്തിൽ വലിയ ഉൽസാഹമൊന്നും സെക്യൂരിറ്റിക്കാർ കാണിക്കുന്നില്ല.

''നിങ്ങളിങ്ങനെ നിന്നാലെങ്ങനാ.. ഞങ്ങളുടെ ഒരേയൊരു മകനാണ്. അവനെന്തെങ്കിലും പറ്റിയാൽ...''

അമ്മ കണ്ണീർ തുടച്ചു. അപ്പോൾ അവരൊന്നു പേരിനെങ്കിലും ഉഷാറായി. ഗ്രൗണ്ടിലും ബസ് ബേയിലുമൊക്കെ സെക്യൂരിറ്റിക്കാർ അന്വേഷിച്ചുനടന്നു.

''ക്ലാസ്മുറിയുടെ താക്കോൽ ഓഫിസ് മുറിയിലാണ്.'' ഒരു സെക്യൂരിറ്റി പറഞ്ഞു.

''അവൻ ബസ് ബേയ്ക്കടുത്തേക്ക് വന്നെന്നാണ് ചേതൻ പറഞ്ഞത്. നിങ്ങൾ ആദ്യം പരിസരമെല്ലാം നോക്ക്.''

സെക്യൂരിറ്റിയിൽ ഒരാൾ മടിച്ചുമടിച്ചു പറഞ്ഞു.

''കിണറിലൊന്ന്...''

മൂന്നു സെക്യൂരിറ്റികളിൽ രണ്ടാമത്തെ ആൾ പറഞ്ഞു.

''അതിന്റെ മുകളിൽ ഗ്രില്ലിട്ടിരിക്കുകയല്ലേ..''

മൂന്നാമത്തെ സെക്യൂരിറ്റി പറഞ്ഞു.

''അതിലെ മോട്ടോർ നന്നാക്കാൻ ഒരാളിന്ന് ഇറങ്ങിയിരുന്നല്ലോ. അതിന്റെ മൂടി പൂട്ടാൻ ചേട്ടനോട് പറഞ്ഞിരുന്നതല്ലേ..?''

''എന്നോടോ?'' രണ്ടാമൻ ചൂടായി.

''ഞാൻ കേട്ടതാ.'' മൂന്നാമൻ പറഞ്ഞു.

''ഞാനോർക്കുന്നില്ല. എന്റടുത്താരും പറഞ്ഞില്ല.'' രണ്ടാമൻ സമ്മതിച്ചില്ല.

''ഓഫീസിലെ ചന്ദ്രൻ സാർ പറഞ്ഞു. ചേട്ടൻ വേറെന്തോ ചിന്തിച്ചു നിന്നതായിരിക്കും. അതാ കേൾക്കാത്തത്.''

''എനിക്കുറപ്പാ. എന്റടുത്ത് പറഞ്ഞിട്ടില്ല.'' രണ്ടാമൻ കട്ടായം പറയുക

**പക്ഷേ അന്ന് കാർത്തിക് ഇല്ലാതെയാണ് സ്കൂൾബസ് വന്നത്. ജംഗ്ഷൻ മുതൽ വീടു വരെ കഷ്ടിച്ച് മുന്നൂറ് മീറ്ററേയുള്ളൂ. എന്നാലും അത്രയും സമയം കൂടി പഠിപ്പിക്കാമല്ലോയെന്ന് കരുതി, അമ്മ അവനെ വിളിക്കാൻ ടൂ വീലറിൽ കാത്തുനിൽക്കുകയാണ് പതിവ്. ബസ്സിൽ നിന്ന് അവസാന കുട്ടിയും ഇറങ്ങിയപ്പോഴും കാർത്തിക് ഇല്ല. അമ്മയുടെ ചങ്കൊന്ന് ആളി.**

13

**അച്ഛൻ ഓടി ഓരോ ബെഞ്ചിന്റെയും അടുത്തു ചെന്നു നോക്കി. ബാക്ക് ബെഞ്ചിൽ നോക്കിയപ്പോൾ അതാ കാർത്തിക്. ബാഗിന്റെ പുറത്ത് തല വച്ചു കിടന്നുറങ്ങുന്നു. അച്ഛൻ ഓടിച്ചെന്നു. തട്ടിവിളിച്ചു. അവൻ പാതിമയക്കത്തിൽ പറഞ്ഞു.**
**"ഞാനിത്തിരി കൂടി ഉറങ്ങിക്കോട്ടെ അമ്മാ. പ്ളീസ്."**
**അച്ഛൻ അവനെ എടുത്ത് തോളിലേക്കിട്ടപ്പോഴും അവൻ ചിണുങ്ങിയതല്ലാതെ ഉണർന്നില്ല.**

യാണ്. അമ്മയ്ക്ക് ദേഷ്യം വന്നു. അവർക്ക് ചങ്ക് പിളരുന്നതു പോലെ തോന്നി. അവർ പല്ലുകടിച്ചു കൊണ്ട് രൂക്ഷമായി ചോദിച്ചു.

''എവിടാടോ കിണർ.. ?''

അമ്മയുടെ ശബ്ദം പകുതിയേ പുറത്തു വന്നുള്ളൂ.

ഒരു സെക്യൂരിറ്റി അങ്ങോട്ടു ചൂണ്ടി.

''അവിടെ..''

അമ്മ ഓടി അങ്ങോട്ടു ചെന്നു. കിണറിനുള്ളിലേക്ക് നോക്കി. ഒരലർച്ച അലറി.

സെക്യൂരിറ്റിക്കാർ 'അയ്യോ' യെന്നു വിളിച്ച് ഓടിച്ചെന്നു. കിണറിനു മുകളിലെ ഗ്രിൽ മാറിക്കിടക്കുകയായിരുന്നു.

അതിനകത്തേക്ക് സെക്യൂരിറ്റിക്കാർ എത്തിനോക്കി. ചാഞ്ഞ സൂര്യപ്രകാശത്തിൽ വെള്ളം വെള്ളിനിറത്തിൽ ഓളം വെട്ടുന്നു.

സെക്യൂരിറ്റിക്കാർ പരസ്പരം നോക്കി.

അമ്മ അലറിക്കരഞ്ഞു കൊണ്ട് കിണറിന്റെ കരയിൽ 'മോനേ.. 'എന്നു വിളിച്ചുകൊണ്ട് തലയിൽ കൈ വച്ച് ഇരുന്നു.

ഒരു സെക്യൂരിറ്റി അമ്മയെ സമാധാനിപ്പിച്ചു.

''മാഡം അതിനുള്ളിൽ ആരുമില്ല. തോന്നുന്നതാണ്.''

എന്നാലും അയാൾക്കത്ര ഉറപ്പൊന്നുമില്ലായിരുന്നു. അതു പറഞ്ഞ് അയാൾ പിന്നെയും കിണറിൽ തന്നെ നോക്കി നിന്നു.

മറ്റു രണ്ട് സെക്യൂരിറ്റിക്കാർ ബാത്ത്റൂമും പരിസരവും അരിച്ചു പെറുക്കാൻ പോയി.

അപ്പോഴേക്കും സ്കൂളിന്റെ പരിസരത്തു താമസിക്കുന്ന രണ്ട് അധ്യാപകർ എത്തി. കാർത്തിക്കിന്റെ അച്ഛനുമെത്തി. അമ്മ കിണർ ചൂണ്ടിക്കാണിച്ച് എന്തോ പുലമ്പി. കാർത്തിക്കിന്റെ അച്ഛൻ കിണറിൽ നോക്കി.

''ഒന്നുമില്ല.'' അമ്മയോട് പറഞ്ഞു. ''നീ സമാധാനമായിട്ടിരിക്ക്.''

''എല്ലായിടവും നോക്കി സർ.''

സെക്യൂരിറ്റിയിലൊരാൾ വന്നുപറഞ്ഞു.

''ക്ളാസിൽ നോക്കിയോ?'' അച്ഛൻ ചോദിച്ചു.

''വേണ്ടെന്ന് മാഡം പറഞ്ഞു. കുട്ടി പകുതിദൂരം വന്നതായിട്ട് കൂട്ടുകാർ പറഞ്ഞിരുന്നു.''

''എന്നാലുമൊന്ന് നോക്കണം. താക്കോലെടുത്തു കൊണ്ടുവാ.''

ഒരു സെക്യൂരിറ്റി ഓടിപ്പോയി താക്കോൽ കൊണ്ടു വന്നു. ക്ളാസ്മുറി തുറന്നു. ലൈറ്റിട്ടു.

''കണ്ടോ. ആരുമില്ല സർ.'' സെക്യൂരിറ്റി പറഞ്ഞു.

അച്ഛൻ ഓടി ഓരോ ബെഞ്ചിന്റെയും അടുത്തു ചെന്നു നോക്കി. ബാക്ക് ബെഞ്ചിൽ നോക്കിയപ്പോൾ അതാ കാർത്തിക്. ബാഗിന്റെ പുറത്ത് തല വച്ചു കിടന്നുറങ്ങുന്നു. അച്ഛൻ ഓടിച്ചെന്നു. തട്ടി വിളിച്ചു.

അവൻ പാതിമയക്കത്തിൽ പറഞ്ഞു.

''ഞാനിത്തിരി കൂടി ഉറങ്ങിക്കോട്ടെ അമ്മാ. പ്ളീസ്.''

അച്ഛൻ അവനെ എടുത്ത് തോളിലേക്കിട്ടപ്പോഴും അവൻ ചിണുങ്ങിയതല്ലാതെ ഉണർന്നില്ല.

അമ്മ ഓടിവന്നു. ഉണർത്തേണ്ടെന്ന് അച്ഛൻ ആംഗ്യം കാണിച്ചു.

ബാഗുമെടുത്ത് അമ്മ പിറകെ നടന്നു.

അച്ഛൻ അവനെ കാറിന്റെ പിറകിലേക്ക് കിടത്തി.

അധ്യാപകർക്കും സെക്യൂരിറ്റിക്കാർക്കും നന്ദി പറഞ്ഞ് അവർ വണ്ടി വിട്ടു.

''എന്താ അവന് പറ്റിയത്?'' അമ്മ ചോദിച്ചു.

''അവനൊന്നും പറ്റിയില്ല.''

അച്ഛൻ പറഞ്ഞു.

''അവന്റെ ബോക്സ് മേശപ്പുറത്തിരിപ്പുണ്ടായിരുന്നു. അതെടുക്കാൻ അവൻ അകത്തു കയറിയതായിരിക്കും. ബെഞ്ചിലിരുന്നതും അറിയാതെ ഉറങ്ങിപ്പോയി.''

അൽപനേരം കഴിഞ്ഞ് അച്ഛൻ പറഞ്ഞു.

''ഒരു കുട്ടി പഠിക്കണം... തീർച്ചയായും പഠിക്കണം. പക്ഷേ, കളിക്കണം. ഉറങ്ങണം. അവൻ കടം വന്ന ഉറക്കം ഉറങ്ങിത്തീർക്കുകയാണ്. അവൻ പഠിച്ചോട്ടെ. പക്ഷേ കുറച്ചു കൂടി അവനെ കുട്ടിയായി വളർത്താം. അവൻ കുട്ടിയാണല്ലോ അല്ലേ..''

അമ്മ കണ്ണുതുടച്ചു കൊണ്ട് തലയാട്ടി.

''അതേ കുട്ടിയാണ്.''

(ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന *ദ് ലാസ്റ്റ് ഭൂതം* എന്ന പുസ്തകത്തിൽ നിന്നും എടുത്തത്.)

# കിളിയോട്

വിശ്വനാഥൻ വടയം

നീലാകാശത്തിൽ
പാറിപ്പറക്കുന്ന
പഞ്ചവർണക്കിളിമകളേ
നിനക്കു കൊയ്യാൻ
നെൽപ്പാടങ്ങൾ
വിളഞ്ഞിരിപ്പുണ്ടേ...
നിനക്കു തിന്നാൻ
വാഴത്തോപ്പുകൾ
പഴുത്തിരിപ്പുണ്ടേ...
കുരുക്ക് വലയും
വിരിച്ചുവേടൻ
ഒളിച്ചിരിപ്പുണ്ടേ...
കുരുങ്ങിടാതെ
പറന്നുപോകൂ
കുഞ്ഞുകിടാങ്ങടെ
പശിയാറ്റൂ....

വര: ആശ ആർ




## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34

# രക്തത്തിന്റെ നിറം

സുഗതകുമാരി




പണ്ടൊരു ദിവസം തിരുവനന്തപുരത്തെ തമ്പാനൂർ ബസ്സ്റ്റോപ്പിൽ സന്ധ്യകഴിഞ്ഞ നേരത്ത് സുന്ദരിയായ ഒരു യുവതി വന്നിറങ്ങി. കറുത്ത ചുരുണ്ട മുടിയുള്ള, വെളുത്തുമെലിഞ്ഞ, കാതിലെ വിലകുറഞ്ഞ കൃത്രിമക്കമ്മലുകളുടെ ചുവപ്പ് മിനുത്ത കവിളത്തു നിഴലിക്കുന്ന, ആ മുസ്ലീം പെണ്ണ്. ആകെ വിവശയായിരുന്നു. കരഞ്ഞുവീർത്ത നീണ്ടകണ്ണുകളും കണ്ണീരൊലിച്ച കവിൾത്തടങ്ങളുമായി അവൾ ബസ്സ്റ്റാൻഡിലെ ഓട്ടോറിക്ഷാ ഡ്രൈവർമാരെ സമീപിച്ചു ചോദിച്ചു.



“ഈ മേൽവിലാസത്തിലെ ആളിനെ എവിടെ കിട്ടും?”

അവർ വാങ്ങിനോക്കി. ഏതോ നോട്ടുബുക്കിന്റെ താളിൽനിന്നു വലിച്ചുകീറിയെടുത്ത ഒരുതുണ്ടു മുഷിഞ്ഞ കടലാസ്സിൽ വടിവില്ലാതെ ഇങ്ങനെ കുറിച്ചിരിക്കുന്നു. 'സകാതകുമരി, തിരന്തരം' കുറച്ചുനേരത്തെ ചർച്ചയ്ക്കുശേഷം അവർ കണ്ടുപിടിച്ചു.

“ഓ ഇതു സുഗതകുമാരിയാണ്. അവിടെ പോകണോ!”

ഒരുവൻ ചോദിച്ചു. അവൾ തലകുലുക്കി. ആ പാരവശ്യം കണ്ട് ഒരു ഓട്ടോക്കാരന്റെ മനസ്സലിഞ്ഞു.

“ശരി കയറിക്കൊള്ളൂ.”

അങ്ങനെ ആ നല്ല മനുഷ്യന്റെ സഹായംകൊണ്ട് അവൾ 'അഭയ' യുടെ വനിതാകേന്ദ്രമായ 'അത്താണി' യിലെത്തി. അപ്പോഴേക്ക് രാത്രിയായിക്കഴിഞ്ഞിരുന്നു. ഒരു സ്ത്രീ വന്ന് മുട്ടിയാൽ ഏതുസമയത്തും 'അത്താണി' യുടെ വാതിൽ തുറക്കപ്പെടും. അവൾ അകത്തുകടന്നു. 'അത്താണി' യിലെ സഹോദരിമാർ അവളെ കൈകാലുകൾ കഴുകി കഞ്ഞി കുടിക്കാൻ വിളിച്ചു. കഞ്ഞിക്കു മുന്നിലിരുന്ന് കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്ന അവൾ അവിടെത്തന്നെ കുഴഞ്ഞുവീണു.

വടക്കേമലബാറിലെ ഒരു സാധുകുടുംബത്തിലെ മകളാണവൾ. ആരോ ചതിച്ച് അവൾ ഗർഭിണിയായി. വീട്ടുകാരറിഞ്ഞു. വാപ്പയുടെ കഠിനമായ മർദനമേൽക്കാൻ അവൾക്കായില്ല. കൊന്നുകളയുമെന്ന സ്ഥിതിയായപ്പോൾ അവളുടെ ഉമ്മതന്നെ സ്വന്തം 'കാതിൽപൂവ്' വിറ്റ് കുറച്ചുരൂപയുണ്ടാക്കി അവൾക്കൊരു ടിക്കറ്റെടുത്തു കൊടുത്തു.

“പോയി രക്ഷപ്പെട്.”

“എങ്ങോട്ട്?”

ആ പുറംതള്ളപ്പെട്ടവൾ കരഞ്ഞു. ഒരു കൂട്ടുകാരി പഴയൊരു മനോരമയിൽനിന്ന്

ഒരു മേൽവിലാസം കണ്ടെടുത്തുകൊടുത്തു. അതുമായാണ് അവൾ തിരുവനന്തപുരത്തേക്ക് വണ്ടി കയറിയത്. ഏഴുമാസം ഗർഭിണി. ഏറെ തല്ലും ചവിട്ടും കൊണ്ടവൾ, പട്ടിണിയും മർദനവും ഭയവും ദുഃഖവുംകൊണ്ട് വിവശയായവൾ. അവളാണ് ഏതോ ബസ്സിലൊക്കെ കയറി തിരുവനന്തപുരത്തെ 'അത്താണി' യിലെത്തി തളർന്നുവീണത്.

എനിക്ക് മെഡിക്കൽകോളജിൽനിന്ന് അടിയന്തര ഫോൺകാൾ വന്നു.

''അയിഷയ്ക്ക് അടിയന്തിര ഓപ്പറേഷൻ വേണം. ഉടൻ എ നെഗറ്റീവ് രക്തം എത്തിക്കുക.''

രാത്രിസമയം, ഞായറാഴ്ച. ഞാൻ ടെലിഫോണിനരികിൽ ഇരിപ്പായി. പരിചയമുള്ള എല്ലാ ഗ്രൂപ്പുകളെയും വിളിച്ചു. 'അഭയ' പ്രവർത്തകരെ വിളിച്ചുവരുത്തി. നാലുപാടും ബൈക്കുകളിൽ ആളുകൾ പറന്നു.

ഫലമുണ്ടായില്ല. കിട്ടാൻ ഏറ്റവും ബുദ്ധിമുട്ടുള്ള ആ ഗ്രൂപ്പുരക്തം എങ്ങും കിട്ടാനില്ല. ആശുപത്രിയിൽ നിന്നും വീണ്ടും വീണ്ടം ഫോൺകോളുകൾ . She is sinking. ഉടൻ രക്തം എത്തിക്കണം.'

ആകെത്തളർന്ന ഞാൻ അമ്പരന്ന് മുറ്റത്തിറങ്ങി നിൽക്കുകയാണ്. മനസ്സു പിടയുന്നു. ദൂരെ എവിടുന്നോ, രക്ഷ തേടി ഓടിയെത്തിയ ആ ഗർഭിണിക്ക് ഒരു കുപ്പി രക്തംപോലും കൊടുക്കാൻ കഴിയുന്നില്ലല്ലോ... ദൈവമേ... ദൈവമേ...! ആകാശം നിറയെ നക്ഷത്രങ്ങൾ... ഞാൻ ഉള്ളു ചുട്ടുപ്രാർഥിക്കുകയാണ്, രക്ഷിക്കണേ, കാരുണ്യമൂർത്തേ രക്ഷിക്കണേ!

കുറച്ചുകഴിഞ്ഞപ്പോൾ 'അഭയ' യുടെ ഒരു പ്രവർത്തകൻ ഓടിവന്നു പറഞ്ഞു.

''ഈ ഗ്രൂപ്പു രക്തമുള്ള ഒരാളുണ്ട്. ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്ററിലെ ഒരു ചെമ്മാച്ചൻ. ചെറിയാൻ എന്നാണു പേര്.''

ഒരു ഓട്ടോറിക്ഷയിൽ ഞങ്ങൾ സ്റ്റുഡന്റ്സ് സെന്ററിലെത്തി. ഗേറ്റിൽ മുട്ടി. കതകു തുറന്ന യുവപുരോഹിതനോടു ഞാൻ കൂപ്പുകൈയോടെ പറഞ്ഞു.

''ചെറിയാൻ ചെമ്മാച്ചനാണോ? എങ്കിൽ ഒരു പാവപ്പെട്ട മുസ്ലീംപെണ്ണ്, ഗർഭിണി, മരിക്കാൻ തുടങ്ങുന്നു. താങ്കളുടെ രക്തം തന്നു സഹായിക്കാമോ?'' ആ ചെറുപ്പക്കാരൻ ഒരുനിമിഷം ആലോചനയിൽ മുഴുകി.

''ഞാൻ ഒരാൾക്കു രക്തം കൊടുത്തിട്ട് പത്തു ദിവസമേ ആയിട്ടുള്ളൂ. എങ്കിലും തരാം. ഡോക്ടർ എടുക്കുമെങ്കിൽ.''

അന്വേഷിച്ചപ്പോൾ ഡോക്ടർ പറഞ്ഞു.


''എടുക്കാം പക്ഷേ, അയാൾക്ക് വളരെയധികം ക്ഷീണമുണ്ടാകും. മറ്റൊന്നും സംഭവിക്കുകയില്ല. ഇനി നിങ്ങൾ വൈകിയാൽ ഫലമില്ല. ഇപ്പോൾ തന്നെ വൈകിയിരിക്കുന്നു.''

ഒരു ചെറുചിരിയോടെ ആ ചെമ്മാച്ചൻ ഞങ്ങളുടെ പ്രവർത്തകരിലൊരാളുടെ ബൈക്കിനു പിന്നിലിരുന്ന് മെഡിക്കൽകോളജിലേക്കു പറന്നു. രാത്രി ഒന്നരമണി സമയം.

ആ രക്തം നൽകി അയിഷയുടെ ഓപ്പറേഷൻ നടത്തി. വയറുകീറി പ്രായമെത്താത്ത രണ്ടു പെൺകുഞ്ഞുങ്ങളെ എടുത്തു. അവർ രണ്ടുപേരെയും കിട്ടിയില്ല. പക്ഷേ അമ്മയെ തിരിച്ചുകിട്ടി.

അങ്ങനെയാണ് ആ ചെമ്മാച്ചൻ എന്റെ രക്തബന്ധുവായിത്തീർന്നത്. 'അഭയ' യുടെ സുഹൃത്തും

## സക്കറിയ മാർ തിയോഫിലിസ് തിരുമേനി



ഈ വലിയ മനുഷ്യൻ നടന്ന വഴിയിലെല്ലാം നന്മവിതറിയ ഒരാളാണ്. സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രതീകം. എ നെഗറ്റീവ് എന്ന അപൂർവ രക്തഗ്രൂപ്പിന്റെ ഉടമയായിരുന്ന ഇദ്ദേഹം എഴുപത്തഞ്ചോളം പേർക്ക് സ്വന്തം രക്തം നൽകി സഹായിച്ചിട്ടുണ്ട്. ജാതിമതഭേദമെന്യേ പാവങ്ങൾക്കു വീടുവച്ചുകൊടുക്കാനും ബുദ്ധിമുട്ടുള്ള കുട്ടികളെ പഠിപ്പിക്കാനും രോഗികളെ ശുശ്രൂഷിക്കുവാനും ദുഃഖിതരെ ആശ്വസിപ്പിക്കുവാനും ഇദ്ദേഹം എന്നും യത്നിച്ചിരുന്നു. ആ വിശിഷ്ടമായ ജീവിതം 65-ാമത്തെ വയസ്സിൽ കോഴിക്കോട് എം വി ആർ ആശുപത്രിയിൽ അവസാനിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ പുണ്യസ്മരണയ്ക്കുമുന്നിൽ എന്റെ പ്രണാമം.

സഹായിയുമായിത്തീർന്നത്. ആ ചെറുപ്പക്കാരൻ വളർന്ന് പിന്നീട് ചെറിയാനച്ചനായി. ബിഷപ്പുതിരുമേനിയായി, ഇപ്പോഴിതാ എല്ലാവരും ബഹുമാനിക്കുന്ന ഒരു വിശിഷ്ടവ്യക്തിത്വമായി വിളങ്ങി നിൽക്കുന്നു. ആ കാഴ്ച ധന്യതയോടെ കണ്ടുനിൽക്കുന്ന ഒരുവളാണു ഞാൻ. കാരണം മനസ്സുകൊണ്ട് എന്റെ സഹോദരൻ എന്ന് പണ്ടേ ഞാൻ സ്വീകരിച്ച ഒരാളാണത്.

അയിഷയ്ക്ക് അവളുടെ ജീവിതം തിരിച്ചുകിട്ടിയത് വേറൊരു കഥ. പക്ഷേ, ഞാൻ എന്റെ മുമ്പിൽ വരുന്നവരോടും എന്റെ വാക്കുകൾ കേൾക്കുന്നവരോടും ഊന്നിപ്പറയാറുള്ള ഒരു കാര്യമാണ്. നിങ്ങൾ ദയവായി ഒന്ന് മനസ്സിലാക്കിയാലും, വീട്ടിൽനിന്നടിച്ചിറക്കപ്പെട്ട ആ ഗതികെട്ട മുസ്ലിംപെൺകുട്ടിക്ക് മരണത്തിൽനിന്ന് കരകയറുവാൻ രക്തം നൽകിയത് ഒരു ക്രിസ്ത്യൻ പുരോഹിതനാണ്. മുസ്ലിംപെണ്ണിന് ക്രിസ്ത്യാനിയുടെ രക്തം നന്നായിച്ചേർന്നു. അവൾക്കുവേണ്ടി രാത്രി മുഴുവൻ ഉറക്കമിളച്ചത് ചില ഹിന്ദുക്കളാണ്. ബോധം തെളിഞ്ഞപ്പോൾ അവൾ കണ്ടത് ഈ എന്റെ മുഖമാണ്. ഇന്ത്യ എന്ന ഈ മഹാരാജ്യത്ത് നാം ഒന്നിച്ചു ജീവിക്കേണ്ടത് ഇങ്ങനെയാണ്. മതത്തിന്റെ പേരിൽ ഒരാൾ വെടിവെച്ചു കൊന്ന ഗാന്ധിജി എന്ന മനുഷ്യൻ മനംനൊന്തു പഠിപ്പിക്കാൻ ശ്രമിച്ച പാഠം ഇതുതന്നെയായിരുന്നു.

*(ഡി സി ബുക്സ് പ്രസിദ്ധീകരിച്ച മേഘം വന്നു തൊട്ടപ്പോൾ എന്ന പുസ്തകത്തിൽ നിന്നും എടുത്തത്.)*

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു



സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറു ലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്. അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തവുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

**എഡിറ്റർ**
**തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പാളയം,**
**സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34**

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# നൊബേൽ സമ്മാനം - 2017

ഡോ. എം എൻ ശ്രീധരൻ നായർ

2017 ലെ നൊബേൽ സമ്മാനങ്ങൾ കഴിഞ്ഞ ഒക്ടോബർ മാസം പ്രഖ്യാപിക്കുകയുണ്ടായി. വിവിധ മേഖല കളിലായി നൽകിവരുന്ന ഈ പുരസ്കാരം ഇന്നു ലോകത്തിലെ ഏറ്റവും ഉയർന്ന പുരസ്കാരമായാണ് കരുതപ്പെടുന്നത്. വിവിധ വിഷയങ്ങളിൽ ലോകക്ഷേമ ത്തിനായി മികച്ച സംഭാവനകൾ നൽകിയ മഹാവ്യക്തികളെയാണ് ഈ പുരസ്കാരത്തിനായി തെര ഞ്ഞെടുക്കുന്നത്.




ആൽഫ്രഡ് നൊബേൽ എന്ന ധനികനായ സ്വീഡിഷ് ശാസ്ത്ര ജ്ഞനാണ് നൊബേൽ പുര സ്കാരങ്ങൾ ഏർപ്പെടുത്തിയത്. രസതന്ത്രം, ഭൗതികശാസ്ത്രം, സാഹിത്യം, വൈദ്യശാസ്ത്രം, സാമ്പത്തികശാസ്ത്രം, സമാധാ നപ്രവർത്തനങ്ങൾ എന്നിങ്ങനെ ആറു വിഷയങ്ങൾക്കാണ് നൊബേൽ സമ്മാനം നൽകുന്നത്. എല്ലാ വർഷവും ഒക്ടോബർ മാസം പ്രഖ്യാപിക്കുന്ന ഈ പുര സ്കാരം ആൽഫ്രഡ് നോബലിന്റെ ചരമദിനമായ ഡിസംബർ 10 നാണ് നൽകുക.

ഇനി ഇത്തവണത്തെ സമ്മാനാർഹരായവർ ആരൊക്കെയാണെന്നും അവരുടെ സംഭാവനകൾ എന്തൊ ക്കെയാണെന്നും അറിയണ്ടേ? നമുക്കു നോക്കാം.




## ഭൗതികശാസ്ത്രം (Physics)

ബാരി സി ബാരിഷ് (Barry C Barish), കിപ് തോർണെ (Kip Thorne), റൈനർ വീസ്സ് (Rainer Weiss) എന്നീ മൂന്ന് അമേരിക്കൻ ശാസ്ത്രജ്ഞ രാണ് ഇക്കൊല്ലം ഭൗതികശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനത്തിനർഹരായത്. ഗുരുത്വ തരംഗങ്ങൾ (Gravitational Waves) കണ്ടെത്തിയ തിനാണ് ഇവർക്ക് നൊബേൽസമ്മാനം ലഭിച്ചത്.

ബാരി ബാഷും, കിപ്തോർണെയും കാൽ ടെക്കിലെ (Cal Tech) യും റൈനർ വീസ്സ് മസ്സാ ച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി യിലെയും (MIT) പ്രൊഫസർമാരാണ്.

1916 ൽ ആൽബർട്ട് ഐൻസ്റ്റൈൻ തന്റെ സാമാന്യ ആപേക്ഷികതാ സിദ്ധാന്തത്തി ന്റെ (General Theory of Relativity) അടിസ്ഥാ നത്തിൽ ഗുരുത്വതരംഗങ്ങളുടെ അസ്തിത്വ സാധ്യത പ്രവചിച്ചിരുന്നു. അതേ തുടർന്ന് ആരംഭിച്ച അന്വേഷണമാണ് ഇപ്പോൾ സഫല മായത്. പ്രപഞ്ചഗോളങ്ങൾപോലെ അത്യ ന്തം ഭാരമേറിയ വസ്തുക്കൾ ത്വരിതഗതി യിൽ സഞ്ചരിച്ച് തമ്മിൽ കൂട്ടിയിടിക്കാൻ


റൈനർ വീസ്സ് | ബാരി സി ബാരിഷ് | കിപ് തോർണെ

ഇടയായാൽ ഗുരുത്വതരംഗങ്ങൾ സൃഷ്ടിക്കപ്പെടും. തമോഗർത്തങ്ങളുടെ (Black holes) സംഘട്ടനം ഗുരുത്വതരംഗങ്ങളുടെ സൃഷ്ടിക്കു കാരണമാകും. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന തരംഗങ്ങൾ പ്രകാശ വേഗതയിൽ നാനാദിക്കുകളിലേക്കും വ്യാപരിക്കുന്നു. അവ ഭൂമിയിലെത്തുമ്പോൾ അവയെ തിരിച്ചറിയാനും അവയുടെ സാന്നിധ്യം രേഖപ്പെടുത്താനും വേണ്ടി സജ്ജീകരിച്ചിട്ടുള്ള ഉപകരണസംവിധാനം പ്രവർത്തനക്ഷമമാകുകയും അവയെ യഥാവിധി രേഖപ്പെടുത്തുകയും ചെയ്യുന്നു. അതീവ ദുർബലമായ ഗുരുത്വതരംഗങ്ങളെ സ്വീകരിച്ച് രേഖപ്പെടുത്താൻ അത്യന്തം സംവേദനക്ഷമതയുള്ള (Highly Sensitive) സജ്ജീകരണങ്ങൾ ആവശ്യമാണ്. ഗുരുത്വതരംഗങ്ങളെ അന്തരീക്ഷത്തിൽ നിന്നും പിടിച്ചെടുക്കാനുള്ള പ്രത്യേകതരം ആന്റിന ഈ സംവിധാനത്തിന്റെ ഒരു മുഖ്യഘടകം ആണ്.

നേരത്തെ സൂചിപ്പിച്ചതുപോലെ അനന്തവിസ്തൃതമായ പ്രപഞ്ചത്തിന്റെ അഗാധതലങ്ങളിൽ എവിടെയെങ്കിലും സംഭവിക്കുന്ന തമോഗർത്ത സംഘട്ടനം കാരണം ഗുരുത്വതരംഗങ്ങൾ സൃഷ്ടിക്കപ്പെടുന്നു. അമേരിക്കയിലെ നിരീക്ഷണാലയങ്ങളിൽ ഒന്നായ LIGO- Laser Interferometer Gravitational Wave Observatory യിലാണ് 2015 സെപ്റ്റംബറിൽ ഗുരുത്വതരംഗങ്ങൾ നിരീക്ഷിക്കാൻ കഴിഞ്ഞത്. ആയിരത്തോളം ഗവേഷകരുടെ പതിറ്റാണ്ടുകൾ നീണ്ട നിരീക്ഷണയത്നങ്ങൾ അങ്ങനെ വിജയകരമായ പരിസമാപ്തിയിൽ എത്തി.

ഇപ്പോൾ നൊബേൽ സമ്മാനർഹരായ ബാരി സി ബാരിഷ്, കിപ് തോർണെ, റൈനർ വീസ്സ് എന്നീ അമേരിക്കൻ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിലാണ് നിരീക്ഷണങ്ങൾ നടന്നത്. നൊബേൽ പുരസ്കാരവാർത്ത പുറംലോകത്തെ അറിയിച്ചു

## ഐൻസ്റ്റെന്റെ പ്രവചനം

നക്ഷത്രസമൂഹങ്ങൾ കൂട്ടി ഇടിക്കുക, തമോഗർത്തങ്ങൾ തമ്മിൽ ഇടിച്ച് കൂടിച്ചേരുക തുടങ്ങിയ പ്രക്ഷുബ്ധമായ പ്രപഞ്ചപ്രതിഭാസങ്ങളാണ് ഗുരുത്വതരംഗങ്ങളുടെ സൃഷ്ടിക്കു കാരണം. പ്രസ്തുത സംഭവങ്ങൾ സ്ഥലകാല നൈരന്തര്യത്തിൽ (Space- time continuum) സൃഷ്ടിക്കുന്ന ഓളങ്ങൾ (Ripples) ആണ് ഗുരുത്വതരംഗങ്ങൾ. ഇവ പ്രകാശവേഗതയിൽ സഞ്ചരിച്ച് ഭൂമിയിൽ എത്തുമെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ.
2015 ൽ ലിഗോ (LIGO)യിലൂടെ കണ്ടെത്തിയ ഗുരുത്വതരംഗങ്ങൾ ഏകദേശം 130കോടി വർഷങ്ങൾക്കുമുമ്പ് രണ്ടു തമോഗർത്തങ്ങൾ കൂട്ടി ഇടിച്ച് തമ്മിൽ ചേർന്നപ്പോൾ ഉണ്ടായി പുറപ്പെട്ടതാണെന്നാണ് ജ്യോതിശാസ്ത്രജ്ഞരുടെ വിശ്വാസം. LIGO ക്കു പുറമെ മറ്റ് ഏതാനും നിരീക്ഷണകേന്ദ്രങ്ങളിലും ഗുരുത്വതരംഗങ്ങളുടെ സാന്നിധ്യം രേഖപ്പെടുത്തുകയുണ്ടായി. അങ്ങനെ ഐൻസ്റ്റെന്റെ പ്രവചനം യാഥാർഥ്യമായി.
ശ്രദ്ധേയമായ മറ്റൊരു കാര്യം, അമേരിക്കയിൽ ഇപ്പോൾ നിലവിലുള്ള രണ്ടു നിരീക്ഷണാലയങ്ങൾക്കുപുറമേ ഇന്ത്യയിലും ആസ്ട്രേലിയയിലും ഓരോ നിരീക്ഷണാലയം കൂടി സ്ഥാപിക്കാൻ സാധ്യത ഉണ്ട് എന്നതാണ്.

കൊണ്ട് പുരസ്കാര സമിതി യുടെ ചെയർമാൻ 'ശാസ്ത്ര ലോകത്തെ പിടിച്ചുകുലു ക്കിയ കണ്ടെത്തൽ' എന്ന് ഇതിനെ വിശേഷിപ്പിക്കുകയു ണ്ടായി.

## രസതന്ത്രം (Chemistry)

ജൈവതന്മാത്രകളെ അവ യുടെ തനതുരൂപത്തിൽ പകർ ത്താൻ സമർഥമായ ക്രയോ ഇലക്ട്രോൺ മൈക്രോസ് കോപ്പിയുടെ സാങ്കേതികവിദ്യ വികസിപ്പിച്ചതിന് സ്വിറ്റ്സർ ലൻഡുകാരനായ ജാക്ക് ഡുബോഷെ (Jacques Dubochet), ജർമനിയിൽ ജനിച്ച അമേരിക്കൻ ശാസ്ത്രജ്ഞ നായ ജോഷിം ഫ്രാങ്ക് (Joachim Frank), ബ്രിട്ടനിൽ നിന്നുള്ള റിച്ചഡ് ഹെൻഡേ ഴ്സൺ (Richard Henderson) എന്നിവർക്ക് 2017 ലെ രസ തന്ത്ര നൊബേൽ പുരസ്കാരം സമ്മാനിക്കാൻ തീരുമാനി ക്കുകയുണ്ടായി.

തന്മാത്രകളെ അത്യന്തം താഴ്ന്ന താപനിലയിൽ നിരീ ക്ഷിക്കുന്നതിനുള്ള ഉപാധി യാണ് ക്രയോ ഇലക്ട്രോൺ മൈക്രോസ്കോപ്പി (Cryo Electron Microscopy). അതി സങ്കീർണമായ ജൈവ രാസ പ്രവർത്തനങ്ങളെ കൂടുതൽ വ്യക്തതയോടെ നിരീക്ഷിക്കു ന്നതിനും മനസ്സിലാക്കുന്നതി നും ഇതു സഹായകമാണ്. ജീ വന്റെ അടിസ്ഥാന തത്വങ്ങൾ മനസ്സിലാക്കാനും പുതിയ ഔ ഷധങ്ങൾ രൂപപ്പെടുത്താനും ഇതുമൂലം സാധ്യമാകുന്ന താണ്.

സാധാരണ ഇലക്ട്രോൺ മൈക്രോസ്കോപ്പ് ഉപയോ ഗിക്കുമ്പോൾ ശക്തമായ ഇല ക്ട്രോൺ പ്രവാഹത്തിൽ ജൈ വതന്മാത്രകൾ നശിച്ചുപോകാ നിടയാകുന്നതിനാൽ ജീവനി ല്ലാത്ത ജൈവസാമ്പിളുകൾ മാത്രമേ നിരീക്ഷിക്കാൻ കഴി ഞ്ഞിരുന്നുള്ളൂ. 1910 ൽ കേം ബ്രിഡ്ജിലെ എം ആർ സി ലബോറട്ടറിയിൽ ഗവേഷ കനായ റിച്ചാഡ് ഹെൻഡേ ഴ്സൺ ഇതിനൊരു പരി ഹാരം കണ്ടുപിടിച്ചു. അതി ശീതാവസ്ഥയിൽ ജൈവ തന്മാത്രകൾ ഇലക്ട്രോൺ പ്രവാഹത്തെ അതിജീവിക്കു ന്നതായി കണ്ടെത്തി. പ്രോ ട്ടീൻ, ഡി എൻ എ, ആർ എൻ എ എന്നീ ജൈവ തന്മാത്ര കളുടെ അറ്റോമികതലത്തി ലുള്ള ത്രിമാന ചിത്രം പകർ ത്താൻ അദ്ദേഹത്തിനു കഴി ഞ്ഞു. ന്യൂയോർക്ക് കൊളം ബിയ സർവകലാശാലയിലെ ജോ ഫ്രാങ്ക് ഈ മാർഗം ഉപ യോഗിച്ച് തന്മാത്രകളുടെ ത്രി മാനഘടന രൂപപ്പെടുത്തി. ജൈ വതന്മാത്രകളെ ശീതീകരിച്ച് അവയുടെ തനത് ആകൃതി യിൽ മാറ്റംവരാതെ അവയെ നിലനിർത്താൻ കഴിയുമെന്ന് ജാക്ക് ഡുബോഷെ കണ്ടെത്തി.


കോശങ്ങൾക്കുള്ളിൽ നട ക്കുന്ന ആന്തരിക പ്രവർത്ത നങ്ങളുടെ ത്രിമാനചിത്രം എടു ക്കാൻ കഴിഞ്ഞത് ജൈവ രസതന്ത്രം (Biochemistry) വൈദ്യശാസ്ത്രം (Medical Science), ജീവശാസ്ത്രം



ജോഷിം ഫ്രാങ്ക്



റിച്ചഡ് ഹെൻഡേഴ്സൺ



ജാക്ക് ഡുബോഷെ



| ജെഫ്രി ഹാൾ | മൈക്കൽ റോസ് ബാഷ് | മൈക്കൽ യങ് |
|---|---|---|

(Biology) എന്നീ ശാസ്ത്രമേഖലകളിലെ ഗവേഷണപഠനങ്ങൾക്ക് ഒരു പുതിയ മാർഗം തുറന്നുകിട്ടാൻ സഹായകമായി. അൾഷിമേഴ്സ് അവസ്ഥയ്ക്ക് കാരണമാകുന്ന പ്രോട്ടീനിനെ തിരിച്ചറിയുന്നതിനും ഗർഭസ്ഥ ശിശുക്കളിൽ തലച്ചോറിനെ ബാധിക്കുന്ന വൈറസിനെ തിരിച്ചറിയുന്നതിനും ക്രയോ ഇലക്ട്രോൺ മൈക്രോസ്കോപ്പി സഹായകമാണ്.

## വൈദ്യശാസ്ത്രം (Medicine)

ബ്രാൻഡിസ് യൂണിവേഴ്സിറ്റിയിലെ ജനിതകശാസ്ത്രജ്ഞരായ ജെഫ്രി ഹാൾ (Jeffrey Hall), മൈക്കൽ റോസ് ബാഷ് (Michael Rosbash), മൈക്കൽ യങ് (Michael Young)എന്നിവർ ജൈവഘടികാരത്തിനുള്ളിൽ (Biological Clock) നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കിയതിനാണ് നൊബേൽ സമ്മാനത്തിനർഹരായത്.

മനുഷ്യരും മൃഗങ്ങളും സസ്യങ്ങളും ഉൾപ്പെടെ എല്ലാ ജീവജാലങ്ങളുടെയും ജൈവതാളം ഭൂമിയുടെ ഭ്രമണവുമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ ജീവികളിലും ഒരു ആന്തരിക ജൈവഘടികാരം പ്രവർത്തിക്കുന്നുണ്ടെന്ന് നേരത്തെതന്നെ ശാസ്ത്രജ്ഞർ മനസ്സിലാക്കിയിരുന്നു. സിർക്കേഡിയൻ ഘടികാരം (Circadian Clock) എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ ജൈവഘടികാരത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ജീനുകളെ ഇവർ കണ്ടെത്തുകയും വേർതിരിച്ചെടുക്കുകയും ചെയ്തു. പഴങ്ങളിൽ വന്നിരിക്കാറുള്ള ഒരുതരം ഈച്ച (Fruit fly) കളിലാണ് ഇവർ പഠനം നടത്തിയത്. ശാരീരിക പ്രവർത്തനങ്ങളായ ഉറക്കം, പെരുമാറ്റം, കൊളസ്ട്രോൾനില, ശരീരതാപനില, ചയാപചയ പ്രക്രിയയിലുള്ള മാറ്റം എന്നിവയാണ് പഠനവിധേയമാക്കിയത്.

1984 ൽ ബ്രാൻഡിസ് യൂണിവേഴ്സിറ്റിയിലെ ഹാളും റോസ്ബാഷും ചേർന്ന് ഇത്തരം ഈച്ചയിലെ ക്ലോക്ക് ജീനിനെ വേർതിരിച്ചെടുത്തു. ഈ ജീനുകൾ രാത്രികാലങ്ങളിൽ ഒരു പ്രത്യേകതരം പ്രോട്ടീൻ കൂടുതലായി ഉത്പാദിപ്പിക്കുന്നതായി കണ്ടെത്തി. പകൽസമയത്ത് ഇതിന്റെ അളവിൽ ഗണ്യമായ കുറവുണ്ടാകുന്നതായും കണ്ടുപിടിച്ചു. ഏതാണ്ട് ഒരു ദശാബ്ദക്കാലം കഴിഞ്ഞ് മെക്കിൽ യങ് മറ്റൊരു ക്ലോക്ക് ജീനിനെയും വേർതിരിച്ചെടുക്കുകയുണ്ടായി. ഈ ജീനുകളുടെ പ്രവർത്തനത്തിലെ താളക്രമമാണ് ശാരീരിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് എന്നും മനസ്സിലാക്കി. ഈ ജീനുകളുടെ പ്രവർത്തന വൈകല്യങ്ങളാണ് പല രോഗാവസ്ഥകൾക്കും കാരണമാകുന്നത്. വിഷാദരോഗം, കാഴ്ചയിലെ തകരാറുകൾ, നാഡീസംബന്ധമായ രോഗങ്ങൾ, മറവിരോഗം, വസ്തുതകളെ വേർതിരിച്ചറിയാനുള്ള കഴിവിനു സംഭവിക്കുന്ന തകരാറ് തുടങ്ങിയവയ്ക്ക് സാധ്യത ഉണ്ടെന്നു കണ്ടെത്തി.

വ്യത്യസ്ത സമയമേഖലകളിൽക്കൂടി യാത്ര ചെയ്യുമ്പോഴുണ്ടാകുന്ന Jet lag, ക്ലോക്ക് ജീനുകളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിൽ സംഭവിക്കുന്ന തകരാറാണ്. (വേഗമേറിയ ദീർഘദൂരയാത്രകൾ മൂലം ശരീരത്തിന്റെ സമയനിഷ്ഠമായ താളം തെറ്റുമ്പോഴുണ്ടാകുന്ന ക്ഷീണവും ആലസ്യവും ആണ് Jet lag.) രാത്രിഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്കും ആരോഗ്യകരമായ ഉറക്കശീലം ഇല്ലാത്തവർക്കും ജീൻ ക്ലോക്ക് അന്തരീക്ഷവുമായി പൊരുത്തപ്പെടാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ഇത് പലവിധ അസ്വസ്ഥതകൾക്കും കാരണമാകും. ശാരീരിക പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ആരോഗ്യകരമായ ഉറക്കം (Sleep hygeine) അവശ്യം വേണ്ടതാണെന്ന സൂചനയാണ് ഈ കണ്ടുപിടിടുത്തം നൽകുന്നത്.



## സാഹിത്യം (Literature)

സാഹിത്യത്തിനുള്ള 2017 ലെ നൊബേൽ സമ്മാനം ബ്രിട്ടീഷ് നോവലിസ്റ്റും തിരക്കഥാകൃത്തുമായ കസുവോ ഇഷിഗുറോ (Kazuo Ishiguro) കരസ്ഥമാക്കി. ശക്തമായ വൈകാരിക ഭാവം പ്രകടമാക്കുന്നവയാണ് ഇദ്ദേഹത്തിന്റെ നോവലുകൾ. മറ്റുള്ളവരുമായുള്ള ഇടപെടലുകളിൽ മനുഷ്യർ കാട്ടുന്ന സത്യസന്ധതയില്ലായ്മ ഇഷിഗുറോയുടെ തൂലികയ്ക്കു വിഷയമായിട്ടുണ്ട്. സമകാലീന സാഹിത്യരംഗത്ത് മുൻനിരയിൽ തന്നെയാണ് ഇഷിഗുറോയുടെ സ്ഥാനം. ജപ്പാൻകാരനാണെങ്കിലും ഇദ്ദേഹം എഴുതുന്നത് ഇംഗ്ലീഷ് ഭാഷയിലാണ്.

### ഇഷിഗുറോയുടെ അറിയപ്പെടുന്ന നോവലുകൾ




കസുവോ ഇഷിഗുറോ

* The Remains of the Day (പകലിന്റെ അവശേഷിപ്പുകൾ)
* Never Let Me Go (എന്നെ ഒരിക്കലും വിട്ടുപോകാൻ അനുവദിക്കരുത്)

ഒരു പാചകക്കാരൻ തന്റെ യജമാനനുവേണ്ടി സേവനം അനുഷ്ഠിക്കുന്നതാണ് ഇവയിൽ ആദ്യത്തെ നോവലിന്റെ പ്രമേയം. രണ്ടാംലോകമഹായുദ്ധത്തിനു തൊട്ടുമുമ്പു സംഭവിക്കുന്ന കഥയാണ് ഇത്. ഒരു ബ്രിട്ടീഷ് ബോർഡിങ് സ്കൂളിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന പ്രേമകഥയാണ് രണ്ടാമത്തെ നോവലിന്റെ ഇതിവൃത്തം. നോവലിസ്റ്റിന്റെ ആത്മകഥാംശം ഉൾക്കൊള്ളുന്നതാണ് ഇതിന്റെ ഉള്ളടക്കം. പ്രശസ്തരായ ജെയിൻ ആസ്റ്റിൻ (Jane Austin), ഫ്രാൻസ് കാഫ്ക (France kafka), മാർസെൽ പ്രൗസ്റ്റ് (Marcel Proust) എന്നിവരെ അനുസ്മരിപ്പിക്കുന്നതാണ് ഇഷിഗുറോവിന്റെ രചനാശൈലി എന്ന് നൊബേൽസമ്മാന സമിതിയിലെ അംഗമായ മിസ്സ് ഡാനിയസ് (Ms. Daniees) അഭിപ്രായപ്പെടുകയുണ്ടായി. 1983 ൽ മികച്ച ബ്രിട്ടീഷ് എഴുത്തുകാരുടെ പട്ടികയിൽ ഇടംനേടിയ ഇഷിഗുറോയ്ക്ക് ക്രമേണ ഏറ്റവും മികച്ച എഴുത്തുകാരനെന്ന അംഗീകാരവും ലഭിച്ചു.

'പകലിന്റെ അവശേഷിപ്പുകൾ' (The Remains of the Day) എന്ന നോവലിൽ ബ്രിട്ടനിലെ ജീവിതസമ്പ്രദായങ്ങളും സാമൂഹ്യക്രമങ്ങളും വിവരിച്ചിരിക്കുന്നു. ഈ കൃതി വിശിഷ്ടമായ 'ബുക്കർ സമ്മാനം' നേടുകയുണ്ടായി. കുറ്റാന്വേഷണ കഥകൾ, ശാസ്ത്രകഥകൾ, കല്പിതകഥകൾ ഇവയെല്ലാം സാഹിത്യരചനയ്ക്ക് അദ്ദേഹം വിഷയമാക്കിയിരുന്നു. 'When We Were Orphans' ഒരു കുറ്റാന്വേഷണ നോവലാണ്. 'Never Let Me Go' എന്നത് ഒരു ശാസ്ത്രാധിഷ്ഠിത കല്പിത കഥാവിഷ്കാരം (Science Fiction) ആയി പരിഗണിക്കപ്പെടുന്നു. ആക്സൽ, ബിയാട്രീസ് എന്ന വൃദ്ധ ദമ്പതികളെ കേന്ദ്രീകരിച്ച് എഴുതിയതാണ് The Buries Giant' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച പുതിയ നോവൽ. ഈ ദമ്പതികൾ തങ്ങളുടെ നഷ്ടപ്പെട്ട മകനെ അന്വേഷിച്ച് സ്വന്തം ഗ്രാമംവിട്ടുപോകുന്നു. വഴിമധ്യേ നേരിടേണ്ടിവരുന്ന അനുഭവങ്ങളാണ് നോവലിന്റെ ഉള്ളടക്കം.



# സാമ്പത്തിക ശാസ്ത്രം (Economics)

റിച്ചഡ് തെയ്‌ലർ (Richard Thaler) എന്ന അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞൻ 2017 ലെ സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം നേടി. ഷിക്കാഗോ യൂണിവേഴ്സിറ്റിയിലെ സാമ്പത്തിക ശാസ്ത്ര പ്രൊഫസറാണ് തെയ്‌ലർ. 'ബിഹേവിയറൽ ഇക്കണോമിക്സ്' (Behavioural Economics) എന്ന ആശയത്തിന്റെ ഉപജ്ഞാതാവാണ് അദ്ദേഹം. ഒരു വ്യക്തിയുടെ പൊതുവായ പെരുമാറ്റരീതി അയാളുടെ സാമ്പത്തിക തീരുമാനങ്ങളെ സ്വാധീനിക്കുമത്രെ. മറ്റൊരുതരത്തിൽ പറഞ്ഞാൽ സാമ്പത്തിക കാര്യങ്ങളിലെ തീരുമാനങ്ങൾ മന:ശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. സാമ്പത്തികശാസ്ത്രത്തെ മനശാസ്ത്രവുമായി ബന്ധപ്പെടുത്തുകയാണ് പ്രൊഫ. തെയ്‌ലർ ചെയ്തത്.

തെയ്‌ലറുടെ പ്രശസ്തമായ കൃതിയാണ് 'Nudge'. ആരോഗ്യം, സമ്പത്ത്, സന്തോഷം ഇവയെ പരിപോഷിപ്പിക്കുന്നതു സംബന്ധിച്ച കാര്യങ്ങളാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ളത്.

സാമ്പത്തികശാസ്ത്രത്തിനുള്ള 2017 ലെ നൊബേൽ സമ്മാനം നേടിയ തെയ്‌ലർ പുതിയ പുതിയ ഗണിതശാസ്ത്രപരമായ മോഡലുകൾ (Mathematical Models) സൃഷ്ടിച്ച് തന്റെ സാമ്പത്തിക ശാസ്ത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ വിശദമായ പഠനം നടത്തുകയുണ്ടായി.

അർപ്പണബോധവും കഴിവുമുള്ള ഏതാനും സഹപ്രവർത്തകരുടെ സഹായസഹകരണങ്ങളോടെ ധനതത്വശാസ്ത്രമേഖലയിൽ ഗണിതശാസ്ത്രപരമായ സമീപനവും മാക്രോ ഇക്കണോമിക് മാതൃകകളും (ഒരു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥാസംബന്ധമായ പ്രവർത്തനങ്ങളെ അപഗ്രഥിക്കുന്നതിനായുള്ള ഒരു ഉപാധിയാണ് മാക്രോ ഇക്കണോമിക് മാതൃക) തമ്മിൽ അവശ്യം വേണ്ടിയിരുന്ന സന്തുലനം സ്ഥാപിക്കാൻ കഴിഞ്ഞത് എടുത്തു പറയത്തക്ക നേട്ടമായി കരുതാം.



റിച്ചഡ് തെയ്‌ലർ

വിദ്യാർഥികളുടെ അഭിപ്രായത്തിൽ, പ്രൊഫ. റിച്ചഡ് തെയ്‌ലർ പൊതുവെ വലിയ കർക്കശ സ്വഭാവക്കാരനായിരുന്നില്ല. ഏതവസരത്തിലും വിദ്യാർഥികളുടെ സംശയങ്ങൾ ദൂരീകരിക്കാൻ സന്നദ്ധനായിരുന്നു അദ്ദേഹം. ഒപ്പം ഒരു നല്ല അധ്യാപകനും.

# സമാധാനം (Peace)

ലോകസമാധാനത്തിനുള്ള 2017ലെ നൊബേൽ സമ്മാനം അണുവായുധ വിരുദ്ധ സംഘടനയ്ക്കു ലഭിച്ചു. അണുവായുധങ്ങൾ നിരോധിക്കാൻ ലോകരാഷ്ട്രങ്ങൾ മുന്നോട്ടു വരണമെന്ന ആഹ്വാനവുമായി ആഗോളതലത്തിൽ പ്രവർത്തിക്കുന്ന 'ഇന്റർനാഷണൽ കാമ്പയിൻ റ്റു അബോളിഷ് ന്യൂക്ലിയർ വെപൺസ്' (ICAN) എന്ന പ്രസ്ഥാനമാണ് സമ്മാനാർഹമായത്. സ്വിറ്റ്സർലൻഡിലെ ജനീവ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ പ്രസ്ഥാനത്തിൽ 101 രാജ്യങ്ങളെ പ്രതിനിധീകരിക്കുന്ന 468 സന്നദ്ധ സംഘടനകൾ അംഗങ്ങളാണ്. അമേരിക്ക, ഉത്തരകൊറിയ, ചൈന, ഇന്ത്യ, പാകിസ്ഥാൻ, ഫ്രാൻസ് തുടങ്ങിയ കുറേ രാഷ്ട്രങ്ങൾ ഇതിനകം അണുവായുധ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. രാജ്യത്തിന്റെ പ്രതിരോധം മാത്രമാണ് ലക്ഷ്യം എന്നും, ഒരിക്കലും തങ്ങൾ ആക്രമണത്തിനായി അണുവായുധം പ്രയോഗിക്കുന്നതല്ലെന്നും അസന്ദിഗ്ധമായ ഭാഷയിൽ ഇന്ത്യ വ്യക്തമാക്കിയിട്ടുണ്ട്.

ICAN എന്ന പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ എക്സിക്യൂട്ടീവ് ഡയറക്ടർ ബിയാട്രിസ് ഫിൻ എന്ന വനിതയാണ്. അണുവായുധ മുക്തമായ ഒരു ലോകമാണ്. 'ഐകാൻ' (ICAN) വിഭാവന ചെയ്യുന്നത്.

1945 ആഗസ്റ്റ് 6 ന് ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും സഖ്യകക്ഷികളുടെ തീരുമാനമനുസരിച്ച് അണുബോംബ് വർഷിച്ച

തിന് പറഞ്ഞ ന്യായം ഇതാണ്. ഉടൻതന്നെ യുദ്ധം അവസാനിപ്പിക്കാൻ കഴിയുമെന്നും യുദ്ധം തുടർന്നാൽ ഇപ്പോൾ സംഭവിച്ചതിനേക്കാൾ കൂടുതൽ വ്യാപകവും ഗുരുതരവുമായ നാശനഷ്ടങ്ങൾ മനുഷ്യവർഗം അനുഭവിക്കേണ്ടിവരുമായിരുന്നു എന്നുമാണ്. ഈ ന്യായവാദം തുറന്ന മനസ്സോടെ ആർക്കും തന്നെ സ്വീകരിക്കാനാവില്ലല്ലോ. ജപ്പാനിൽ അണുബോംബ് സൃഷ്ടിച്ച ജീവനാശവും മറ്റുവ്യാപകമായ നാശനഷ്ടങ്ങളും വിവരണാതീതമാണ്. തലമുറകളോളം നീണ്ടുനിൽക്കുന്ന പ്രത്യാഘാതങ്ങളാണ് ഇതുമൂലം ഉണ്ടായത്. നിരപരാധികളായ കുഞ്ഞുങ്ങളും സ്ത്രീകളും അടക്കമുള്ള മനുഷ്യരും ജന്തുജാലങ്ങളും വസ്തുവകകളും സർവനാശത്തിന് ഇരകളായി. ഇത്രയും ഭീകരമായ ഒരു ദുരന്തം ഭൂമുഖത്തുണ്ടായിട്ടില്ല.

ഈ വർഷത്തെ സമാധാനത്തിനുള്ള നൊബേൽ സമ്മാനം ICAN എന്ന പ്രസ്ഥാനത്തിനു നൽകാൻ തീരുമാനിച്ചത് ബന്ധപ്പെട്ടവർ എടുത്ത ഏറ്റവും ഉചിതമായ നടപടിയാണെന്ന കാര്യത്തിൽ സംശയമില്ല.






## പ്രകൃതിയെ അറിയുക


വര: സചീന്ദ്രൻ കാറഡ്ക്ക

**ഡിസംബർ നമുക്കൊരു പ്രത്യേകമാസമാണ്. ക്രിസ്തുവിന്റെ തിരുപ്പിറവിയുടെ മാസം.**

**യേശു എന്ന കുട്ടി ജനിച്ചുവളർന്നത് ഒരു മരപ്പണിക്കാരന്റെ മകനായിട്ടാണല്ലോ. അവിടെ മരങ്ങളും മരപ്പണികൊണ്ടു ജീവിക്കുന്നവരും മീൻപിടിച്ച് ഉപജീവനം നടത്തുന്നവരുമൊക്കെ ഉണ്ടായിരുന്നു എന്നു നാം അറിയുന്നു. നിങ്ങൾ ഈ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടുപിടിച്ച് എഴുതിയയ്ക്കുക.**

**യേശു എന്ന കുട്ടിയും അച്ഛനോടൊപ്പം പണിയെടുത്തിരിക്കുമല്ലോ. അവൻ ഏതൊക്കെ മരങ്ങളായിരിക്കും കണ്ടിട്ടുള്ളത്? അവയുടെ പേരുകൾ എന്ത്?പഴങ്ങൾ ഉള്ള മരങ്ങളുണ്ടായിരുന്നോ? ഏതൊക്കെ മൃഗങ്ങളുണ്ടായിരുന്നു ആ ദേശത്ത്? കൃഷിയെന്തായിരുന്നു? ഇക്കാര്യങ്ങൾ കണ്ടുപിടിച്ച് ഒരു ലേഖനമാക്കി അയച്ചുതരിക. നല്ല ലേഖനത്തിന് സമ്മാനം ഉറപ്പ്.**

ഉണ്ടാക്കാം

# പ്ലാസ്റ്റിക് കുപ്പി കൊണ്ടുള്ള ചെടിച്ചട്ടികൾ

അരവിന്ദ് ഗുപ്ത

വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികൊണ്ട് നമുക്കൊരു ഒരു ചെടിച്ചട്ടി ഉണ്ടാക്കി നോക്കിയാലോ.!




- കത്രിക
- നൂൽ
- പ്ലാസ്റ്റിക് കുപ്പികൾ



1 കുപ്പിയുടെ മൂടിയിൽ നിന്ന് 10 സെ മീ അകലത്തിൽ മുറിച്ചുമാറ്റുക.



2 വെള്ളം വാർന്നു പോകാനായി കുപ്പിയുടെ മൂടിയിൽ ഒരു ദ്വാരമിടുക.




3 തൂക്കിയിടുന്നതിന് 3 തുളകളിടുക.



4 3 തുളകളിൽ നൂൽ ഇട്ട് തൂക്കിയിടുക. തൂക്കിയിട്ട ചട്ടികളിൽ മണ്ണുനിറയ്ക്കുക.



5 പൂച്ചെടികൾ നടുക. ഇനി നമുക്കിത് ജനലരികിൽ തൂക്കിയിടാം.



# ഡോ. ജെ സി ബോസ്- മഹാനായ ശാസ്ത്രജ്ഞൻ


കെ പി ലക്ഷ്മണൻ

ഭാരതീയ ശാസ്ത്രജ്ഞരിൽ പ്രമുഖനായിരുന്നു ഡോ. ജെ സി ബോസ്. സസ്യങ്ങൾക്കു ജീവനുണ്ടെന്നും സസ്യങ്ങളിൽ നടക്കുന്ന പല പ്രവർത്തനങ്ങളും മനുഷ്യനിലും മറ്റു ജന്തുക്കളിലും നടക്കുന്ന പ്രവർത്തനങ്ങൾക്ക് സമാനമാണെന്നും തെളിയിച്ചത് അദ്ദേഹമാണ്. സസ്യങ്ങളുടെ അനുനിമിഷമുള്ള വളർച്ചയും അവയുടെ പ്രതികരണങ്ങളും മനസ്സിലാക്കാൻ സഹായിക്കുന്ന ക്രെസ്കോഗ്രാഫ് എന്ന ഉപകരണം ഡോ. ബോസിന്റെ കണ്ടുപിടിത്തമായിരുന്നു. ശാസ്ത്രലോകത്തിനു ഈ കണ്ടുപിടിത്തം നൽകിയ ഉണർവ് ചെറുതൊന്നുമായിരുന്നില്ല,



സൂര്യപ്രകാശത്തിനുനേർക്ക് ചെടികൾ വളരുന്നതും പകൽസമയം മാത്രം താമരവിരിയുന്നതും വേരുകൾ വലിച്ചെടുക്കുന്ന ജലവും ലവണങ്ങളും ഇലകൾവരെ എത്തിക്കാനുള്ള സസ്യങ്ങളുടെ കഴിവും മനുഷ്യനെ അദ്ഭുതപ്പെടുത്തുന്ന പ്രതിഭാസങ്ങളായിരുന്നു. ഇന്ന് ആ പ്രവർത്തനങ്ങളുടെയെല്ലാം പിന്നിലുള്ള ശാസ്ത്രീയ വിശദീകരണം നമുക്കറിയാം. മഹാനായ ഭാരതീയ ശാസ്ത്രജ്ഞൻ ഡോ. ജഗദീഷ് ചന്ദ്രബോസാണ് സസ്യങ്ങളുടെ ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുകയും ലോകത്തിനുമുന്നിൽ അവതരിപ്പിക്കുകയും ചെയ്തത്.

സസ്യങ്ങളിൽ നടക്കുന്ന പല പ്രവർത്തനങ്ങളും മനുഷ്യനിലും മറ്റു ജന്തുക്കളിലും നടക്കുന്ന പ്രവർത്തനങ്ങൾക്ക് സമാനമാണെന്ന് ഡോ. ബോസ് തെളിയിച്ചു. ആയിരത്തി തൊള്ളായിരത്തിൽ പാരീസിൽ നടന്ന ഭൗതിക ശാസ്ത്രജ്ഞന്മാരുടെ സമ്മേളനത്തിൽ ഡോ. ബോസ് അവതരിപ്പിച്ച പ്രബന്ധം ജീവനുള്ളതും അല്ലാത്തതുമായ വസ്തുക്കളുടെ പ്രതികരണങ്ങൾ സംബന്ധിച്ചായിരുന്നു. ജീവനുള്ള വസ്തുക്കളിലും ജീവനില്ലാത്ത വസ്തുക്കളിലും വൈദ്യുതി പ്രവഹിക്കുമ്പോഴും ചൂട് കടത്തിവിടുമ്പോഴും ഉണ്ടാകുന്ന പ്രതികരണങ്ങൾ സമാനമാണന്ന് ബോസ് കണ്ടെത്തി.



ഡോ. ജഗദീഷ് ചന്ദ്രബോസ്

ജീവനുള്ള കോശങ്ങളും അജൈവമായ വസ്തുക്കളും ഉത്തേജനങ്ങളോട് പ്രതികരിക്കുന്നത് സംബന്ധിച്ച് ആദ്യമായി പഠനം നടത്തിയതും ഡോ. ബോസ് ആണ്.

സസ്യകോശങ്ങളും ജന്തുകോശങ്ങളും സമാനമായ രീതിയിലാണ് പ്രതികരിക്കുന്നതെന്ന് പരീക്ഷണങ്ങളിലൂടെ ബോസ് തെളിയിച്ചു. ശ്വാസകോശമില്ലാതെ ശ്വസിക്കാനും ആമാശയമില്ലാതെ ഭക്ഷണം ദഹിപ്പിക്കാനും പേശികളില്ലെങ്കിലും ചലിക്കാനും മറ്റു പ്രവർത്തനങ്ങൾ ചെയ്യാനും സസ്യങ്ങൾക്കും സാധിക്കും! ഏറെ നേരം ഭക്ഷണം കഴിക്കാതെയിരുന്നാൽ നാം തളർന്നുപോകാറില്ലേ. അതുപോലെ സസ്യങ്ങൾക്കും ഭക്ഷണവും വെള്ളവും ലഭിച്ചില്ലെങ്കിൽ തളർന്നുപോകും. സസ്യങ്ങളിലെ ഇത്തരം പ്രതികരണങ്ങൾ പഠിക്കുന്നതിന് ഡോ. ബോസ് കണ്ടെത്തിയ ഉപകരണമാണ് 'ഒപ്റ്റിക്കൽ പൾസ് റിക്കോഡർ.'

സസ്യങ്ങളിലെ ആന്തരിക പ്രവർത്തനങ്ങൾ ഈ ഉപകരണത്തിന്റെ സഹായത്തോടെ ബോസ് രേഖപ്പെടുത്തുകയും തവള, പല്ലി, ആമ തുടങ്ങിയ ജീവികളിലെ കോശങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളുമായി താരതമ്യപഠനം നടത്തുകയും ചെയ്തു. ഇത്തരത്തിൽ ജീവശാസ്ത്രമേഖലയുമായി ബന്ധപ്പെട്ട പുതിയ അറിവുകൾ ഡോ. ബോസ് നൽകുകയുണ്ടായി.

1858 നവംബർ 30 നാണ് ഡോ. ബോസ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് ഭഗവൻ ചന്ദ്രബോസ് ഫരീദ്പൂരിലെ ഡെപ്യൂട്ടി മജിസ്ട്രേട്ടായിരുന്നു. മാതാവ് ഭാമ സുന്ദരീദേവി. ഇപ്പോഴത്തെ ബംഗ്ലാദേശിന്റെ തലസ്ഥാനമായ ഡാക്കയ്ക്ക് സമീപമുള്ള രാരിക്കൽ ഗ്രാമത്തിലാണ് ഡോ. ജെ. സി. ബോസ് ജനിച്ചത്. ഭഗവൻ ചന്ദ്രബോസ് സ്ഥാപിച്ച സ്കൂളിലാണ് ജെ. സി. ബോസ് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. കൃഷിക്കാരും സാധാരണക്കാരുടെ കുട്ടികളുമായിരുന്നു അവിടെ ഭൂരിഭാഗവും.

ഇംഗ്ലീഷും പാശ്ചാത്യസംസ്കാരവും പഠിക്കുന്നതിനുമുമ്പ് മാതൃഭാഷയും സ്വന്തം സംസ്കാരവും മകൻ മനസ്സിലാക്കണമെന്ന് ഭഗവൻ ചന്ദ്രബോസിനു നിർബന്ധമുണ്ടായിരുന്നു. കൊൽക്കൊത്തയിലെ സെന്റ് സേവ്യേഴ്സ് കോളജിൽ നിന്നും ഡോ. ബോസ് ഭൗതികശാസ്ത്രത്തിൽ




ബിരുദപഠനം പൂർത്തിയാക്കി. വൈദ്യശാസ്ത്രം പഠിക്കുന്നതിനു ലണ്ടനിൽ പോയെങ്കിലും ആരോഗ്യം പ്രതികൂലമായതിനാൽ വൈദ്യപഠനം ഉപേക്ഷിക്കേണ്ടി വന്നു. പിന്നീട് കേംബ്രിഡ്ജിലെ ക്രൈസ്റ്റ് കോളജിൽ ബിരുദപഠനത്തിനു ചേർന്നു. ഭൗതികശാസ്ത്രത്തോടൊപ്പം സസ്യശാസ്ത്രവും രസതന്ത്രവും പഠിച്ചു. 1884 ൽ ബിരുദപഠനം പൂർത്തിയാക്കിയ ഡോ. ബോസ് കൊൽക്കൊത്ത പ്രസിഡൻസി കോളജിൽ ഭൗതികശാസ്ത്ര അധ്യാപകനായി ചുമതലയേറ്റു. അക്കാലത്ത് ഇംഗ്ലീഷുകാർക്കു ലഭിക്കുന്ന ശമ്പളത്തിന്റെ പകുതി മാത്രമേ ഇന്ത്യാക്കാർക്കു ലഭിച്ചിരുന്നുള്ളൂ. ഇതിൽ പ്രതിഷേധിച്ച് മൂന്നു വർഷത്തോളം ഡോ. ബോസ് ശമ്പളം വാങ്ങാതെ ജോലി ചെയ്തു. തൊഴിലിൽ കാണിച്ച ആത്മാർഥതയും കുട്ടികളോടുള്ള സ്നേഹവും കണക്കിലെടുത്ത് ഡോ. ബോസിനെ കോളജിൽ സ്ഥിരപ്പെടുത്തുകയും ഇംഗ്ലീഷുകാർക്കു നൽകുന്ന അതേ നിരക്കിലുള്ള ശമ്പളം നൽകുവാനും കോളജ് അധികാരികൾ തയ്യാറാവുകയും ചെയ്തു.

ഈ കാലയളവിൽ ഭൗതികശാസ്ത്രവുമായി ബന്ധപ്പെട്ട കണ്ടുപിടുത്തങ്ങളും പഠനങ്ങളും നടത്തി. വൈദ്യുതികാന്തികതരംഗങ്ങളെക്കുറിച്ചുള്ള പഠനത്തിന് 1896 ൽ ലണ്ടൻ സർവകലാശാല ഡോക്ടർ ഓഫ് സയൻസ് ബിരുദം നൽകി ബോസിനെ ആദരിച്ചു.

റേഡിയോതരംഗങ്ങൾ പിടിച്ചെടുക്കുന്ന 'കൊഹിറർ' എന്ന ഉപകരണത്തിന്റെ കണ്ടുപിടുത്തം റേഡിയോതരംഗത്തിന്റെ വിവിധ ഗുണങ്ങൾ തിരിച്ചറിയുന്നതിനു സഹായിച്ചു. റഡാറുകളിലും സാറ്റലൈറ്റുകളിലും മറ്റും ഉപയോഗിക്കുന്ന സൂക്ഷ്മ തരംഗങ്ങളുടെ സാന്നിധ്യം ബോസ് തെളിയിച്ചു.

1900 ത്തിൽ പാരിസിൽ നടന്ന ഭൗതികശാസ്ത്രജ്ഞന്മാരുടെ അന്താരാഷ്ട്രസമ്മേളനത്തിൽ ഡോ. ബോസ് അവതരിപ്പിച്ച പ്രബന്ധം സസ്യലോകത്തെക്കുറിച്ച് അതുവരെയുണ്ടായ പല ധാരണകളും തിരുത്തിക്കുറിച്ചു. ജീവനുള്ള വസ്തുക്കളിലും ഇല്ലാത്തവയിലും കൂടി വൈദ്യുതി പ്രവഹിക്കുമ്പോഴുള്ള പ്രതികരണങ്ങളുടെ താരതമ്യപഠനമാണ് പ്രബന്ധവിഷയം. ജന്തുക്കളുടെ ശരീരത്തിൽക്കൂടിയും ജീവനില്ലാത്ത ലോഹത്തിൽക്കൂടിയും വൈദ്യുതി പ്രവഹിച്ചപ്പോൾ സമാനപ്രതികരണമാണുണ്ടാവുന്നതെന്ന് ബോസ് സമർഥിച്ചു. ചൂടേൽക്കുമ്പോഴും വിഷബാധയേൽക്കുമ്പോഴും ജീവികളിലും ജീവനില്ലാത്തവയിലും ഒരേ രീതിയിലുള്ള പ്രതികരണമാണുണ്ടാവുന്നതെന്നും ബോസ് തെളിയിച്ചു. ഇത്തരം പരീക്ഷണങ്ങൾ സസ്യങ്ങളിൽ നടത്തിയപ്പോൾ സസ്യകോശങ്ങളും ജന്തുകോശങ്ങളെപ്പോലെ തന്നെയാണ്

**ചൂടേൽക്കുമ്പോഴും വിഷബാധ ഏൽക്കുമ്പോഴും ജീവികളിലും ജീവനില്ലാത്തവയിലും ഒരേ രീതിയിലുള്ള പ്രതികരണമാണുണ്ടാവുന്നതെന്നും ബോസ് തെളിയിച്ചു. ഇത്തരം പരീക്ഷണങ്ങൾ സസ്യങ്ങളിൽ നടത്തിയപ്പോൾ സസ്യകോശങ്ങളും ജന്തുകോശങ്ങളെപ്പോലെ തന്നെയാണ് പ്രതികരിക്കുന്നതെന്നും ബോസ് കണ്ടെത്തി. സസ്യങ്ങൾ അധിക അളവിൽ കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്തപ്പോൾ മറ്റു ജീവികളെപ്പോലെ സസ്യങ്ങളും മരിക്കുന്നതായി കണ്ടെത്തി.**


ഫോട്ടോ : Biswarup Ganguly

ക്രെസ്കോഗ്രാഫ്

പ്രതികരിക്കുന്നതെന്നും ബോസ് കണ്ടെത്തി. സസ്യങ്ങൾ അധിക അളവിൽ കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്തപ്പോൾ മറ്റു ജീവികളെപ്പോലെ സസ്യങ്ങളും മരിക്കുന്നതായി കണ്ടെത്തി.

സസ്യചലനങ്ങളും വളർച്ചയും നിരീക്ഷിക്കാനും രേഖപ്പെടുത്തുവാനും ഡോ.ബോസ് കണ്ടുപിടിച്ച ഉപകരണമാണ് 'ക്രെസ്കോഗ്രാഫ്'. സസ്യചലനങ്ങളെ പത്തായിരം മടങ്ങ് വലിപ്പത്തിൽ നിരീക്ഷിക്കുന്നതിന് ക്രെസ്കോഗ്രാഫ് സഹായിച്ചു. ഡോ. ബോസ് ആവിഷ്കരിച്ച 'വൈറ്റൽ ഫോഴ്സ് തിയറി' പറയുന്നത് സസ്യവേരുകൾ വലിച്ചെടുക്കുന്ന ജലത്തെ ഇലകളിൽവരെ എത്തിക്കുന്നത് പാരൻകൈ എന്നറിയപ്പെടുന്ന സസ്യകോശങ്ങളിലെ വൈദ്യുതതരംഗങ്ങളുടെ സ്പന്ദനം മൂലമാണെന്നാണ്. ഇത് കണ്ടുപിടിക്കുന്നതിനായി ബോസ് കണ്ടെത്തിയ ഉപകരണമാണ് 'ഇലക്ട്രിക് പ്രോബ്'.

1915 ൽ അധ്യാപനജീവിതത്തിൽ നിന്നും ഡോ. ബോസ് വിരമിച്ചു. വിശിഷ്ടസേവനത്തിനുള്ള ഏറ്റവും ഉന്നതമായ 'സർ' ബഹുമതി ഡോ. ബോസിനു നൽകി ബ്രിട്ടീഷ് ഗവൺമെന്റ് ആദരിച്ചു. ഔദ്യോഗികജീവിതത്തിൽ നിന്നും വിരമിച്ചതിനുശേഷം കൂടുതൽ സമയം പഠന ഗവേഷണങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുന്നതിനായി ബോസ് 1917 ൽ കൊൽക്കൊത്തയിൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു.

ജീവിതാവസാനംവരെ ബോസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി പ്രവർത്തിച്ചു. 1937 നവംബർ 23 ന് ബീഹാറിലെ ഗിരിഡി എന്ന സ്ഥലത്തുവച്ച് അദ്ദേഹം ഈ ലോകത്തോടു വിടപറഞ്ഞു.

ഭൗതികശാസ്ത്രത്തിലും ജീവശാസ്ത്രത്തിലും നിരവധി കണ്ടുപിടുത്തങ്ങൾ ഡോ. ബോസ് നടത്തിയെങ്കിലും ഒന്നിനും പേറ്റന്റ് എടുത്തിട്ടില്ലെന്നു മാത്രമല്ല തന്റെ കണ്ടുപിടുത്തങ്ങൾ എല്ലാം മാനവരാശിക്കു സമർപ്പിക്കുകയും ചെയ്തു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യകാലത്താണ് ജഗദീഷ് ചന്ദ്രബോസ് ഇന്ത്യയിലെ പരിമിതമായ സാഹചര്യങ്ങൾ ഉപയോഗിച്ച് ഗവേഷണം നടത്തിയത്. താൻ അധ്യാപകനായി ജോലി ചെയ്തിരുന്ന കൊൽക്കൊത്ത പ്രസിഡൻസി കോളജിലെ ലബോറട്ടറിയാണ് ഡോ. ബോസ് തന്റെ ഗവേഷണങ്ങൾക്കായി ഉപയോഗിച്ചത്. 1928 ൽ അദ്ദേഹം ലണ്ടനിലെ റോയൽ സൊസൈറ്റിയിൽ ഫെല്ലോ ആയി തെരഞ്ഞെടുക്കപ്പെട്ടു.

അബല ബോസാണ് ജഗദീഷ് ചന്ദ്രബോസിന്റെ പത്നി. അവർക്ക് ഒരു കുട്ടി ജനിച്ചെങ്കിലും ചെറുപ്പത്തിൽത്തന്നെ ആ കുഞ്ഞ് മരിച്ചുപോയി. അധികാരമോ, പദവിയോ പണമോ ആഗ്രഹിക്കാതെ ശാസ്ത്രത്തിനുവേണ്ടി ജീവൻ സമർപ്പിച്ച വ്യക്തിയായിരുന്നു ഡോ. ജഗദീഷ് ചന്ദ്രബോസ്.




കോട്ടയം ദർശന അന്താരാഷ്ട്രപുസ്തകോത്സവത്തോടനുബന്ധിച്ച് നടന്ന സെമിനാറിന്റെ ഉദ്ഘാടനം ശ്രീ പെരുമ്പടവം ശ്രീധരൻ നിർവഹിക്കുന്നു.




# മനുഷ്യാവകാശദിനം



**പ്രൊഫ. വി കാർത്തികേയൻ നായർ**

എല്ലാവർഷവും ഡിസംബർ മാസം 10–ാം തീയതി ലോകമെമ്പാടും മനുഷ്യാവകാശദിനം ആചരിക്കാറുണ്ട്. മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനാവകാശങ്ങൾ ലംഘിക്കപ്പെടുന്നതുകൊണ്ടാണ് അത്തരം അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് ക്ഷേമപൂർണമായ ജീവിതത്തിന് അത്യാവശ്യമായി വരുന്നത്. മനുഷ്യരുടെ അവകാശങ്ങൾ നിഷേധിക്കുന്നത് മനുഷ്യർ തന്നെയാണെന്നത് വിചിത്രമെന്നു തോന്നാം. എന്നാൽ ചരിത്രത്തിലുടനീളം ഒരു വിഭാഗത്തിന്റെ അവകാശം മറ്റൊരു കൂട്ടർ നിഷേധിച്ചിരുന്നതായി കാണാം. കഴിഞ്ഞകാലത്ത് അത്തരം സംഭവങ്ങൾ നടന്നിരുന്നുവെങ്കിലും ഭാവിയിൽ അതുണ്ടാവാൻ പാടില്ലെന്നതുകൊണ്ടാണ് വർത്തമാനകാലസമൂഹം ജാഗ്രതയോടുകൂടി മനുഷ്യാവകാശ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നത്.

ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭ 1948 ലാണ് സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിക്കുന്നത്. അതൊരു വിപുലമായ രേഖയാണ്. അതിനൊരു ചരിത്രവും തുടർപ്രവർത്തനങ്ങളുമുണ്ട്. ഈ പ്രഖ്യാപനത്തിന്റെ തുടർച്ചയായി മറ്റ് നിരവധി അവകാശ പ്രഖ്യാപനങ്ങളും ഐക്യരാഷ്ട്രസഭ അംഗീകരിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ വനിതകളുടെ അവകാശവും കുട്ടികളുടെ അവകാശവും അംഗപരിമിതരുടെ അവകാശവും ഉൾപ്പെടും.

ഐക്യരാഷ്ട്ര സംഘടന രൂപീകൃതമാകുന്നതിന് ഏതാനും വർഷം മുമ്പ് ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിലും അമേരിക്കൻ പ്രസിഡന്റായിരുന്ന റൂസ്‌വെൽറ്റും ചേർന്ന് പ്രഖ്യാപിച്ചതായിരുന്നു അറ്റ്ലാന്റിക് ചാർട്ടർ. അറ്റ്ലാന്റിക് സമുദ്രത്തിൽ ഒരു കപ്പലിൽ വച്ചാണ് പ്രസ്തുത പ്രഖ്യാപനത്തിന് രൂപം നൽകിയത് എന്നതുകൊണ്ടാണ് അതിന് അറ്റ്ലാന്റിക് ചാർട്ടർ എന്ന് പേരിട്ടത്. ജീവിക്കാനുള്ള സ്വാതന്ത്ര്യം, ഭക്ഷണമുൾപ്പെടെയുള്ള ഭൗതികാവശ്യങ്ങൾക്കുള്ള സ്വാതന്ത്ര്യം,



ചിന്തിക്കാനും പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം, ഭയത്തിൽ നിന്നുള്ള മുക്തി ഇവയായിരുന്നു ആ ചാർട്ടറിൽ ഉൾപ്പെടുത്തിയിരുന്നത്.

മനുഷ്യാവകാശങ്ങളുടെ മൗലികമായ ഘടകം തുല്യതയാണല്ലോ. തുല്യത നിഷേധിക്കപ്പെടുമ്പോഴാണ് അവകാശ ലംഘനമുണ്ടാകുന്നത്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ യൂറോപ്പിൽ പതിനെട്ടാം നൂറ്റാണ്ടിൽ തന്നെ മുഴങ്ങി കേട്ടിരുന്നു. ഫ്യൂഡലിസത്തിന്റെ തകർച്ചയെ തുടർന്നുണ്ടായ സവിശേഷ സാഹചര്യത്തിലാണ് ആ മുദ്രാവാക്യങ്ങൾ ഉയർന്നുവന്നത്. ഫ്യൂഡൽ പ്രഭുക്കൻമാരുടെ ചൂഷണത്തിന് വിധേയരായി നരകതുല്യം ജീവിച്ചിരുന്ന അടിമകളുടെയും അടിയാളരുടെയും മോചനമന്ത്രമായി തീർന്നത് ഈ മുദ്രാവാക്യങ്ങളായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിലെ ജ്ഞാനോദയ കാലഘട്ടത്തിലെ ചിന്തകൻമാരായിരുന്നു അതിന് രൂപം കൊടുത്തത്. മനുഷ്യൻ സ്വതന്ത്രനായിട്ടാണ് ജനിക്കുന്നതെങ്കിലും അവൻ എല്ലായിടത്തും ചങ്ങലകളാൽ ബന്ധിതനാണ് എന്നാണ് റൂസ്സോ എന്ന ചിന്തകൻ പ്രസ്താവിച്ചത്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യ ദശകത്തിൽ ഫ്രാൻസിലുണ്ടായ വിപ്ലവം മനുഷ്യരാശിക്ക് പുതിയൊരുണർവ് നൽകിയിരുന്നു. പഴയ രാജവാഴ്ചകൾ തകർന്ന് പുതിയ ഭരണകൂടം നിലവിൽവന്നതോടൊപ്പം തന്നെ സ്വതന്ത്രമനുഷ്യൻ എന്ന സങ്കൽപനം ലോകമാസകലം പരന്നു. ഫ്രഞ്ച് വിപ്ലവത്തിനു മുമ്പാണ് അമേരിക്കയിലെ പതിമൂന്ന് ബ്രിട്ടീഷ് കോളനികൾ സ്വാന്ത്ര്യം പ്രഖ്യാപിച്ച് അമേരിക്കൻ ഐക്യനാടുകൾ എന്ന പുതിയ രാഷ്ട്രം ഉടലെടുത്തത്. അതിന് നേതൃത്വം കൊടുത്തവരെ സ്വാധീനിച്ച തത്വങ്ങൾ ഫ്രഞ്ച് ചിന്തകൻമാരായിരുന്ന റൂസ്സോയുടെയും മൊണ്ടെസ്ക്യുവിന്റേതുമായിരുന്നു. അമേരിക്കൻ ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നത് എല്ലാ മനുഷ്യരും ജനിക്കുന്നത് ആർക്കും നിഷേധിക്കാനാവാത്ത ചില അവകാശങ്ങളോടുകൂടിയാണ് എന്നാണ്. ജീവിക്കാനും സ്വതന്ത്രരായിരിക്കാനും സന്തോഷകരമായ ജീവിതസൗകര്യങ്ങൾ ഉണ്ടാകണമെന്നുമാണ് പ്രസ്തുത പ്രഖ്യാപനത്തിൽ പറയുന്നത്.

ഫ്രഞ്ച് വിപ്ലവത്തെ തുടർന്ന് വിളിച്ചുചേർത്ത ജനപ്രതിനിധി സഭയായ ജനറൽ അസംബ്ലി 1789 ൽ ഒരു മനുഷ്യാവകാശ പ്രഖ്യാപനം നടത്തുകയുണ്ടായി. ആ പ്രഖ്യാപനം ഫ്രാൻസിൽ മാത്രമല്ല തൊട്ടടുത്ത പതിറ്റാണ്ടുകളിൽ യൂറോപ്പിലെ ഇതര രാഷ്ട്രങ്ങളിലും മറ്റു ലോകരാഷ്ട്രങ്ങളിലും പ്രതിധ്വനിച്ചു. ഫ്രഞ്ച് വിപ്ലവത്തിൽ ആവേശഭരിതനായ മൈസൂരിലെ ടിപ്പുസുൽത്താൻ രാജ്യ തലസ്ഥാനമായ ശ്രീരംഗപട്ടണത്ത് ഫ്രഞ്ച് കൊടി ഉയർത്തുകയും 'പൗരൻ' എന്ന് സ്വയം വിശേഷിപ്പിക്കുകയും ചെയ്തു. (Citizen Tipu) ടിപ്പുവിനോട് ബ്രിട്ടീഷുകാർക്ക് ശത്രുത വർധിക്കാനുണ്ടായ ഒരു കാരണം ഇതായിരുന്നു.

ഫ്രഞ്ച് ദേശീയസഭ അംഗീകരിച്ച മനുഷ്യാവകാശ പ്രഖ്യാപനത്തെ കാലോചിതമായി പരിഷ്കരിച്ചാണ് 1948 ൽ ഐക്യരാഷ്ട്ര സഭ സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം വിളംബരം ചെയ്തത്. ഫ്രഞ്ച് വിപ്ലവാനന്തര കാലഘട്ടത്തിൽ ലോകത്തുണ്ടായ സംഭവവികാസങ്ങൾ ഇത്തരമൊരു പ്രഖ്യാപനത്തെ അനിവാര്യമാക്കി. യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയടക്കമുള്ള കോളനികളിൽ നടത്തിവന്നിരുന്ന കൊള്ളയും കൊലയും മനുഷ്യാവകാശ ലംഘനങ്ങളും ലോകമനഃസാക്ഷിയെ ഞെട്ടിച്ചിരുന്നു. യൂറോപ്പിൽത്തന്നെ ഇറ്റലി, ജർമ്മനി, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽ ഭരണത്തിലെത്തിയ ഫാസിസ്റ്റ് കക്ഷികൾ ഭരണസംവിധാനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് നടത്തിയ മൃഗീയ പീഡനങ്ങളും നരഹത്യകളും മനുഷ്യാവകാശ ലംഘനങ്ങളും സാർവദേശീയമായി മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന നിഗമനത്തിലേക്ക് ഐക്യരാഷ്ട്ര സംഘടനയെ എത്തിച്ചു. ഐക്യരാഷ്ട്ര സംഘടന സ്ഥാപിക്കപ്പെട്ടതുതന്നെ ഭാവിതലമുറയെ യുദ്ധമെന്ന കൊടുംഭീകരതയിൽ നിന്ന് മോചിപ്പിക്കുക

Think free
Act free
Be free

it's your
right

ലോഗോ

എന്ന ഉദ്ദേശത്തോടുകൂടിയാണ്. (To free the succeeding generations from the scourge of war)

ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച മനുഷ്യാവകാശ പട്ടികയിൽ ചില അവകാശങ്ങൾ പേരെടുത്ത് പറയുകയും അവയുടെ വിപുലീകരണമെന്നോണം പിൽക്കാലത്ത് പ്രത്യേക പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. അങ്ങനെയാണ് 1989 ൽ കുട്ടികളുടെ അവകാശം എന്ന രേഖ അംഗീകരിച്ചത്. പിന്നീട് മാതൃഭാഷയ്ക്കുവേണ്ടിയുള്ള അവകാശം 1998 ൽ അംഗീകരിക്കുകയുണ്ടായി.

ജീവിക്കാനുള്ള അവകാശം, പീഡനങ്ങളിൽ നിന്നുള്ള മോചനം, അടിമത്തത്തിൽ നിന്നുള്ള മോചനം, കുറ്റാരോപിതരാകുന്നവർക്കുള്ള നീതിപൂർവമായ വിചാരണ, സംസാര സ്വാതന്ത്ര്യം, സഞ്ചാര സ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം എന്നിങ്ങനെ ചില അവകാശങ്ങളുടെ പേരെടുത്തു പറഞ്ഞാണ് ഐക്യരാഷ്ട്ര സഭ മനുഷ്യാവകാശങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളത്. വിപുലമായ ഒരു രേഖയാണ് ഈ പ്രഖ്യാപനം. ഐക്യരാഷ്ട്ര സഭയിൽ അംഗങ്ങളായിട്ടുള്ള രാജ്യങ്ങളെല്ലാം തന്നെ ഈ അവകാശങ്ങൾ പൗരൻമാർക്ക് ഉറപ്പാക്കാൻ ബാധ്യസ്ഥരാണ്.



ഫാസിസ്റ്റ് ഭരണത്തിൻ കീഴിൽ യഹൂദവംശജരെ ജർമനിയിൽ ക്രൂരമായി പീഡിപ്പിച്ച് കൊന്നതിനാലാണ് പീഡനത്തിൽ നിന്ന് മോചനമെന്ന അവകാശം ഉൾപ്പെടുത്തിയത്. ആഫ്രിക്കൻ ജനതയെ അവരുടെ നാട്ടിൽ വച്ചുതന്നെ കോളനിഭരണക്കാർ ചങ്ങലയിലിട്ട് തടവിലാക്കിയതിനാലാണ് അടിമത്തത്തിൽ നിന്നുള്ള മോചനമെന്ന തത്വം അംഗീകരിച്ചത്. ദക്ഷിണാഫ്രിക്ക ഉൾപ്പെടെയുള്ള ആഫ്രിക്കൻ രാജ്യങ്ങളിൽ വംശീയ വിവേചനം നടത്തിയിരുന്നതുകൊണ്ടാണ് വംശീയതയ്ക്കെതിരേയുള്ള അവകാശം അംഗീകരിച്ചത്.

മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ തുടർച്ചയായി അംഗീകരിക്കപ്പെട്ട രണ്ട് സുപ്രധാനമായ അവകാശങ്ങളാണ് 1989 ലെ കുട്ടികളുടെ അവകാശവും 1998 ലെ മാതൃഭാഷാ അവകാശവും. ഇത് രണ്ടും പരസ്പര പൂരകമാണ്. എല്ലാ കുഞ്ഞുങ്ങളുടെയും അവകാശമാണ് രക്ഷിതാക്കളുടെ സംരക്ഷണം കിട്ടണമെന്നുള്ളത്. അതുപോലെ തന്നെയാണ് മാതൃഭാഷ സംസാരിക്കാനും മാതൃഭാഷയിലൂടെ വിദ്യാഭ്യാസം ലഭിക്കുവാനുമുള്ള അവകാശം. ബാലാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് ഭരണകൂടത്തിന്റെ കടമയാണ്. മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം കുഞ്ഞുങ്ങൾക്ക് നൽകേണ്ടത് സർക്കാരിന്റെ കടമയായതുകൊണ്ടാണ് കേരള സർക്കാർ മലയാള ഭാഷാപഠനം നിർബന്ധിതമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്.

ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ മാറ്റൊലിയാണ് ഇന്ത്യൻ ഭരണഘടനയിലെ മൂന്നാമധ്യായത്തിൽ പ്രതിപാദിക്കുന്ന മൗലികാവകാശങ്ങൾ. ഭരണഘടനയുടെ ആമുഖത്തിൽ തന്നെ നീതി, തുല്യത, സ്വാതന്ത്ര്യം, വ്യക്തിയുടെ അന്തസ്, രാഷ്ട്രത്തിന്റെ അഖണ്ഡത എന്നിവ സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പ് നൽകുന്നു. മൂന്നാമധ്യായത്തിലെ മൗലികാവകാശങ്ങളിൽ തുല്യത, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണത്തിൽ നിന്നുള്ള സംരക്ഷണം, മതസ്വാതന്ത്ര്യം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ, മേൽ പറഞ്ഞ അവകാശങ്ങൾ നിയമപരമായി സംരക്ഷിച്ചു കിട്ടുന്നതിനുള്ള അവകാശം എന്നിവ ഉൾപ്പെടുന്നു. ഇവ ഉൾപ്പെടെയുള്ള അവകാശങ്ങൾ നാലാമധ്യായത്തിലെ നിർദേശക തത്വങ്ങളിലും പ്രതിപാദിക്കുന്നു.

പൗരൻമാരുടെ അവകാശം ഭരണകൂടത്തിന്റെ കടമയാണ്. അവകാശവും കടമയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെയാണ്. ഒന്നിനുമാത്രമായി നിലനിൽപ്പില്ല.



# ഒരു മാന്ത്രികചതുരപ്രശ്നം

പള്ളിയറ ശ്രീധരൻ

ഭാരതത്തിൽ ഗണിതവുമായി ബന്ധപ്പെട്ട ധാരാളം നാടൻകഥകൾ പ്രചാരത്തിലുണ്ടായിരുന്നു. രസകരമായ ഈ നാടൻകഥകൾ തലമുറകളായി കൈമാറിക്കൊണ്ടിരുന്നു. ഇവ പലതും ഗണിതവുമായി ബന്ധപ്പെട്ടതും പ്രശ്നരൂപത്തിലുള്ളതുമായിരുന്നു. ഇങ്ങിനെ ഗണിതവുമായി ബന്ധമുള്ള ഒരു പ്രശ്നം താഴെ കൊടുക്കുന്നു.

''ഒരാളുടെ കൈവശം 25 മുത്തുകളുണ്ട്. ഒന്നാമത്തേതിന് ഒരു പണം. രണ്ടാമത്തേതിന് രണ്ടു പണം. മൂന്നാമത്തേതിന് മൂന്നു പണം എന്നിങ്ങനെയാണ് മുത്തുകളുടെ വിലകൾ. അയാൾക്ക് അഞ്ചു മക്കളുണ്ട്. എണ്ണത്തിലും മൂല്യത്തിലും തുല്യമായി ഈ മുത്തുകൾ എങ്ങനെ വീതിച്ചുനൽകും?''

പണം എന്നത് കേരളത്തിൽ മുൻപ് പ്രചാരത്തിലുണ്ടായിരുന്ന ഒരു നാണയമാണ്. രൂപയും പൈസയുമൊക്കെ വന്നപ്പോൾ ഇവ അപ്രത്യക്ഷമായി. പണത്തിനു പകരം നമുക്ക് രൂപ എന്ന് പരിഗണിക്കുകയുമാവാം.

25 മുത്തുകൾ 5 പേർക്ക് എണ്ണത്തിൽ തുല്യമായി ഭാഗിക്കാൻ എളുപ്പമാണ്. 5 വീതം നൽകിയാൽ മതി. മൂല്യം എങ്ങനെ തുല്യമാക്കാം എന്നതാണ് പ്രശ്നം. മുത്തുകളുടെ മൂല്യം 1 മുതൽ 25 വരെ പണമായതിനാൽ ആകെ മൂല്യം 1 മുതൽ 25 വരെയുള്ള സംഖ്യകളുടെ തുക ആയിരിക്കും. ഇത് 325 ആണെന്ന് കാണാം. അതിനാൽ ഒരാൾക്ക് ലഭിക്കുന്ന മൂല്യം 65 ആയിരിക്കുമല്ലോ.

തുക 65 ആകത്തക്കവിധത്തിൽ 1 മുതൽ 25 വരെയുള്ള സംഖ്യകൾ 5 വരിയും 5 നിരയുമുള്ള ഒരു മാന്ത്രിക ചതുരമായി ക്രമീകരിച്ചാൽ പ്രശ്നം പരിഹരിക്കപ്പെടും. അങ്ങനെ നോക്കുമ്പോൾ ഇതും മാന്ത്രികചതുരനിർമ്മിതി ഉൾപ്പെടുന്ന ഒരു പ്രശ്നമായി കണക്കാക്കാം. ഈ പ്രശ്നത്തിന്റെ മാന്ത്രികചതുരം താഴെ കൊടുക്കുന്നു.


| | | | | |
|---|---|---|---|---|
| 17 | 24 | 1 | 8 | 15 |
| 23 | 5 | 7 | 14 | 16 |
| 4 | 6 | 13 | 20 | 22 |
| 10 | 12 | 19 | 21 | 3 |
| 11 | 18 | 25 | 2 | 9 |

palliyarasreedharan@gmail.com

# ജനാലകൾ കറന്റുണ്ടാക്കുന്ന കാലം!

പ്രൊഫ. എസ് ശിവദാസ്

അറിഞ്ഞോ വിശേഷം? ഇനി ജനാലകൾ കറന്റുണ്ടാക്കും. ജനാലകളിലെ ഗ്ലാസ് പാനലുകൾക്കുപകരം അവിടെയെല്ലാം സോളാർ പാനൽ പിടിപ്പിക്കുകയാണ് അതിനുള്ള വിദ്യ. ഇന്നത്തെ സോളാർ പാനലല്ല. അവ സുതാര്യമല്ലല്ലോ. ഇതാ ജനാലഗ്ലാസുപോലെ സുതാര്യമായ സോളാർ പാനൽ വികസിപ്പിച്ചിരിക്കുന്നു. തികച്ചും 'സീത്രൂ' ആയ സോളാർ പാനലുകൾ. അതിലൂടെ നോക്കിയാൽ ഉള്ളിലുള്ളതൊക്കെ കാണാവുന്നത്ര സുതാര്യം. യു എസ് എ യിലെ മിഷിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റി (Michigan State University, MIT) ആണ് അത്ഭുതകരമായ ഈ സോളാർ പാനലുകൾ വികസിപ്പിച്ചിരിക്കുന്നത്.




'സീത്രൂ' ഗ്ലാസ് പാനൽ



റിച്ചാർഡ് ലൺട്

എപ്പോഴാണ് ഒരു പദാർഥം സുതാര്യമായിരിക്കുന്നത്? അതിലൂടെ കടന്നുപോകുന്ന പ്രകാശം മുഴുവൻ അത് ആഗിരണം ചെയ്യാതെ പുറത്തേക്കുവിടണം. പ്രകാശം അതിലൂടെ പൂർണമായും കടന്നുപുറത്തുവരണം. വന്ന് നിങ്ങളുടെ കണ്ണിൽ വീഴണം. അങ്ങനെയാണ് സംഭവിക്കുന്നതെങ്കിൽ ആ പദാർഥത്തിനു സോളാർ വൈദ്യുതി ഉണ്ടാക്കാൻ പറ്റില്ല. എന്താ കാരണം? സോളാർ വൈദ്യുതി ഉണ്ടാക്കണമെങ്കിൽ സോളാർ ലൈറ്റിലെ ചില ഘടകങ്ങളെ ആഗിരണം ചെയ്യണം. എന്നിട്ട് ആ ഘടകമുപയോഗിച്ച് വൈദ്യുതി (ഇലക്ട്രോൺ പ്രവാഹം) ഉണ്ടാക്കണം. അപ്പോൾ പിന്നെ എങ്ങനെ ഒരു സുതാര്യ പദാർഥത്തിനു സോളാർപാനലായി പ്രവർത്തിക്കാനാകും?

അതിനൊരു സൂത്രം എം ഐ റ്റിയിലെ വിദഗ്ധർ കണ്ടെത്തി. അതാണ് ടിഎൽ എസ് സി ടെക്നോളജി (Transparent luminescent solar concentrator, TLSC). ചില കാർബണിക (ഓർഗാനിക്) ലവണങ്ങൾ ആണ് ഇതിനായി ഉപയോഗിക്കുക. ആ ലവണങ്ങൾ സോളാർ പ്രകാശഘടകങ്ങളിലെ ചില ഘടകങ്ങളെ മാത്രം ആഗിരണം ചെയ്ത് വൈദ്യുതി ഉണ്ടാ




ഇ എം സ്പെക്ട്രം (നിയർ ഐ ആർ)


ക്കും. കൃത്യമായി പറഞ്ഞാൽ ഇൻഫ്രാറെഡിലെ (IR) ചില ഭാഗം. ഈ ഭാഗം നമ്മുടെ കണ്ണിന് കാണാനാകാത്തതാണ്. അപ്പോൾ കണ്ണിനു കാണാനാകുന്ന ദൃശ്യപ്രകാശ മേഖലയെ മുഴുവൻ പദാർഥം പുറത്തുവിടുകയും ചെയ്യും. അങ്ങനെ സുതാര്യമായി പെരുമാറും.

ഇങ്ങനെ ആഗിരണം ചെയ്യുന്ന പ്രകാശത്തെ ഒരു സാധാരണ ഫോട്ടോവോൾട്ടയ്ക് സെൽ (Photo voltaic cell) ഉപയോഗിച്ച് വൈദ്യുതിയാക്കുകയും ചെയ്യും. നിയർ ഇൻഫ്രാറെഡ് (Near infrared) പ്രകാശക്കൊയ്ത്താണ് ഇവിടെ നടത്തുന്നത്.

എം ഐ റ്റിയിലെ റിച്ചാർഡ് ലൺട് (Richard Lunt) ആണ് ഈ ഗവേഷണ പ്രോജക്റ്റിന്റെ തലവൻ. അവർ വികസിപ്പിക്കുന്ന സുതാര്യ സോളാർ പാനലുകൾ ഭാവിയിൽ ആകാശചുംബിക ളായ വലിയ കെട്ടിടങ്ങളുടെ ജനാലകളിലും ഭിത്തികളിലുമൊക്കെ പിടിപ്പിക്കാം. ജനാലവാതിലുകൾക്കായി ഗ്ലാസിനുപകരം ഇവ ഉപയോഗിക്കാം. അടഞ്ഞുകിടന്നാലും അവ മുറിയിൽ വെളിച്ചം തരും. ഭിത്തിയിൽ ഭംഗിക്കായും പിടിപ്പിക്കാം. കെട്ടിടങ്ങളുടെ മേൽക്കൂരയിൽ ഇപ്പോൾ ഉപയോഗിക്കുന്ന തരം സുതാര്യമല്ലാത്ത പാനൽ തന്നെ ഉപയോഗിക്കുകയും ചെയ്യാം.

സുതാര്യ പാനലുകൾ നാനാതരം ഉൽപ്പന്നങ്ങളിൽ ഉപയോഗിക്കാം. നിങ്ങളുടെ മൊബൈൽ ഫോണിന്റെ മുൻവശത്തുവരെ. എവിടെ ഉപയോഗിച്ചും വൈദ്യുതി ഉണ്ടാക്കാം.

എം ഐ റ്റി 2013 ൽ തന്നെ ഇതിനായി ഒരു സ്റ്റാർട്ട് അപ് കമ്പനി തുടങ്ങി. എം ഐ റ്റിയിലെ കെമിക്കൽ എഞ്ചിനീയറിങ് & മെറ്റീരിയിൽസ്




ടി എൽ എസ് സി ടെക്നോളജി

സയൻസ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറാണ് ‘ലൺട്’. ആ സ്റ്റാർട്ട് അപ് കമ്പനിയുടെ സ്ഥാപകരിലൊരാളും.

എം ഐ റ്റി കമ്പനി ഒരു പ്രോട്ടോ ടൈപ്പ് വികസിപ്പിച്ചുകഴിഞ്ഞു. അതിന് 1% എഫിഷ്യൻസിയേ ഉള്ളൂ. ഉൽപ്പാദനം ആരംഭിക്കുമ്പോഴേക്ക് എഫിഷ്യൻസി 10% ആയി ഉയരും എന്നാണ് അവരുടെ കണക്കുകൂട്ടൽ. സാധാരണ സോളാർ പാനലിന് പത്തു ശതമാനത്തിൽ താഴെ മാത്രമേ എഫിഷ്യൻസി ഉള്ളൂ.

ശാസ്ത്രലോകത്ത് എന്നും അത്ഭുതങ്ങൾ ഒളിച്ചിരിപ്പുണ്ട്. അസാധ്യമായ, അവിശ്വസനീയമായ ടെക്നോളജികൾ ഏതു സമയവും തലപൊക്കാം. വിജയിക്കാം. സീത്രൂ സോളാർ പാനലുകൾ അത്തരമൊരു ടെക്നോളജിയാണ്. സൗരോർജക്കൊയ്ത്തിനെ കൂടുതൽ വ്യാപിപ്പിച്ച് ലോകത്ത് ക്ലീൻ എനർജിയുടെ ഉപയോഗം കൂടുതലാക്കുകയെന്നത് ലോകത്തിന്റെ നിലനിൽപ്പു തന്നെ ഉറപ്പാക്കാനാണ്. പരിസ്ഥിതിസൗഹൃദമായ ഈ ടെക്നോളജി ഭാവിയിൽ ഇന്ത്യയിലും എത്തുമെന്ന് നമുക്കു സ്വപ്നം കാണാം. (https//www.extremetech.com/computing By Jamie Lendino)

കുട്ടിക്കവിത

# ഉണ്ണിക്കിടാവ്

**അരുൺകുമാർ അന്നൂർ**



തിങ്കളേ, താരിളം തിങ്കളേ,
നീയെന്റെ
തങ്കക്കിടാവിനെക്കണ്ടോ?
താമരപ്പൂങ്കവിൾച്ചേലിൽ നുണക്കുഴി-
ച്ചേലെഴും കുഞ്ഞിനെക്കണ്ടോ?
കുഞ്ഞാമ്പൽമൊട്ടു ചിരിക്കണ പോലെന്റെ
ഉണ്ണി ചിരിക്കണ കണ്ടോ?
വിണ്ണിന്റെയൊറ്റ മകനാണു നീയെന്റെ-
യുണ്ണിയും നിന്നെപ്പോലല്ലോ..




വര: ആശ ആർ

കവിത

# ഒരു കൂട്ടം കവികൾ

ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ

ചില കവികൾ
പല കിളികളെപോൽ
കനൽവഴികൾ
താണ്ടിവന്നെത്തുന്നു.
ഉന്മത്തനൃത്തം
ചവിട്ടുന്നു
നോവുകൾ
നെഞ്ചേറ്റിവേവുന്നു.
തുമ്പിയെ
കല്ലെടുപ്പിക്കുന്നു
തുമ്പയെ
തേടിയലയുന്നു.
കാറ്റേത് കടലേത്
കയ്ക്കാത്ത കാഞ്ഞിര-
ത്തണലേത്?
ഗന്ധർവൻ പാടും
വഴിയേത്?
എന്നെല്ലാം പാടി-
നടക്കുന്നു.
കുഞ്ഞുങ്ങളെ തേടി-
യെത്തുന്നു, ചില-
രാലോലം താരാട്ടു
പാടുന്നു.
ഹൃദയങ്ങളിൽ കൂടു-
കൂട്ടുന്നു, മലർ-
മെത്തയിൽ ശരണം
വിട്ടുറങ്ങുന്നു.
ചില കവികൾ
പല കിളികളെപോൽ
കനൽവഴികൾ
താണ്ടിവന്നെത്തുന്നു.



വര: കെ സുധീഷ്

# എഴുത്തിലെ നാട്ടുപെരുമ

**പയ്യന്നൂർ കുഞ്ഞിരാമൻ**



ഫോട്ടോ : Sreedharan T P

പുനത്തിൽ കുഞ്ഞബ്ദുള്ള കഥയെഴുത്തിലെ നാട്ടു പെരുമയായിരുന്നു. ഒരു മുഖവുര കൂടാതെ എഴുത്തിലൂടെ തന്നെ അദ്ദേഹത്തെ മനസ്സിലാക്കാനാകും. എഴുത്തോളം തന്നെ വ്യത്യസ്തമാണ് അദ്ദേഹത്തിന്റെ ജീവിതവും. വടകരയ്ക്ക് അടുത്ത് മടപ്പള്ളിയിലാണ് അദ്ദേഹം ജനിച്ചത്. മെഡിക്കൽബിരുദം നേടിയതിന് ശേഷം വടകരയിൽ സ്വന്തമായി നേഴ്സിംഗ് ഹോം തുടങ്ങി. എന്നും രാവിലെ സ്യൂട്ട്കേസും തൂക്കി വീട്ടിൽ നിന്ന് ഇറങ്ങും. റോഡരികിലൂടെ ഭംഗിയിൽ നടന്നുവരുന്ന കുഞ്ഞബ്ദുള്ള ഒരു കാഴ്ചയായിരുന്നു. വസ്ത്രധാരണത്തിൽ പോലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. രോഗികൾക്കുവേണ്ടി സദാ ഉണർന്നിരിക്കുന്ന ഡോക്ടർ എന്ന നിലയിൽ അദ്ദേഹം പ്രശസ്തനാണ്. എന്നാൽ അതിനെക്കാൾ അദ്ദേഹത്തിന്റെ കൈപ്പുണ്യം അനുഭവിക്കാൻ കഴിഞ്ഞത് മലയാളസാഹിത്യത്തിനാണ്. ആസ്വാദകരെ തൃപ്തിപ്പെടുത്തുന്ന കഥകളും നോവലുകളും എഴുതിയ പുനത്തിൽ കുഞ്ഞബ്ദുള്ള മലയാളത്തിന്റെ നന്മമരമായിരുന്നു.



ചികിത്സകഴിഞ്ഞാണ് എഴുത്ത്. പിന്നീട് എഴുത്തും ചികിത്സയും ഒന്നിച്ചായി. ക്രമേണ എഴുത്ത് കൂടുതലും ചികിത്സ കുറവുമായി.

നേരിട്ട് കണ്ടും കേട്ടും അറിഞ്ഞ കാര്യങ്ങളാണ് അദ്ദേഹം കഥകളായി രൂപാന്തരപ്പെടുത്തിയത്. ജീവിതം എത്ര മഹത്തരമാണെന്ന് അദ്ദേഹം അദ്ഭുതപ്പെട്ടിട്ടുണ്ട്. ആ ജീവിതം വെറുതെ പാഴാക്കിക്കളയാനുള്ളതല്ല. നിത്യമായ കഠിനാധ്വാനം കൊണ്ട് ജീവിതത്തെ പുനർജനിപ്പിക്കാൻ നോക്കുന്നവരാണ് എന്നും സമൂഹത്തെ മുന്നോട്ട് നയിച്ചത്. തന്റെ ഒരു കഥയിൽ അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്. ''സത്യം മാത്രമേ ഞാൻ പറയാറുള്ളൂ. എന്നെ സത്യം ചെയ്യിക്കാൻ ആരും ഇന്ന് വരെ മുതിർന്നിട്ടില്ല. ഏതൊരുത്തന്റെയും വ്യക്തിത്വം എന്നും ഒരു പോലെ നിലനിർത്തുക അസാധ്യമാണ്. ഒരു മരത്ത

ടിക്ക് പോലും അതിന്റേതായ വ്യക്തിത്വം നിലനിർത്താൻ സാധിക്കാറില്ലല്ലോ. ചുറ്റുപാടിനെ ആശ്രയിച്ചാണ് വ്യക്തിത്വം വികസിക്കുകയും സങ്കോചിക്കുകയും ചെയ്യുന്നത്. എന്റെ വ്യക്തിത്വം എനിക്ക് ചുറ്റും നിലനിൽക്കുന്ന ഗ്രാമങ്ങളെയും ആകാശത്തെയും അസംഖ്യം ജനങ്ങളെയും ആശ്രയിച്ചാണ് ഇരിക്കുന്നത്.''

അനുഭവങ്ങളാണ് തന്നെ കഥയെഴുതാൻ പ്രേരിപ്പിച്ചതെന്ന് പുനത്തിൽ കുഞ്ഞബ്ദുള്ള എഴുതിയിട്ടുണ്ട്. എങ്കിലും അനുഭവം കൊണ്ടു മാത്രം ആർക്കും കഥയെഴുതാനാകില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ട്. നിരന്തരമായി വായിക്കുകയും പരിശീലനം നേടുകയും ചെയ്യുമ്പോഴാണ് ഒരു കഥാകൃത്ത് ജനിക്കുന്നത്. എഴുത്തുകാരൻ എപ്പോഴും ഒരു വിദ്യാർഥിയായിരിക്കണം. ജീവിതകാലം മുഴുവൻ പഠിക്കണം. പഠനം അവസാനിപ്പിച്ചാൽ ആ നിമിഷം തന്നെ പേന പൂട്ടിവെക്കണം. പരന്ന വായനകൊണ്ടേ എഴുത്തുകാർക്ക് ഭാഷ സ്വാധീനത്തിൽ വരുകയുള്ളൂ. കുഞ്ഞബ്ദുള്ളയുടെ കഥകളിൽ ഒരുപാട് അസംബന്ധങ്ങൾ നിറഞ്ഞിട്ടുണ്ടെന്ന് നിരൂപകർ അഭിപ്രായപ്പെടാറുണ്ട്. അദ്ദേഹത്തിന്റെ ശൈലിയും ഭാഷയും വേറിട്ടതാണ്. മുമ്പെ നടന്നു പോയവരുടെ വഴിയിൽ നിന്നും തെന്നിമാറി നടക്കാനാണ് അദ്ദേഹം ശ്രദ്ധിച്ചത്. മിത്തുകളെ അവതരിപ്പിക്കുന്ന മട്ടിൽ അദ്ദേഹം കഥയെഴുതിയിട്ടുണ്ട്. മറ്റുചിലപ്പോൾ ജീവിതത്തിന്റെ ദ്രവിച്ച എല്ലിൻ കഷ്ണം മുന്നിലേക്കിട്ടുതരുന്നത് പോലെയും അദ്ദേഹം എഴുതിയിട്ടുണ്ട്. കഥകളെല്ലാം സദാചാരപരമായിരിക്കണം എന്ന് അദ്ദേഹം ചിന്തിക്കാറില്ല. സദാ

**അനുഭവങ്ങളാണ് തന്നെ കഥയെഴുതാൻ പ്രേരിപ്പിച്ചതെന്ന് പുനത്തിൽ കുഞ്ഞബ്ദുള്ള എഴുതിയിട്ടുണ്ട്. എങ്കിലും അനുഭവം കൊണ്ടു മാത്രം ആർക്കും കഥയെഴുതാനാകില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ട്. നിരന്തരമായി വായിക്കുകയും പരിശീലനം നേടുകയും ചെയ്യുമ്പോഴാണ് ഒരു കഥാകൃത്ത് ജനിക്കുന്നത്. എഴുത്തുകാരൻ എപ്പോഴും ഒരു വിദ്യാർഥിയായിരിക്കണം. ജീവിതകാലം മുഴുവൻ പഠിക്കണം. പഠനം അവസാനിപ്പിച്ചാൽ ആ നിമിഷം തന്നെ പേന പൂട്ടിവെക്കണം.**

ചാര വിരുദ്ധമായിരിക്കണം എന്നും അദ്ദേഹം ചിന്തിക്കാറില്ല. തന്റെ കഥകളെല്ലാം ജീവിത യാഥാർത്ഥ്യങ്ങളാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. സ്വയം സ്വീകരിച്ച ഭാഷയിലും ശൈലിയിലും നല്ല കഥകളും ചീത്തകഥകളും അദ്ദേഹം എഴുതിയിട്ടുണ്ട്. അവയെല്ലാം ആസ്വാദകരെ സംബന്ധിച്ചിടത്തോളം വിലപ്പെട്ട അനുഭവങ്ങൾ തന്നെ. അധികാരിയും മുസലിയാരും അധ്യാപകനും ഡോക്ടറും വിദ്യാർഥിയും ദുഃഖിക്കുന്ന പെൺകുട്ടിയും തട്ടാൻ ചന്തുവും സ്വാമിയും മുക്കുവനും എന്നുവേണ്ട കോഴിയും കാക്കയും ഈച്ചയും വരെ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കഥകളിൽ നമുക്ക് കണ്ടെത്താനാകും.

വിശേഷിച്ചൊന്നും സംഭവിക്കാതെയാണ് കാലം മുന്നോട്ടു നീങ്ങുകയെന്ന് അദ്ദേഹം പറയും. അതെ പറ്റി ചിന്തിച്ചുചിന്തിച്ച് പുതിയ നിഗമനങ്ങളിലെത്തിച്ചേരാൻ എഴുത്തുകാരനു കഴിയണം. പുണ്യ നദിയിൽ കുളിച്ച് തീർത്ഥജലം കുടിച്ച് വിഗ്രഹം തൊഴുത് പക്ഷികളെ സ്നേഹിച്ച് ഫലമൂലാദികൾ ഭക്ഷിച്ചു കഴിഞ്ഞുവന്ന ജീവിതാവസ്ഥയെക്കുറിച്ച് നാം വായിച്ചറിഞ്ഞിട്ടുണ്ട്. അവ കാലത്തിനു സംഭാവന ചെയ്ത സംസ്ക്കാരപെരുമകളുണ്ട്. അവ സ്വായത്തമാക്കുകയും കേടുകൂടാതെ സംരക്ഷിച്ച് വരുംതലമുറയ്ക്ക് പകർന്നു കൊടുക്കുകയും ചെയ്യുകയാണ് എല്ലാ എഴുത്തുകാരുടെയും കടമകൾ. പോയ്പോയ ജന്മങ്ങളെക്കുറിച്ചോർത്ത് നിരാശപ്പെടുന്നതിൽ അർഥമില്ല. വരാനിരിക്കുന്ന പ്രഭാതത്തെ പുണരാനുള്ള ആവേശവും ഉത്സാഹവും പ്രകടിപ്പിക്കുകയാണ് പ്രധാനം. ഒരു കുട്ടിയായിരുന്നു കുഞ്ഞബ്ദുള്ള എന്ന് എം മുകുന്ദൻ ഓർമിക്കുന്നുണ്ട്. നമ്മുടെ സാഹിത്യമണ്ഡലത്തിലെ ഒരു ബാലനാണദ്ദേഹം. കുട്ടിയുടെ നിഷ്കളങ്കതയോടെ അദ്ദേഹം എഴുതി. സരളവും ലളിതവുമായി സംസാരിച്ചു. സത്യസന്ധമായി ജീവിച്ചു. അദ്ദേഹം മഹാപ്രതിഭയായിരുന്നു എന്നും മുകുന്ദൻ ചൂണ്ടിക്കാട്ടുന്നു. ബഷീറിന്റെ പിൻഗാമിയായ എഴുത്തുകാരനായി അദ്ദേഹത്തെ വിലയിരുത്തിയിട്ടുണ്ട്. ബഷീറിന്റെ ലാളിത്യവും നർമ്മവും അദ്ദേഹത്തിലുണ്ടായിരുന്നു. അദ്ദേഹം എഴുതിയതെല്ലാം ആളുകൾ ആർത്തിയോടെ വായിച്ചു. അക്ഷരങ്ങളെ ക്ഷേത്രവിളക്കുകളാക്കി തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

1940 ഏപ്രിൽ 3 നാണ് പുനത്തിൽ കുഞ്ഞബ്ദുള്ള ജനിച്ചത്. പിതാവ് പുനത്തിൽ മമ്മു, മാതാവ് സൈന. തലശ്ശേരി ബ്രണ്ണൻ കോളേജിൽ നിന്ന് ബിരുദം നേടി. അലി

ഗഡ് സർവകലാശാലയിൽ നിന്ന് എം ബി ബി എസ് കരസ്ഥമാക്കി. ആദ്യം സ്വന്തം നാട്ടിലും പിന്നീട് വയനാട്ടിലും തിരുവനന്തപുരത്തും സൗദി അറേബ്യയിലും സേവനം അനുഷ്ഠിച്ചു. അലീമയാണ് ഭാര്യ. മക്കൾ നാസിമ, നവാബ്, ആസാദ്.

13-ാം വയസ്സിൽ ബാലകഥകൾ എഴുതികൊണ്ട് സാഹിത്യരംഗത്ത് പ്രവേശിച്ചു. അലീഗഡിൽ പഠിക്കുമ്പോൾ നിരന്തരം എഴുതി കഥാലോകത്ത് സ്ഥാനം ഉറപ്പിച്ചു. അലിഗഡ്കഥകൾ, മലമുകളിലെ അബ്ദുള്ള ക്ഷേത്രവിളക്കുകൾ, പുനത്തിലിന്റെ 101 കഥകൾ എന്നിവ കഥാസമാഹാരങ്ങൾ. സ്മാരകശിലകൾ, മരുന്ന്, ഭജനം, പാടിയുറക്കിയ വിഗ്രഹങ്ങൾ, കന്യാവനങ്ങൾ, പരലോകം, അഗ്നികിനാവുകൾ, ഖലീഫ, നവഗ്രഹങ്ങളുടെ തടവറ എന്നിവ നോവലുകൾ, നഷ്ട ജാതകം എന്നാണ് ആത്മകഥയുടെ പേര്. പുനത്തിൽ കുഞ്ഞബ്ദുള്ളയും സേതുവും ചേർന്ന് എഴുതിയ നോവലാണ് നവഗ്രഹങ്ങളുടെ തടവറ. ലേഖനസമാഹാരവും യാത്രാവിവരണവുമായി വേറെയും രചനകളുണ്ട്.


ദേശപുരാവൃത്തങ്ങളും മനുഷ്യരുടെ ആഗ്രഹങ്ങളും അക്ഷരങ്ങളിൽ ആവിഷ്ക്കരിച്ച പുനത്തിൽ കുഞ്ഞബ്ദുള്ള ഒക്ടോബർ 27 ന് കോഴിക്കോട്ട് നിര്യാതനായി. ജീവിതോത്സവത്തിന്റെ കൊടിയിറക്കമായിരുന്നു ആ വിയോഗം.

# "മുഖസ്തുതിയല്ലേ അതെനിക്കു കേൾക്കേണ്ട" - ഗാന്ധിജി

**പീറ്റർ കുരിശിങ്കൽ**



അധഃസ്ഥിതരായ മനുഷ്യരുടെ ഉന്നമനത്തിനായി പ്രവർത്തിച്ച മഹാനായിരുന്നു ദീനബന്ധു സി എഫ് ആൻഡ്രൂസ്. ആൻഡ്രൂസും ഗാന്ധിജിയും ഉറ്റ സുഹൃത്തുക്കളായിരുന്നു.



ഗാന്ധിജിയും ആൻഡ്രൂസും ദക്ഷിണാഫ്രിക്കയിലെ ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കാലം. ഒരു ദിവസം ഗാന്ധിജി ആൻഡ്രൂസിനെ കാണുന്നതിനായി അദ്ദേഹത്തിന്റെ വീട്ടിലെത്തി. അന്നൊരു ഞായറാഴ്ചയായിരുന്നു. ഗാന്ധിജി ആൻഡ്രൂസിന്റെ വീട്ടിലെത്തിയപ്പോഴേക്കും ആൻഡ്രൂസ് പള്ളിയിലേക്കു പുറപ്പെട്ടുകഴിഞ്ഞിരുന്നു. എന്നാൽപ്പിന്നെ പള്ളിയിലേക്കു പോകാം. അവിടെ ആരാധനയിൽ പങ്കെടുക്കുകയുമാകാം. ആൻഡ്രൂസിനെ കാണുകയും ചെയ്യാമെന്നു കരുതി ഗാന്ധിജി പള്ളിയിലേക്കു നടന്നു.

അവിടെ ചെന്നപ്പോഴല്ലേ പുകിൽ. അത് വെള്ളക്കാരുടെ പള്ളിയായിരുന്നു. കറുത്തവർഗക്കാരെ പള്ളിയിൽ കയറ്റില്ല. കറുത്തനിറമായതിനാൽ ഗാന്ധിജിയെയും അവർ കറുത്തവർഗക്കാരുടെ കൂട്ടത്തിലാണുപെടുത്തിയത്. ഗാന്ധിജിക്ക് തിരികെ പോരേണ്ടതായിവന്നു.

ഗാന്ധിജി തന്നെ കാണാൻ പള്ളിയിൽവന്നിട്ട് വെള്ളക്കാർ അദ്ദേഹത്തെ തിരിച്ചയച്ചുവെന്നറിഞ്ഞ് ആൻഡ്രൂസ് ഗാന്ധിജിയുടെ വീട്ടിൽ ചെന്നു. വെള്ളക്കാർ ഗാന്ധിജിയോടു കാണിച്ച അവിവേകത്തിന് ആൻഡ്രൂസ് ഗാന്ധിജിയോട് ഖേദം അറിയിച്ചു. എന്നിട്ടു പറഞ്ഞു.

''ഇന്ന് ഞാൻ പള്ളിയിൽ പ്രസംഗിച്ചത് അങ്ങയെക്കുറിച്ചായിരുന്നു. അത് അങ്ങ് കേൾക്കേണ്ടതായിരുന്നു.''

അതിന് ഗാന്ധിജിയുടെ മറുപടിയായിരുന്നു രസകരം.

''അങ്ങനെയോ? ഞാനത് കേൾക്കാതിരുന്നത് നന്നായി. അങ്ങ് എന്നെപ്പറ്റിപ്പറയുന്ന മുഖസ്തുതികൾ കേട്ട് ഞാനങ്ങ് വല്ലാതെ പൊങ്ങിപ്പോയേനേ.''

പൊട്ടിച്ചിരിച്ചുകൊണ്ട് രണ്ടുപേരും ആലിംഗനത്തിലമർന്നു.

# ധ്രുവക്കുറുക്കൻ

**ജോസ് ജേക്കബ് മണ്ണിൽ**



ആർട്ടിക്പ്രദേശങ്ങളിൽ കണ്ടുവരുന്ന ഒരിനം കുറുക്കനാണ് ധ്രുവക്കുറുക്കൻ. ആർട്ടിക്കുറുക്കൻ, ഹിമക്കുറുക്കൻ എന്നീ പേരുകളിലും അറിയപ്പെടാറുണ്ട്. ഇംഗ്ലീഷിൽ വൈറ്റ് ഫോക്സ്, പോളാർ ഫോക്സ്, സ്നോ ഫോക്സ് എന്നൊക്കെയാണ് പേര്. അലോപെക്സ് ലാഗോപ്പസ് (Alopex lagopus) എന്നാണ് ശാസ്ത്രനാമം. കാനിഡെ ജന്തുകുടുംബത്തിൽപ്പെടുന്ന ധ്രുവക്കുറുക്കന് കാലുകളും നായയുടേതിന് സദൃശ്യമായ തലയും പല്ലുകളും ഉണ്ട്.

ആൺമൃഗത്തിന് തലയും ഉടലും കൂടി 46 മുതൽ 68 സെ. മീ. വരെ നീളംവരും. വാലിനു 30 മുതൽ 40 വരെ സെ. മീ. നീളമുണ്ട്. തോളറ്റം വരെ 30 സെ. മീ. ഉയരവും മൂന്ന് കിലോഗ്രാം തൂക്കവുമുണ്ടായിരിക്കും. 3 മുതൽ 6 വർഷം വരെയാണ് ആയുസ്.

മഞ്ഞുകാലത്ത് രോമങ്ങൾക്ക് നല്ല വെളുപ്പു നിറമായിരിക്കും. ഓരോ ഋതുവും കഴിയുന്തോറും രോമത്തിന്റെ നിറത്തിനു മാറ്റമുണ്ടാകുന്നു. വേനൽക്കാലത്ത് രോമം ചാരം കലർന്ന തവിട്ടുനിറമായി മാറുന്നു. മഞ്ഞുമൂടാത്ത അൽപ്പം ഉയർന്ന സ്ഥലത്തുള്ള ഗുഹകളിലാണ് വാസം. ആയിരം ചതുരശ്ര അടിയോളം വിസ്തൃതിയുള്ള ഗുഹയ്ക്ക് നിരവധി പ്രവേശനദ്വാരങ്ങളുണ്ടായിരിക്കും.

ഏപ്രിൽ, മേയ് മാസക്കാലമാണ് പ്രജനനകാലം. 51–57 ദിവസം വരെ ഗർഭകാലം നീളുന്നു. ഒരു പ്രസവത്തിൽ 4 മുതൽ 14 വരെ കുഞ്ഞുങ്ങളുണ്ടാകും. ജനിക്കുമ്പോൾ കുഞ്ഞുങ്ങൾക്ക് തവിട്ടുനിറമായിരിക്കും.

ആർട്ടിക് പ്രദേശങ്ങളായ അലാസ്ക, റഷ്യ, കാനഡ, ഗ്രീൻലൻഡ്, ഐസ്ലൻഡ് എന്നിവിടങ്ങളിലാണ് സാധാരണ ധ്രുവക്കുറുക്കനെ കണ്ടുവരുന്നത്. ഐസ്ലൻഡിലെ കരയിൽ ജീവിക്കുന്ന ഏക സസ്തനിയും ഇതാണ്. ഊഷ്മാവ് മൈനസ് 70ഡിഗ്രി ആയാൽപ്പോലും ഇതിന്റെ ശരീരം തണുത്ത് വിറയ്ക്കുകയില്ല. ശരീരത്തിലെ രോമപ്പുതപ്പിന് താഴെയുള്ള കൊഴുപ്പിന്റെ കനത്ത ശേഖരമാണ് തണുപ്പിൽ നിന്നു രക്ഷനേടാനും ഊർജം ലഭിക്കാനും ധ്രുവക്കുറുക്കനെ സഹായിക്കുന്നത്.

ചെറിയ ചെവിക്ക് പഞ്ഞിപോലെ രോമങ്ങളുണ്ട്. രോമാവൃതമായ പാദങ്ങൾ മഞ്ഞുപാളികളിൽക്കൂടി നടക്കാൻ ഇവയെ സഹായിക്കുന്നു.

നല്ല കേൾവിശക്തിയാണ്. മഞ്ഞുപാളികൾക്ക് താഴെ ഏതെങ്കിലും കുഞ്ഞൻമൃഗത്തിന്റെ ഞരക്കം കേട്ടാൽ ഉടൻ ഓടിയെത്തും. മഞ്ഞുപാളികൾ മാന്തിയിളക്കി ഇവ ഇരയെ പിടിക്കുന്നു.

മുയൽ, എലികൾ, പ്രാണികൾ, പക്ഷിമുട്ടകൾ, ധ്രുവക്കരടികൾ ഉപേക്ഷിച്ചുപോയ മാംസക്കഷണങ്ങൾ, ചത്തടിഞ്ഞ മത്സ്യങ്ങൾ എന്നിവയാണ് ആഹാരം. ഒരു ആൺമൃഗവും ഒന്നോ രണ്ടോ പെൺമൃഗങ്ങളും അടങ്ങിയ ചെറുകൂട്ടങ്ങളായാണ് സഞ്ചാരം. പെൺകുറുക്കനും കുഞ്ഞുങ്ങൾക്കും ആഹാരം സമ്പാദിച്ചു കൊടുക്കുന്നതും അവയെ ശത്രുക്കളിൽനിന്ന് രക്ഷിക്കുന്നതും ആൺകുറുക്കനാണ്. വൻതോതിലുള്ള വേട്ടയാടൽമൂലം ധ്രുവക്കുറുക്കൻ ഇന്ന് വംശനാശ ഭീഷണി നേരിടുകയാണ്.



# പാചകം പഠിക്കാം

**സുമ ശിവദാസ്**

*കൂട്ടുകാരേ, നമുക്കു പാചകം പഠിക്കാം. അതു ചെയ്തുചെയ്ത് പഠിക്കണം. പരിശീലിച്ചു പഠിക്കണം. അപ്പോൾ അത് രസകരമായ ഒരു പ്രവർത്തനമാണ് എന്നു മനസ്സിലാകും. ചെറുപ്പത്തിൽ തന്നെ പരിശീലിപ്പിക്കേണ്ട പ്രവർത്തനമാണത്. പെൺകുട്ടികൾ മാത്രമല്ല, ആൺകുട്ടികളും. നല്ല ആഹാരം നന്നായി സ്വയം ഉണ്ടാക്കാൻ കഴിയുന്നവർ ഭാഗ്യവാന്മാരല്ലേ? ക്രിസ്മസ്കാലമാണല്ലോ. കേക്ക് ഉണ്ടാക്കാൻ മുതിർന്നവരുടെ സഹായം വേണ്ടിവരും. അതിനാൽ ആദ്യം വളരെ എളുപ്പം ഉണ്ടാക്കാവുന്ന പാൻ കേക്കിൽ തുടങ്ങാം. കൂട്ടുകാർ തയ്യാറല്ലേ?*

## പാൻകേക്ക്



ക്രിസ്മസ് മാസമാണ് ഡിസംബർ. കേക്കില്ലാതെ എന്തു ക്രിസ്മസ്. കേക്ക് വീട്ടിൽ തന്നെ ഉണ്ടാക്കാം. നമുക്കു തന്നെ ഉണ്ടാക്കാം. അതു രസകരമായ ഒരു കളിയാണ്. ആദ്യം ഒരു ഈസികേക്ക് ഉണ്ടാക്കാം. അതിന്റെ പേര് പാൻകേക്ക്. അതു കേക്കിന്റെ ഒരു കസിനാണ്. ദോശക്കല്ലിൽ ഉണ്ടാക്കാം. വീട്ടിൽ ഇലക്ട്രിക് അവ്ൻ ഇല്ലാത്തവർക്കും അതുണ്ടാക്കാം. അപ്പോൾ തുടങ്ങാം.

വേണ്ടത് മൈദയോ ഗോതമ്പുപൊടിയോ ഏതെങ്കിലും. ഒരു കപ്പുമതി. പിന്നെ ഒരു കോഴിമുട്ട. അൽപ്പം നെയ്യ്, അല്ലെങ്കിൽ വെണ്ണ. ലേശം ഉപ്പും രണ്ടുസ്പൂൺ പഞ്ചസാരയും അൽപ്പം പാലും ഏലക്കാപ്പൊടിയും. കൂടുതൽ മധുരപ്രിയർക്ക് അവര



വര: രാജീവ് എൻ ടി

വരുടെ ഇഷ്ടത്തിനു നാലഞ്ചു സ്പൂൺ വേണേലും ചേർക്കാം.

### ഉണ്ടാക്കുന്ന വിധം

ആദ്യം മുട്ടയും പഞ്ചസാരയും കൂടി ഒന്നു നന്നായി കടയുക. മിക്സിയിലും ഇതു കടയാം. അതിലേക്കു ഗോതമ്പുപൊടിയോ മൈദയോ ചേർത്ത് ഒന്നുകൂടി കടയുക. അതിൽ നുള്ളുമാത്രം ഉപ്പും കാൽ ഗ്ലാസ് തണുത്ത പാലും ചേർക്കുക. ഏലക്കാപ്പൊടി കൂടിയിട്ട് ഇളക്കി വയ്ക്കുക. ഇഡ്ഡലിമാവിന്റെ അയവുമതി. ഇതാണ് നമ്മുടെ കൂട്ട്.

ഇനി ഒരു നോൺസ്റ്റിക് പാനോ ദോശക്കല്ലോ ചൂടാക്കുക. അൽപ്പം നെയ്യ് തടവുക. ഒരു തവി മാവ് ഒഴിക്കുക. പരത്തരുത്. തനിയെ ഒന്നു പരക്കും. അതുമതി. ഇനി മൂടി കൊണ്ടടച്ച് ചെറിയ തീയിൽ ഒന്നുരണ്ട് മിനിറ്റ് വേവിക്കുക. മൂടിമാറ്റി തിരിച്ചിടുക. ആ വശവും വേവണം. ഗോൾഡൻ ബ്രൗൺ നിറം ആകുമ്പോൾ തിരിച്ചെടുക്കാം. അടുത്തത് ഇതേപോലെ വീണ്ടും ഉണ്ടാക്കുക. വലിപ്പമനുസരിച്ച് നാലഞ്ച് പാൻ കേക്കു കിട്ടും.

വെറുതെ അതേപടി കഴിക്കാം. തേനോ പാനിയോ എന്തും ചേർത്തും കഴിക്കാം. എന്റെ കൊച്ചുമകൾ വാവക്കുട്ടി എന്ന അപർണയ്ക്ക് ഏറ്റവും ഇഷ്ടമുള്ള ഒരു കേക്കാണിത്. എന്നും നാലുമണിക്ക് അവൾ പറയും. ''സുമക്കുട്ടീ, നമുക്ക് പാൻ കേക്കുണ്ടാക്കാം.'' അവളിപ്പോൾ പത്താം ക്ലാസിലാണ്. ഇപ്പോൾ അവൾ തനിയെ ഉണ്ടാക്കിക്കോളും.

ഗോതമ്പുപൊടി, അരിപ്പൊടി, മൈദ ഇവയൊക്കെ ഉപയോഗിച്ച് ഇതുണ്ടാക്കാം. ഞാൻ ഉണ്ടാക്കിനോക്കിയിട്ട് ഏറ്റവും നന്നായിരിക്കുന്നത് ഗോതമ്പുപൊടിയിലാണ്. മൈദയിൽ ഫൈബർ തീരെയില്ലാത്തതുകൊണ്ട് ഗോതമ്പുപൊടിതന്നെ ഉത്തമം. ഏലക്കാപ്പൊടിക്കു പകരം വാനില എസ്സൻസും ചേർക്കാം . അപ്പോൾ കേക്കിന്റെ തന്നെ മണവും കിട്ടും. കിറുകൃത്യമായ അളവൊന്നും നിർബന്ധമില്ല.

പാചകം ഒരു കലയാണ്. ഒരു ശാസ്ത്രവുമാണ്. നിരന്തരമായ പരിശീലനം കൊണ്ടേ അതിൽ മിടുക്കു നേടാനാകൂ. അതു ചെറുപ്പത്തിലേ തുടങ്ങണം. പാചകം ചെയ്യുമ്പോഴാണ് അതിന്റെ രസം അനുഭവിക്കാനാകുക. അതിനാൽ ഈ കേക്ക് പല പ്രാവശ്യം ഉണ്ടാക്കി, ഏറ്റവും നന്നായി ഉണ്ടാക്കാൻ പഠിക്കുക.



# എന്റെ സ്കൂൾ



വര: സചീന്ദ്രൻ കാറഡ്ക്ക

**നിങ്ങളുടെ സ്കൂളിൽ എന്തൊക്കെയുണ്ട്? ലൈബ്രറി? കൃഷിത്തോട്ടം? മരങ്ങൾ? കിളികൾ? കളിസ്ഥലം? എന്തൊക്കെയുണ്ട് നിങ്ങളുടെ സ്കൂളിനെപ്പറ്റി പ്രത്യേകിച്ചു പറയുവാൻ? ആ വിശേഷങ്ങൾ എഴുതിയയ്ക്കുക. ഫോട്ടോകൾ സഹിതം തളിരിൽ പ്രസിദ്ധീകരിക്കാം. പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സർവശിക്ഷ അഭിയാന്റെയും (എസ് എസ് എ) മാർഗനിർദേശത്തിൽ കേരളത്തിലെ എല്ലാ സ്കൂളുകളിലും ജൈവവൈവിധ്യ ഉദ്യാനങ്ങളുടെ നിർമാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. അക്കാര്യങ്ങൾ പ്രത്യേകിച്ച് എഴുതുക. എല്ലാവരും അറിയട്ടെ നിങ്ങളുടെ സ്കൂളിനെപ്പറ്റി.**

# എന്തുകൊണ്ട്?

**മൊഴിമാറ്റം : പി പി കെ പൊതുവാൾ**

തീരെ ചെറിയ കുട്ടിയായിരിക്കെത്തന്നെ ഞാനീ ചോദ്യം ചോദിക്കാറുണ്ടായിരുന്നു. കഷ്ടിച്ച് സംസാരിക്കാൻ തുടങ്ങിയ കാലം തൊട്ട്. അത് എന്നോടൊപ്പം ജീവിച്ചുവളർന്നു. എന്തിനെക്കുറിച്ചും ഏതിനെക്കുറിച്ചും സംശയമുന്നയിക്കാമെന്ന് ഞാൻ മനസ്സിലാക്കി. കുട്ടികളെ സംബന്ധിച്ചിടത്തോളം എല്ലാം പുതുമയാണല്ലോ. എന്റെ കാര്യത്തിൽ വിശേഷിച്ചും ഇതൊരു വലിയ ശരിയായിരുന്നു.

കൂടുതൽ വളർന്നിട്ടും ഇതിനുമാറ്റമുണ്ടായില്ല. മാറ്റം വേണമെന്നു തോന്നാൻ അതൊരു ചീത്തക്കാര്യമല്ലല്ലോ. അച്ഛനോടും അമ്മയോടും ഞാൻ പല സംശയങ്ങളും ചോദിച്ചുകൊണ്ടിരുന്നു. അങ്ങനെയായിരുന്നു തുടക്കം. എന്തു ചോദിച്ചാലും അതിനെല്ലാം അവർ കൃത്യമായി മറുപടി നൽകി ക്കൊണ്ടിരുന്നു. അക്കാര്യത്തിൽ അവർ കാട്ടിയ ക്ഷമാശീലത്തോട് തീർച്ചയായും എനിക്കു നന്ദിയുണ്ട്. പിന്നെപ്പിന്നെ പരിചയമില്ലാത്തവരോടുപോലും ചോദ്യം ചോദിക്കാൻ തുടങ്ങി. സ്വാഭാവികമായും പലർക്കുമതു കേട്ട് ദേഷ്യംവന്നു. ക്ഷമയ്ക്കും അതിരുണ്ടല്ലോ.

എല്ലാം ശരിതന്നെ. എന്നുവച്ച് ചോദിക്കാതിരിക്കുന്നതെങ്ങനെ? ചോദിക്കാതെ അറിയാൻ കഴിയില്ലെന്ന പഴമൊഴിക്കു പിന്നിൽച്ചെന്നൊളിച്ച് ഞാൻ സ്വയം ആശ്വസിച്ചു. പതിവുരീതി തുടർന്നു. ഇങ്ങനെ ചോദിച്ച ചോദ്യങ്ങളെല്ലാം ചേർത്തുവച്ചാൽ മാത്രം മതി എന്നെ ഒരു പ്രൊഫസറാക്കാൻ.

കുറച്ചുകൂടി മുതിർന്നപ്പോൾ എനിക്കൊരു പുതിയ വെളിപാടുണ്ടായി. എല്ലാ ചോദ്യങ്ങളും ചോദിക്കാനാവില്ലെന്ന ഒരു പുതിയ അറിവായിരുന്നു അത്. 'എന്തുകൊണ്ടു'കളിൽ ചിലതിന് ഒരിക്കലും ഉത്തരം കിട്ടിയെന്നു വരില്ല എന്നു ഞാൻ മനസ്സിലാക്കി. അതിനുശേഷം ചോദ്യങ്ങൾ മനസ്സിലിട്ട് മഥിക്കാൻ തുടങ്ങി. ആ രീതിയിലവയ്ക്കു സ്വയം ഉത്തരം കണ്ടെത്താൻ ശ്രമിച്ചു.

ഈ പരീക്ഷണത്തിൽ നിന്ന് ഞാനൊരു വലിയ കണ്ടുപിടുത്തം നടത്തി. നിങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയാത്ത ചോദ്യങ്ങൾക്ക്, വാക്കുകളിലൂടെ ഉത്തരം നൽകാൻ കഴിയാത്ത ചോദ്യങ്ങൾക്ക്, നിങ്ങ



വര: ആശ ആർ

ളുടെ തലയ്ക്കകത്തുതന്നെ പരിഹാരം കണ്ടെത്താനാകും. എന്തുകൊണ്ട് എന്ന ചോദ്യം അങ്ങനെ ചോദിക്കാൻ വേണ്ടി മാത്രമല്ല, ചിന്തിക്കാനും എന്നെ പഠിപ്പിച്ചു. ഇനി എന്തുകൊണ്ടെന്നതിന്റെ രണ്ടാമതൊരു മാനത്തെക്കുറിച്ചു പറയുകയാണെങ്കിൽ എന്തെങ്കിലും ചെയ്യാൻ തുടങ്ങും മുമ്പ് ഈ ചോദ്യം നമുക്ക് എന്തുകൊണ്ട് സ്വയം ചോദിച്ചുകൂടാ? നിരന്തരം ഇങ്ങനെ ചെയ്യുന്നതിലൂടെ നമ്മുടെ വ്യക്തിത്വം കൂടുകയേ ഉള്ളൂ.

കൂടുതൽ സത്യസന്ധരായിരിക്കാൻ ഇതാ, ഈയൊരു ചോദ്യം സഹായിക്കും. നല്ലവരും സത്യസന്ധരുമാകാനുള്ള ഒരു വഴി ഞാൻ പറഞ്ഞുതരാം. ആത്മപരിശോധന നടത്താൻ കിട്ടുന്ന ഒരവസരവും പാഴാക്കിക്കളയാതിരിക്കുക എന്നതാണത്.

സ്വന്തം പോരായ്മകളും പരിമിതികളും സ്വയം സമ്മതിക്കാൻ വിസമ്മതിക്കുന്ന ഒരു വ്യക്തിയാണോ നിങ്ങൾ? എങ്കിൽ നിങ്ങൾക്കു ചെയ്യാൻ കഴിയുന്ന ഏറ്റവും ഭീരുത്വം നിറഞ്ഞ പ്രവൃത്തിയാണത്. പോരായ്മകളും പരിമിതികളും ഇല്ലാത്തവരായി ആരുണ്ട് ഈ ലോകത്തിൽ? കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ബാധകമാണിത്. കുട്ടികളായാലും വലിയവരായാലും ഇക്കാര്യത്തിൽ എല്ലാവരും തുല്യർ.

മക്കൾക്കു വിദ്യാഭ്യാസം കഴിവിന്റെ പരമാവധി നൽകി അവരുടെ സ്വഭാവരൂപീകരണം നടത്തുക. ഇത് രക്ഷിതാക്കളുടെ കടമയാണെന്ന് മുതിർന്നവർ ധരിച്ചുവച്ചിരിക്കുന്നു. ഇതിൽ സത്യമില്ല. തീരെ ചെറിയ പ്രായം തൊട്ടു തന്നെ സ്വയം വിദ്യാഭ്യാസം നേടിയെടുക്കാനാണ് കുട്ടികളെ

**സ്വന്തം മനഃസാക്ഷി നൽകുന്ന ശിക്ഷയോളം കഠിനമായ ഒരു ശിക്ഷ വേറെയില്ലെന്ന് തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് മുതിർന്നവർ ചെയ്യേണ്ടത്. ശിശുപരിപാലനത്തിന്റെ സുപ്രധാനമായ ഭാഗമാണത്. പതിനാലും പതിനഞ്ചും വയസുള്ള കുട്ടികളെ ഏതെങ്കിലും ശിക്ഷ നൽകിയിരുത്താൻ ശ്രമിക്കുന്നത് തീരെ പരിഹാസ്യമായ ഒരേർപ്പാടാണ്. അസംബന്ധമാണ്. അത് അങ്ങനെയൊരു പ്രായമാണെന്ന കാര്യം മറന്നു പോകരുത്.**

പഠിപ്പിക്കേണ്ടത്. സ്വഭാവരൂപീകരണമൊക്കെ അവർ സ്വയം നടത്തിക്കൊള്ളും. അതിനായി മുതിർന്നവർ അവരെ പാകപ്പെടുത്തിയെടുക്കണമെന്നുമാത്രം.

എന്തുഭ്രാന്താണ് ഈ കുട്ടി പറയുന്നതെന്ന് മുതിർന്നവരിൽ ചിലരെങ്കിലും വിചാരിക്കുന്നുണ്ടാകും. ഒരുകുട്ടി, അത് തീരെ ചെറിയ ഒരു ശിശുവാണെങ്കിൽപ്പോലും അതിന് അതിന്റേതായ ഒരു ഉൾക്കരുത്ത് ഉണ്ടാകുമെന്ന് ഇവർ മറന്നുപോകുന്നു. സ്വന്തം മനഃസാക്ഷി നൽകുന്ന ശിക്ഷയോളം കഠിനമായ ഒരു ശിക്ഷ വേറെയില്ലെന്ന് തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് മുതിർന്നവർ ചെയ്യേണ്ടത്. ശിശുപരിപാലനത്തിന്റെ സുപ്രധാനമായ ഭാഗമാണത്. പതിനാലും പതിനഞ്ചും വയസുള്ള കുട്ടികളെ ഏതെങ്കിലും ശിക്ഷ നൽകിയിരുത്താൻ ശ്രമിക്കുന്നത് തീരെ പരിഹാസ്യമായ ഒരേർപ്പാടാണ്. അസംബന്ധമാണ്. അത് അങ്ങനെയൊരു പ്രായമാണെന്ന കാര്യം മറന്നു പോകരുത്.

ശാരീരികമായും മാനസികമായും പീഡിപ്പിച്ച് ഒന്നും നിങ്ങൾക്ക് ഞങ്ങളിൽനിന്ന് നേടിയെടുക്കാനാവില്ലെന്ന് ദയവായി മനസിലാക്കുക. കാര്യകാരണങ്ങൾ നിരത്തിക്കൊണ്ട് സംവാദം നടത്തി സ്വന്തം പെരുമാറ്റരീതികളെ മുഖാമുഖം കാണാൻ ബാലികാബാലന്മാർക്ക് അവസരം നൽകാൻ മുതിർന്നവർ തയ്യാറാകുമോ? എങ്കിൽ ഫലമുണ്ടാകും. കഠിനശിക്ഷകൾ നൽകുന്നതുകൊണ്ടുള്ളതിനേക്കാൾ സദ്ഫലം ഇതിൽ നിന്നുലഭിക്കാനിടയുണ്ട്.

ഇതെല്ലാം കേട്ട് ശിശുസംരക്ഷണത്തെക്കുറിച്ച് ക്ലാസെടുക്കുകയാണെന്ന് ദയവായി വിചാരിക്കരുതേ? കുട്ടികളായാലും മുതിർന്നവരായാലും എന്തുകൊണ്ട് എന്ന ചോദ്യം ഏറെ പ്രസക്തമാണെന്ന് അവർ ആദ്യം തിരിച്ചറിയട്ടെ. ജീവിതത്തിലെ ഓരോ അടിവെപ്പിലും അതിനു പ്രസക്തിയുണ്ട്. അത് ഓർമിപ്പിക്കുക മാത്രമാണ് ഞാനിവിടെ ചെയ്യുന്നത്.

ചോദിക്കാതെ അറിയാൻ കഴിയില്ല. എന്ന പഴമൊഴി ഏറെ പ്രസക്തമാണ്. നിങ്ങൾ ചിന്തിക്കാൻ തയ്യാറുണ്ടെങ്കിൽ, നിങ്ങൾക്ക് മറ്റുള്ളവരെ ചിന്തിപ്പിക്കാൻ കഴിയുമെങ്കിൽ.

സ്വന്തം ചിന്തകൾ ആരെയെങ്കിലും വ്രണപ്പെടുത്താൻ സാധ്യതയുണ്ടോ? ഇല്ലല്ലോ. നേരെമറിച്ചാണ് യഥാർഥത്തിൽ സംഭവിക്കുക. നന്മയുടെ ഒരു ലോകം തന്നെ അത് നിങ്ങൾക്കായി തുറന്നിടും. എന്താ അങ്ങനെയല്ലേ? എന്തുകൊണ്ട്? എന്തുകൊണ്ട്? എന്ന് നിരന്തരമായി ചോദിക്കൂ. ഉത്തരം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലും സാരമില്ല.





# ബാലകൃഷ്ണൻ മാഷ് കണ്ടെത്തിയ ഉഷ

സനിൽ പി തോമസ്

ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച അത്‌ലറ്റായിരുന്നു പി ടി ഉഷ. ചെറിയ പ്രായത്തിൽത്തന്നെ ഓരോ കുട്ടിയുടെയും ഉള്ളിലുള്ള പ്രതിഭയെ തിരിച്ചറിയാൻ ആരെങ്കിലും ഉണ്ടായാൽ നിശ്ചയമായും അവർ വിജയപഥത്തിൽ എത്തിച്ചേരും എന്നതിനുള്ള തെളിവാണ് മലയാളികളുടെ മാത്രമല്ല ഇന്ത്യയുടെ തന്നെ അഭിമാനമായ ഈ കായികതാരം.

കേരളത്തിന്റെ സ്പോർട്സ് ചരിത്രത്തിലെ അഭിമാനതാരമാണ് പി ടി ഉഷ. കേരളത്തിനു പുറത്ത് ഏറ്റവും അറിയപ്പെടുന്ന മലയാളി കായികതാരവും ഉഷ തന്നെ. 1984 ലെ ലോസാഞ്ചലസ് ഒളിംപിക്സിൽ 400 മീറ്റർ ഹർഡിൽസിൽ ഉഷയ്ക്കു വെങ്കലമെഡൽ നഷ്ടപ്പെട്ടത് സെക്കൻഡിന്റെ നൂറിലൊന്നു വ്യത്യാസത്തിലാണ്. (1960 ൽ റോം ഒളിംപിക്സിൽ പറക്കും സിങ് മിൽഖാ സിങിന് 400 മീറ്റർ ഓട്ടത്തിൽ വെങ്കലമെഡൽ നഷ്ടമായത് സെക്കൻഡിന്റെ പത്തിലൊന്നു വ്യത്യാസത്തിൽ ആയിരുന്നുവല്ലോ)

1986 ൽ സോൾ ഏഷ്യൻ ഗെയിംസിൽ റിലേയിൽ ഉൾപ്പെടെ നാലുസ്വർണമെഡൽ നേടിയ പി ടി ഉഷ നാല് ഒളിംപിക്സിലും അഞ്ച് ഏഷ്യൻ ഗെയിംസിലും ഇന്ത്യൻ ടീമിൽ അംഗമായിരുന്നു. 1998 ൽ ബാങ്കോക്ക് ഏഷ്യൻ ഗെയിംസോടെ രാജ്യാന്തര മത്സരങ്ങളിൽ നിന്നു വിടപറഞ്ഞപ്പോൾ നൂറിലേറെ മെഡൽ ഇന്ത്യയ്ക്കായി ഉഷ നേടിയിരുന്നു.

ഇപ്പോൾ 'പി ടി ഉഷ ഇന്ത്യ' എന്ന പേരിൽ ഒരു ഹ്രസ്വചിത്രവും ഒരുങ്ങുന്നു. ഹിന്ദിയിലും വിദേശഭാഷകളിലുമായി ഈ ചിത്രം നിർമിക്കുന്നത് ബാക്ക് വാട്ടർ സ്റ്റുഡിയോസിന്റെ പേരിൽ ജയലാൽ മേനോനാണ്. രേവതി വർമയാണു സംവിധായിക. അങ്ങനെ മലയാളികളുടെ അഭിമാനമായി പി ടി ഉഷ മാറിയിരിക്കുന്നു.

എന്നാൽ എങ്ങനെയാണ് പി ടി ഉഷ ഓട്ടക്കാരിയായത്? അതൊരു കഥയാണ്. സംഭവകഥ. പയ്യോളിയാണല്ലോ ഉഷയുടെ നാട്. വടകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട തൃക്കോട്ടൂർ യു പി സ്കൂളിലായിരുന്നു ഉഷയുടെ പ്രാഥമിക വിദ്യാഭ്യാസം.

പി ടി ഉഷ നാലാം ക്ലാസിൽ പഠിക്കുന്ന കാലം. ബാലകൃഷ്ണൻ നായരാണ് സ്കൂളിലെ ഡ്രിൽ മാസ്റ്റർ അഥവാ കായികാധ്യാപകൻ. മേലടി ഉപജില്ലാസ്കൂൾ കായികമേള അടുത്തെത്തിയ സമയം. തൃക്കോട്ടൂർ സ്കൂളിൽ നിന്ന് ആരെയെങ്കിലുമൊക്കെ ഉപജില്ലാ മത്സര

ങ്ങൾക്ക് അയയ്ക്കണം. അന്ന് മേലടി ഉപജില്ലാ ചാമ്പ്യനായിരുന്നു ഇതേ സ്കൂളിലെ ഏഴാംക്ലാസുകാരി ബേബി സരള.

ബേബി സരളയോടൊപ്പം ഏതാനും കുട്ടികളെക്കൂടി മത്സരിപ്പിക്കുവാൻ ബാലകൃഷ്ണൻ മാഷ് തീരുമാനിച്ചു. പി ടി ഉഷയുടെ വളരെ വേഗത്തിലുള്ള നടത്തവും ഓട്ടവുമൊക്കെ ശ്രദ്ധിച്ച ഡ്രിൽമാഷ് ഉഷയെ ഒന്നു പരീക്ഷിക്കുവാൻ തീരുമാനിച്ചു. ബേബി സരളയ്ക്കൊപ്പം വേണം മറ്റു കുട്ടികൾ ഓടുവാൻ. സരളയാകട്ടെ സ്കൂളിലെ മുതിർന്ന കുട്ടിയും.

മത്സരം നടത്തി. ഓട്ടം പൂർത്തിയായപ്പോൾ ബാലകൃഷ്ണൻ മാഷ് തന്നെ ഞെട്ടി.

നാലാംക്ലാസുകാരി പി ടി ഉഷ ഏഴാം ക്ലാസുകാരി ബേബി സരളയെ പരാജയപ്പെടുത്തി. ഉപജില്ലാമത്സരത്തിലും പി ടി ഉഷ വിജയം ആവർത്തിച്ചു. മേലടി ഉപജില്ലയിലും വടകര വിദ്യാഭ്യാസജില്ല യിലും വേഗമേറിയ ഓട്ടക്കാരിയായി മാറിയ പിലാവുള്ള കണ്ടി തെക്കേപ്പറമ്പിൽ ഉഷ എന്ന പി ടി ഉഷ പിന്നീട് കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ എത്തി. ഒ എം നമ്പ്യാർ എന്ന മികച്ച കോച്ചിന്റെ കീഴിൽ പരിശീലനം നേടി രാജ്യത്തിന്റെ അഭിമാനമായി മാറി.

നമ്മൾ ജീവിതത്തിലെ വഴിത്തിരിവ് എന്നൊക്കെ പറയാറില്ലേ? പി ടി ഉഷയുടെ ജീവിതത്തിലെ വഴിത്തിരിവ് അന്നത്തെ ഉപജില്ലാ സ്കൂൾ കായികമേളയായിരുന്നു. ബാലകൃഷ്ണൻ നായർ തൃക്കോട്ടൂർ യു പി സ്കൂളിലെ ഒരു സാധാരണ കായികാധ്യാപകൻ മാത്രമായിരുന്നു. പക്ഷേ ഉഷയിൽ ഭാവിയുള്ളൊരു അത്‌ലറ്റ് ഉണ്ടെന്ന് ബാലകൃഷ്ണൻ മാഷിനു തോന്നി. അദ്ദേഹത്തിന്റെ ഊഹം തെറ്റിയില്ല. അതൊരു നിമിത്തമാണ്. നമ്മുടെയൊക്കെ ജീവിതത്തിലും ഇത്തരം സംഭവങ്ങൾ ഉണ്ടാകാം.

പലപ്പോഴും ജീവിതത്തിൽ വഴിത്തിരിവാകുന്നത് ഇത്തരം ചെറിയ സംഭവങ്ങളായിരിക്കും. അതിനൊരു കാരണമോ കാരണക്കാരനോ കാണും. ചില കുട്ടികളിലെ കലാവാസനയും ഇതുപോലെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്താൻ സാധിക്കും. 'Catch them young' അഥവാ ചെറുപ്പത്തിലേ കണ്ടെത്തുക എന്നൊരു ശൈലി കായികരംഗത്തുണ്ട്. നന്നേ ചെറുപ്പത്തിലെ പി ടി ഉഷയിലെ കായികതാരത്തെ കണ്ടെത്താൻ ബാലകൃഷ്ണൻ മാഷ് എന്ന ആ അധ്യാപകനു കഴിഞ്ഞു. അതുകൊണ്ട് നമുക്കു ലഭിച്ചതോ ലോകം കണ്ട മികച്ച ഒരു അത്‌ലറ്റിനെയും.



ലോസാഞ്ചലസ് ഒളിംപിക്സിൽ ഉഷയുടെ പ്രകടനം

# മഹാഭാരതം

**സുഗതകുമാരി**

85

# പോർവിളി

അങ്ങനെ പൊൻപന കൊടിയടയാളമുള്ള മഹാവീരനായ ഭീഷ്മർ സേനാപതിയായി അഭിഷേകം ചെയ്യപ്പെട്ടു. ശംഖും പെരുമ്പറകളും വാദ്യങ്ങളും മുഴങ്ങി. സേനകളുടെ സിംഹനാദവും ആനകളുടെ ചിന്നംവിളിയും ഞാണൊലികളും ചേർന്നിരമ്പുന്ന ആ ശുഭവേളയിൽ പെട്ടെന്ന് ഇടിവെട്ടി, കൊള്ളിമീൻ പാഞ്ഞു, കുറുക്കന്മാരുടെ ഓരിയിടീൽ ആർത്തമായി കേൾക്കായി. ഭൂമി കുലുങ്ങി. ഈ ദുർന്നിമിത്തങ്ങളൊന്നും വകവെക്കാതെ വീരനായ ദുര്യോധനൻ ഭീഷ്മർക്ക് അഭിഷേകം ചെയ്തതിനുശേഷം ഹസ്തിനപുരിപോലെതന്നെ ശോഭിക്കുന്ന തന്റെ വമ്പിച്ച പടകുടീരങ്ങൾ കാണാൻ പരിവാരസമേതം പുറപ്പെട്ടു. ദുര്യോധനനും യുധിഷ്ഠിരനും തങ്ങളുടെ അക്ഷൗഹിണികൾ ഓരോ വിഭാഗത്തിനും പ്രത്യേക പടനായകന്മാരെ നിയമിച്ച് ചിട്ടപ്പെടുത്തി. മഹാഗജങ്ങളും കുതിരപ്പടയും തേരുകളും വില്ലാളികളും കുന്തമേറുകാരും ഖഡ്ഗവിദഗ്ധരായ സേനാനികളും ഇരുഭാഗത്തും പടയ്ക്കൊരുങ്ങി നിലകൊണ്ടു.

പാണ്ഡവരുടെ പടപ്പാളയത്തിൽ യുധിഷ്ഠിരനും കൃഷ്ണാർജുനന്മാരും സോദരന്മാരും ബന്ധുരാജാക്കളും യുദ്ധോപായങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കവേ, അതാ വൃഷ്ണികളാൽ പരിസേവിതനായി മഹാബാഹുവായ ബലഭദ്രരാമൻ എഴുന്നള്ളുന്നു! കൈലാസശിഖരിപോലെ ധവളാഭനായും നീലപ്പട്ടുടയാടയുടുത്തും മദംകൊണ്ടു കണ്ണുകൾ ചുവന്നും സിംഹനട നടന്നുവരുന്ന ആ ശ്രീമത്തായ രൂപം കണ്ട് യുധിഷ്ഠിരാദികൾ ഞെട്ടിയെഴുന്നേറ്റ് വന്ദിച്ചു പാദപൂജചെയ്തു. ദ്രുപദൻ, വിരാടൻ തുടങ്ങിയ ഗുരുസ്ഥാനീയരെ വന്ദിച്ച് ബലഭദ്രരാമൻ സിംഹാസനസ്ഥനായി. ഇരുന്നപാടേ വാസുദേവനെ പരിഭവത്തോടെ, വ്യസനത്തോടെ ഒരുനോട്ടംനോക്കി. എന്നിട്ട് മേഘഗംഭീരസ്വരത്തിൽ ഇങ്ങനെ പറഞ്ഞു.

'മഹാരൗദ്രമായ യുദ്ധവും ജനനാശവും ഉണ്ടാകാൻ പോകുന്നു. ഇതു ദൈവനിശ്ചയമത്രേ. എങ്കിലും യുദ്ധം തീർന്ന് അപകടമില്ലാത്തവരായി നിങ്ങളെ വീണ്ടും കാണാൻ സാധിക്കുമെന്ന് ഞാൻ ആശിക്കുന്നു. മാംസവും ചോരയും ചെളിപോൽ ചിതറുന്ന ഘോരയുദ്ധമാണിത്. ഞാൻ പണ്ടേ ഇവനോടു പറഞ്ഞതാണ്, കണ്ണാ, ഇവർ ഇരുകൂട്ടരും നമുക്ക് ബന്ധുക്കളാണ്. ഇവരോട് ഒരുപോലെവേണം നിലപാട് എന്ന്. പാണ്ഡവർക്കു ചെയ്യുംപോലെ ദുര്യോധനനും സഹായം ചെയ്യൂ എന്ന്. ഇവൻ കേട്ടില്ല. അർജുനന്റെ മുഖം നോക്കി ഈ കണ്ണൻ നിങ്ങൾക്കു ജയംവരാൻ വേണ്ടി പാണ്ഡവപക്ഷം ചേർന്നിരിക്കുന്നു. ഇവൻ അത്രയ്ക്കു വാശിയുള്ളവനാണ്. എന്നാൽ ഈ കണ്ണനെക്കൂടാതെ എനിക്കൊന്നും പ്രവർത്തിക്കാനുമാവില്ല. എന്റെ ശിഷ്യരാണ് ദുര്യോധനനും ഭീമനും. ഇരുവരും എനിക്ക് പ്രിയർ. ഇക്കാരണങ്ങളാൽ ഞാനിതാ ഇവിടംവിട്ട് സരസ്വതീതീരത്തേക്കു തീർഥയാത്ര പോവുകയാണ്. കൗരവനാശം കണ്ടുകൊണ്ടിരിക്കാൻ എനിക്ക് വൈഷമ്യമത്രേ.' ഇങ്ങനെ പറഞ്ഞിട്ട് ശ്രീബലഭദ്രർ എല്ലാവരോടും യാത്രചൊല്ലി തീർഥയാത്രയ്ക്ക് തിരിച്ചു.

ഇതിനിടയ്ക്ക് തന്റെ മഹാസേനയുടെ ബൃഹദ്‌രൂപംകണ്ട് മദംപൂണ്ട ദുര്യോധനൻ ഉലൂകനെന്ന ദൂതനെ പാണ്ഡവരുടെ കൈനിലയിലേക്കയച്ച് ഇങ്ങനെ പറയിപ്പിച്ചു. 'കൗന്തേയാ, യുദ്ധം എത്തിക്കഴിഞ്ഞു. നിങ്ങൾ സത്യം ചെയ്തതുപോലൊക്കെ ചെയ്യുവിൻ. അങ്ങ് ഇത്ര അധർമിയെന്നു ഞാൻ കുരുതിയിരുന്നില്ല. എലികളെ രക്ഷിക്കാമെന്നു വാക്കുകൊടുത്ത പൂച്ചയെപ്പോലെയാണ് അങ്ങ്. ആണുങ്ങളെപ്പോലെ യുദ്ധത്തിനൊരുങ്ങുവിൻ. നിങ്ങളെ അരക്കില്ലത്തിലിട്ടു ചുട്ടതുമുതൽക്കുള്ള കഥയെല്ലാം ഓർത്തുകൊൾവിൻ. അഞ്ചുഗ്രാമമെങ്കിലും തരണ

മെന്നു നിങ്ങൾ യാചിച്ചതു പറയാൻവന്ന ആ കള്ളകൃഷ്ണൻ ഇവിടെ സഭയിൽ വന്ന് മായാജാലം കാട്ടി എല്ലാവരെയും വിരട്ടിയിട്ടുപോയി! ഈ മായക്കളിയൊന്നും പടക്കളത്തിൽ പറ്റില്ലെന്ന് ആ യാദവനോട് ദുര്യോധനൻ അറിയിക്കുന്നു. ഇതൊന്നുംകൊണ്ടു പേടിക്കുന്നവനല്ല വീരനായ ദുര്യോധന നൃപൻ. പിന്നെ ആ പെരുംവയറൻ, തടിയൻ, ഊശാന്താടിക്കാരൻ, ഭീമനുണ്ടല്ലോ. അവൻ ആ വിരാടപുരിയിൽ ചട്ടുകവും പിടിച്ച് അടുക്കളപ്പണിചെയ്ത് കിടന്നവനാണ്. ഭീമാ, ഇത് യുദ്ധമാണ്, തീറ്റിയല്ല. പാഞ്ചാലിയെ ഞാൻ അപമാനിച്ചതോർത്തെങ്കിലും ആണത്തം കാട്ടുക. അർജ്ജുനനെന്ന ലോകൈകധനുർധരൻ തലമുടി പിന്നിയിട്ട് വളകളുമിട്ട് ആണുംപെണ്ണുംകെട്ട് നൃത്തമാടി നടന്നതൊക്കെ നാട്ടിൽ പാട്ടാണ്. ഹേ അർജ്ജുനാ, ഇനിയെങ്കിലും താൻ ഒരാണാവുക. ഇവിടെ പെണ്ണുങ്ങളോടല്ല, ആണുങ്ങളോടാണ് അടവ് കാട്ടേണ്ടത് എന്നോർക്കുക. പാണ്ഡവന്മാരേ, നിങ്ങൾക്ക് രാജ്യം വേണ

മെന്നോ! യുദ്ധത്തിൽ ഭീഷ്മരെയും ദ്രോണരെയും ഈ എന്നെയും കർണനെയും കൃപരെയും അശ്വത്ഥാമാവിനെയും ദുശ്ശാസനനെയും തോൽപ്പിച്ചിട്ട് സാധ്യമെങ്കിൽ എടുത്തുകൊള്ളുവിൻ. അല്ലെങ്കിൽ കൂട്ടത്തോടെ ചാവാനൊരുങ്ങിക്കൊള്ളുവിൻ.' ഭീമനും നകുലസഹദേവന്മാരും പാഞ്ചാലരുമെല്ലാം ക്രോധംകൊണ്ട് കൺചുവന്ന് പല്ലുകൾ ഞെരിച്ചു. അർജ്ജുനൻ തന്റെ വിശാലമായ നെറ്റിത്തടം വീണ്ടും വീണ്ടും അമർത്തിത്തുടച്ചു. ഭീമൻ ചാടിയെണീറ്റ് ഇങ്ങനെ ഗർജിച്ചു.

(തുടരും)

**ഇതൊന്നുംകൊണ്ടു പേടിക്കുന്നവനല്ല വീരനായ ദുര്യോധനനൃപൻ. പിന്നെ ആ പെരുംവയറൻ ഭീമനുണ്ടല്ലോ. അവൻ ആ വിരാടപുരിയിൽ ചട്ടുകവും പിടിച്ച് അടുക്കളപ്പണി ചെയ്ത് കിടന്നവനാണ്. ഭീമാ, ഇത് യുദ്ധമാണ്, തീറ്റിയല്ല. ഹേ അർജ്ജുനാ, ഇനിയെങ്കിലും താൻ ഒരാണാവുക. ഇവിടെ പെണ്ണുങ്ങളോടല്ല, ആണുങ്ങളോടാണ് അടവ് കാട്ടേണ്ടത് എന്നോർക്കുക.**



വര: ജയേന്ദ്രൻ

# ഇളം തളിർ

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## ചക്കരമുത്തശ്ശി



കാവ്യമോൾ ഭാഗ്യവതിയാണ്. എല്ലാവർക്കും ഉള്ളതുപോലെ അവൾക്കും ഉണ്ട് ഒരു ചക്കരമുത്തശ്ശി. അവളെ കുളിപ്പിക്കുന്നതും ചോറുവാരിക്കൊടുക്കുന്നതും രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ കഥ പറഞ്ഞുകൊടുക്കുന്നതും അവളുടെ പൊന്നുമുത്തശ്ശിയാണ്. അമ്മ എപ്പോഴും പറയും. 'അമ്മയാ അവളെ വഷളാക്കുന്നത്.' അവളുടെ വാശിക്കൊപ്പം നിൽക്കുന്ന മുത്തശ്ശി ഇതു കേൾക്കുമ്പോൾ പറയും.

''എന്റെ കുട്ടി ഒരു സാധുവാ. ആ പാവത്തെ ഇങ്ങനെ പറയാതെ. ദൈവദോഷം കിട്ടും.''

''ഓ. ഞാനൊന്നും പറയുന്നില്ലേ. ഒന്നു കുളിപ്പിക്കാൻ ചെന്നാൽ അപ്പോ പറയും എന്നെ മുത്തശ്ശി കുളിപ്പിച്ചാൽ മതി. മുത്തശ്ശി മെല്ലെയെ കുളിപ്പിക്കൂ. അമ്മ കുളിപ്പിച്ചാൽ കണ്ണിൽ സോപ്പുകേറും. അതുപോട്ടെ കൂടെ കിടക്കാനും വരില്ല. കിടക്കാൻ വിളിച്ചാൽ പറയും മുത്തശ്ശി നിറയെ കഥ പറഞ്ഞുതരും അമ്മയാണേൽ പിന്നെപ്പറയാം എന്നും പറയും. മതി മതി മുത്തശ്ശീടെ മോളല്ലേ. മുത്തശ്ശീടൊപ്പം നടന്നാൽ മതി. പഠിക്കേണ്ട.''

''എന്റെ പൊന്നുമോള് പഠിക്കും. നീ അതിനെ കുറ്റപ്പെടുത്താതെ. മോള് പഠിക്കില്ലേ?''

''പഠിക്കും മുത്തശ്ശീ.'' കാവ്യ പറയും.

രാവിലെ മുത്തശ്ശീടൊപ്പം എണീറ്റ് കാച്ചിയ എണ്ണ തലയിൽതേച്ച് കുളത്തിൽ കുളിക്കാൻ പോകും. ഓരോ



**സൂര്യ എസ്, ക്ലാസ് 7 ബി, പി കെ എം എ യു പി സ്കൂൾ ചിറ്റലംഞ്ചേരി, പാലക്കാട്, പിൻ 678704**

ന്നുപറഞ്ഞ് കുളികഴിയുന്നതേ അറിയില്ല. പിന്നെ തുളസിത്തറയിൽ പോയി തുളസിക്ക് വെള്ളമൊഴിച്ചുകൊടുക്കും. ഉമ്മറത്തിരുന്നു സന്ധ്യാനാമം ചൊല്ലും. മുത്തശ്ശി ചൊല്ലുമ്പോൾ കാവ്യയും അടുത്തു പോയിരിക്കും. പിന്നെ പ്രഭാതത്തിൽ അമ്മയുണ്ടാക്കിയ ഇഡ്ഡലിയും ചമ്മന്തിയും കഴിച്ച് പാടത്തേക്കു പോകും. പാടത്ത് പണിക്കാരുണ്ടാകും. അച്ഛനും അവർക്കിടയിൽ ഉണ്ടാകും. പിന്നെ ഉച്ചയാകുമ്പോൾ മുത്തശ്ശി ഉണ്ടാക്കിയ പൊടിയരിക്കഞ്ഞിയും കണ്ണിമാങ്ങ അച്ചാറും കാച്ചിയ പപ്പടവും. ഹാ നാവിൽ കൊതിയൂറുന്നു. ഇതെല്ലാം കഴിച്ച് ഞാൻ തോട്ടിൻവക്കിൽപ്പോയി അവിടത്തെ പിള്ളേരോടൊപ്പം കളിക്കും. എന്നാൽ ഇന്ന് അച്ഛൻ പാടത്ത് പോയില്ല. ജോലിത്തിരക്കാണത്രെ. ഇഡ്ഡലിക്കും ചമ്മന്തിക്കും പകരം ഒരു കട്ടൻകാപ്പി. എന്നിട്ട് ബ്ലാക് ടീ യാ, ഞാൻ ഡൈറ്റിങ്ങിലാ എന്നു പറയും. പൊടിയരിക്കഞ്ഞിക്കു പകരം ബ്രെഡും ജാമുമാണ്. എല്ലാംമാറി. അച്ഛൻ പാടത്തുപോകാത്തതു കാരണം പാടമെല്ലാം നശിച്ചു ഒടുവിൽ അച്ഛനതു വിറ്റു. മുത്തശ്ശി ഒന്നും പറഞ്ഞില്ല. പിന്നെ ഞങ്ങൾ താമസിച്ച വീട് പഴയ വീടാണെന്ന് പറഞ്ഞ് അച്ഛൻ അതു വിറ്റ് പട്ടണത്തിൽ വലിയ വീടുവാങ്ങി. മുത്തശ്ശിക്ക് അങ്ങോട്ടുവരാൻ താത്പര്യമുണ്ടായിരുന്നില്ല. കാരണം പഴയ വീടുപോലെ അവിടെ പക്ഷികളൊന്നുമില്ല. പിന്നെ എന്നെ പഴയ സ്കൂളിൽ നിന്നുമാറ്റി എറണാകുളത്തെ ബോർഡിങ് സ്കൂളിൽ ചേർത്തു. എനിക്ക് അങ്ങോട്ടുപോകാൻ തീരെ താത്പര്യമുണ്ടായിരുന്നില്ല. പിന്നെ മുത്തശ്ശി പറഞ്ഞു! 'മോളേ നിന്റെ നല്ലതിനുവേണ്ടിയല്ലേ. എന്റെ പൊന്നുമോള് പൊയ്ക്കോ. പിന്നെ മോളെ, മോൾ എവിടെച്ചെന്നാലും മുടിവെട്ടരുത്.' ഇല്ല വെട്ടില്ല. മുത്തശ്ശീടെ ആഗ്രഹം പോലെ ഞാൻ മുടിവെട്ടില്ല എന്നുപറഞ്ഞ് അവൾ മനസ്സില്ലാമനസോടെ അച്ഛനോടൊത്ത് ഇറങ്ങി. അവൾ ഞെട്ടി ഉണർന്നു. ഓ പഴയ കഥകൾ ആലോചിച്ച് സ്റ്റേഷനെത്തിയതറിഞ്ഞില്ല. അതാ അച്ഛൻ. അവളങ്ങോട്ട് ചെന്നു. അച്ഛാ മുത്തശ്ശി എവിടെ? അച്ഛനൊന്നും മിണ്ടിയില്ല. വീട്ടിലെത്തി അമ്മയോടു ചോദിച്ചു. അമ്മേ മുത്തശ്ശി എവിടെ? അമ്മ പൊട്ടിക്കരഞ്ഞു. അവൾ ഉള്ളിലേക്കു ചെന്നു. മുത്തശ്ശീ മുത്തശ്ശീ എന്നുവിളിച്ചു. അപ്പോഴാണ് അവൾ കണ്ടത് ഭിത്തിയിൽ തൂക്കിയിട്ട മുത്തശ്ശീടെ വലിയ പടം. ''അമ്മേ എന്റെ മുത്തശ്ശി.''

''പോയി.... പോയി മോളേ നമ്മുടെ മുത്തശ്ശി.''

''ഇല്ല പോയിട്ടില്ല. എന്റെ പൊന്നുമുത്തശ്ശി എങ്ങും പോയിട്ടില്ല.'' ഇതു പറഞ്ഞവൾ പൊട്ടിക്കരഞ്ഞു. അതു നോക്കിനിൽക്കാനേ അവർക്കു കഴിഞ്ഞുള്ളൂ.



# മരങ്ങൾ

ഞാൻ മരത്തെ സ്നേഹിച്ചവൾ
മരത്തിൻ ഇലയെ സ്നേഹിച്ചവൾ
കിളികളെ സ്നേഹിച്ചവൾ
പക്ഷേ..
മരമെവിടെ...
മരവുമില്ല, ഇലയുമില്ല, കിളികളുമില്ല
പിന്നെ ഈ ഞാനുണ്ടോ?

**ശിവന്യ പി എസ്,**
**ക്ലാസ്സ് 5 എ, ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സൗത്ത് വാഴക്കുളം പി ഒ, ആലുവ- 5**



വര: ഗോപു പട്ടിത്തറ

# അക്ഷരനഗരിയിൽ അക്ഷരയാത്ര




അക്ഷരയാത്രയുടെ ഉദ്ഘാടനം പെരുമ്പടവം ശ്രീധരൻ നിർവഹിക്കുന്നു

മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി ലഭിച്ചതിന്റെയും ഭരണഭാഷ മാതൃഭാഷയാക്കിയതിന്റെയും ഭാഗമായി ഭാഷയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനും കുട്ടികളിൽ വായനാശീലം വളർത്തുന്നതിനുമായി കോട്ടയം ജില്ലയിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ അക്ഷരയാത്രനടത്തി. മലയാളഭാഷയ്ക്കു സംഭാവനകൾ നൽകിയ മുതിർന്ന അധ്യാപകരെയും പ്രമുഖ വ്യക്തികളെയും ആദരിക്കുന്ന ഗുരുപൂജ, കുട്ടികൾക്കുള്ള സാഹിത്യമത്സരങ്ങൾ, പുസ്തകപ്രദർശനം എന്നിവ അക്ഷരയാത്രയുടെ ഭാഗമായി ഉണ്ടായിരുന്നു.

മാർബസേലിയസ് പബ്ലിക് സ്കൂൾ, മരിയൻ സീനിയർ സെക്കൻഡറി സ്കൂൾ, ബേക്കർ മെമ്മോറിയൽ ഹൈസ്കൂൾ, ഗവ എച്ച് എസ് എസ് പനമറ്റം, ഗിരിദീപ് ബഥനിസ്കൂൾ, മാന്നാനം കെ ഇ സ്കൂൾ, ഗുഡ് ഷെപ്പേർഡ് സ്കൂൾ, മൗണ്ട് പബ്ലിക് സ്കൂൾ എന്നിവിടങ്ങളിലാണ് അക്ഷരയാത്ര നടന്നത്.

അക്ഷരയാത്രയുടെ ഉദ്ഘാടനം മാർബസേലിയസ് പബ്ലിക് സ്കൂളിൽ 2017 ഒക്ടോബർ 24 ന് മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ പെരുമ്പടവം ശ്രീധരൻ നിർവഹിച്ചു. നഴ്സറിമുതൽ ഹയർ സെക്കൻഡറി വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് അനുയോജ്യമായ മുന്നൂറിൽപ്പരം പുസ്തകങ്ങളാണ് അക്ഷരയാത്രയിൽ ഉണ്ടായിരുന്നത്.



# ഭരണഭാഷാ വാരാഘോഷം




ഭരണഭാഷാവാരാഘോഷത്തോടനുബന്ധിച്ച് പ്രൊഫ. വി എൻ മുരളി, ഡോ. എസ് ശ്രീദേവി എന്നിവർ സംസാരിക്കുന്നു.

ഇൻസ്റ്റിറ്റ്യൂട്ടിലെ ഭരണഭാഷാ വാരാഘോഷത്തിന്റെ ഉദ്ഘാടനം കേരള സാഹിത്യ അക്കാദമി നിർവാഹകസമിതിയംഗം പ്രൊഫ. വി എൻ മുരളി നിർവഹിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായ ചടങ്ങിൽ ഭരണസമിതിയംഗവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ ഡയറക്ടറുമായിരുന്ന

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

റൂബിൻ ഡിക്രൂസ്, മലയാളം മിഷൻ ഡയറക്ടർ സുജ സൂസൻ ജോർജ് എന്നിവർ സംസാരിച്ചു.

വാരാഘോഷപരിപാടികളുടെ ഭാഗമായി ബി എഡ് ട്രെയിനിങ് കോളജ് മുൻ പ്രിൻസിപ്പൽ ഡോ എസ് ശ്രീദേവി 'മലയാളഭാഷയും സാഹിത്യവും' എന്ന വിഷയത്തിൽ നവംബർ 4 ന് പ്രഭാഷണം നടത്തി.

# ശിശുദിനാഘോഷം

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ശിശുദിനാഘോഷം നടന്നു. തിരുവനന്തപുരം ഗവ. മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന പരിപാടിയുടെ ഉദ്ഘാടനം മുൻ ഡി ജി പി അലക്സാണ്ടർ ജേക്കബ് നിർവഹിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിച്ചു.

ശിശുദിനാഘോഷവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി സംഘടിപ്പിച്ച കഥ, കവിതാരചന, ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ അലക്സാണ്ടർ ജേക്കബ് വിതരണം ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം ജി രാധാകൃഷ്ണൻ, സ്കൂൾ പ്രിൻസിപ്പൽ ടി എസ് സലിം, പ്രഥമാധ്യാപകൻ സുരേഷ് ബാബു ആർ എസ് എന്നിവർ സംസാരിച്ചു.




ശിശുദിനാഘോഷം മുൻ ഡി ജി പി അലക്സാണ്ടർ ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു.



ശിശുദിനാഘോഷ മത്സരവിജയികൾ മുൻ ഡി ജി പി അലക്സാണ്ടർ ജേക്കബ്, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ എന്നിവർക്കൊപ്പം

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 December 2017
Regd KL/TV (N)/399/2015-2017 Published on 29-11-2017 Vol:23, Issue:12, ₹20




# തളിര് വായനാമത്സരം

## 2018 ഫെബ്രുവരിയിൽ

- ഓരോ സ്കൂളിലും പത്തു വരിക്കാരിൽ ഒരാൾക്കു വീതം സമ്മാനം.
- വിജയികൾക്ക് സർട്ടിഫിക്കറ്റിനു പുറമേ 300രൂപയുടെ പുസ്തക ക്കൂപ്പൺ.
- കേരളത്തിലെ പ്രമുഖപുസ്തകശാലകളിൽ നിന്നും ഈ കൂപ്പൺ ഉപയോഗിച്ച് 300രൂപയുടെ ഇഷ്ടപുസ്തകങ്ങൾ സ്വന്തമാക്കാം.
- 2017 ജനുവരി മുതൽ ഡിസംബർ വരെയുള്ള ലക്കങ്ങളെ ആസ്പദമാക്കിയായിരിക്കും ചോദ്യങ്ങൾ.
- 2017 ഡിസംബർ ലക്കം വരെ വരിക്കാരായവർക്ക് മത്സരത്തിൽ പങ്കെടുക്കാം.